# അഹ്മദിയ്യാ സന്ദേശം

ഹ: മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

(ഖലീഫത്തുൽ മസീഹ് II)

പരിഭാഷകന്മാർ:

മൗലാനാ അബ്ദുല്ലാഹ് സാഹിബ് H. A. (റഹ്)

(മർഹൂം) എച്ച്. ഹുസൈൻ സാഹിബ്


...കർ:

...സംസ്ഥാനസമിതി

...കോഴിക്കോട് - 1

പ്രസാ...

അഹ്മദിയ്യാ മുസ്ലി...

G. H. റോഡ്, ...

# AHMADIYYA SANDESHAM

**Author:**

**Hazrath Mirza Basheeruddeen Mahmood Ahmad**

**Translators:**

B. ABDULLAH, H. A.
H. HUSAIN.

**Published by:**

AHMADIYYA MUSLIM STATE COMMITTEE
G. H. ROAD, CALICUT-1

**1st Edition: 1949 - 2000**
**2nd Edition: 1966 - 1000**
**3rd Edition: 1987 - 2000**

**Price: Rs. 4 00**

**Printed at:**

**The Nusrath Printing Press, Cannanore 1.**

# പ്രസ്താവന

അഹ്മദിയ്യാ ജമാഅത്തിൻെറ രണ്ടാം ഖലീഫ ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) 1948 ഒക്ടോബർ 27 ന് ഉറുദുവിൽ എഴുതിയതും 31 ന് സിയാൽക്കോട്ട് സമ്മേളിച്ച അവിടത്തെ അഹ്മദിയ്യാ വാർഷിക സമ്മേളനത്തിൽ കേന്ദ്ര ജമാഅത്തിൻെറ പ്രമുഖ പ്രവത്തകരിൽ ഒരാളായിരുന്ന മർഹൂം സയ്യിദ് സൈനുൽ ആബിദീൻ വലിയുല്ലാഹ് ശാഹ് സാഹിബ് വായിച്ച കേൾപ്പിച്ചതുമായ ഒരു ഉപന്യാസത്തിൻെറ മലയാളവിവർത്തനമാണ് ഈ ചെറു പുസ്തകം.

മൗലാനാ ബി. അബ്ദുല്ലാഹ് സാഹിബ് H. A' (റഹ്) മർഹൂം എച്ച്. ഹുസൈൻ സാഹിബ് എന്നിവർ ചേർന്നുകൊണ്ടാണ് ഇത് പരിഭാഷപ്പെടുത്തിയിട്ടുള്ളത്. ഈ കൃതിയുടെ ഒന്നും രണ്ടും പതിപ്പുകൾ യഥാക്രമം 1949ലും 1966 ലുമാണ് പ്രസിദ്ധീകരിക്കപ്പെട്ടത്.

കേരള അഹ്മദികളുടെയും അനുഭാവികളുടെയും ആവശ്യം പരിഗണിച്ച് അഹ്മദിയ്യാ സംസ്ഥാനസമിതി ഇപ്പോഴം ഇതിൻെറ മൂന്നാം പതിപ്പ് പുറത്തിറക്കാൻ തീരുമാനിച്ചിരിക്കുന്നു നിഷ്പക്ഷ ചിന്തകന്മാർക്കും സത്യാന്വേഷികൾക്കും സത്യം ഗ്രഹിക്കുവാനും അഹ്മദിയ്യാജമാഅത്തിൽ ചേർന്ന് ഇസ്ലാമിന് സേവനം ചെയ്യുവാനും ഈ കൊച്ചു കൃതി സഹായകമായിത്തീരട്ടെ (ആമീൻ)എന്ന് പ്രാർത്ഥിക്കുന്നു.

കോഴിക്കോട്

—പ്രസാധകർ

15—5—1366
1987

بسم الله الرحمن الرحيم

نحمده ونصلي على رسوله الكريم وعلى عبده المسيح الموعود

# അഹ്മദിയ്യാ സന്ദേശം

അഹ്മദിയ്യത്ത് എന്താണ്, എന്താവശ്യാർത്ഥം നിലകൊള്ളുന്നു? അഭിജ്ഞരും അനഭിജ്ഞരുമായ വളരെ പേരുടെ ഹൃദയങ്ങളിൽ ഉളവാകുന്ന ഒരു പ്രശ്നമാണിതു്. അഭിജ്ഞരുടെ ചിന്ത ആഴത്തിൽ ചെല്ലും. അനഭിജ്ഞരുടെതാകട്ടെ, കേവലം ബാഹ്യസ്പർശിയത്രെ. അറിവിന്റെ അഭാവത്താൽ പല കാര്യങ്ങളും സങ്കൽപങ്ങളിന്മേലാണ് അവർ കെട്ടിപ്പൊന്തിക്കുക. കേട്ടുകേൾവികളെ ആസ്പദമാക്കിയും പലതും അവർ ധരിച്ചുവശായിട്ടുണ്ട്. അറിവിന്റെ അഭാവവും പരിചയക്കുറവും നിമിത്തം അഹ്മദിയ്യത്തിനെപറ്റി പല തെറ്റായ ധാരണകൾക്കും വിധേയരായി വർത്തിക്കുന്ന അക്കൂട്ടരുടെ അറിവിന്നായി ചില സംഗതികൾ ആദ്യമായി പറയുവാൻ ഞാനാഗ്രഹിക്കുന്നു.

## അഹ്മദിയ്യത്ത് ഒരു പുതിയ മതമല്ല

'ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹി'
لا اله الا الله محمد رسول الله എന്ന കലിമയെ അഹ്മദി

കരം ഏററുപറയുന്നില്ലെന്നും അഹ്മദിയ്യത്ത് ഒരു പുതിയ മതമാണെന്നുമാണ് പരിചയവിഹീനരായ ഇവരിൽ ചിലർ കരുതുന്നതു. മററുള്ളവരുടെ ദുർബോധനയ്ക്കു വശഗതരായിട്ടോ, അഹ്മദിയ്യത്ത് ഒരു പുതിയ മതമാണെന്നും ഓരോ മതത്തിന്നും ഒരു പ്രത്യേക കലിമ ആവശ്യമാണെന്നും സ്വന്തമായി മനസ്സിലാക്കിയതിന്റെ ഫലമായിട്ടോ, അഹ്മദികൾക്കു പുതിയൊരു കലിമയുണ്ടെന്നും ഇവർ ധരിച്ചിരിക്കുന്നു. എന്നാൽ വാസ്തവം എന്താണ്? അഹ്മദിയ്യത്ത് ഒരു പുതിയ മതമല്ല, ഓരോ മതത്തിന്നും ഒരു പ്രത്യേക കലിമ ആവശ്യമില്ല. എന്നല്ല, ഇസ്ലാമിലൊഴികെ ഒരു മതത്തിലും 'കലിമ' ഒരു മുദ്രാവചനം തന്നെയില്ലെന്നാണ് ഞാൻ പറയുക. മതഗ്രന്ഥത്തെ, മതസ്ഥാപകനെ, മതത്തിന്റെ സാൎവ്വജനീനതയെ മാനദണ്ഡമാക്കി നോക്കുമ്പോൾ ഇസ്ലാമിനു, ഇതരമതങ്ങൾക്കില്ലാത്ത, ഒരു പ്രത്യേകതയുള്ളതുപോലെതന്നെ കലിമയെ സംബന്ധിച്ചും അതിനു അന്യമതങ്ങൾക്കില്ലാത്ത ഒരു നൂതനത്വമാണുള്ളത്. ഇതര മതസ്ഥരുടെ കയ്യിലും 'കിതാബുകൾ' (ഗ്രന്ഥങ്ങൾ) ഉണ്ട്. എങ്കിലും, കേവലദൈവവചനം (കലാമുല്ലാഃ) മുസ്‌ലിംകൾക്കല്ലാതെ മററാൎക്കും ലഭിച്ചിട്ടില്ല. ലേഖനങ്ങൾ, കൎത്തവ്യങ്ങൾ, കൽപനകൾ ഇവകൾ മാത്രമാണ് 'കിത്താബി'ന്റെ വിവക്ഷകൾ. കിത്താബിനുള്ള ഈ വിവക്ഷകളിൽ അതുകളുടെ ഉള്ളടക്കത്തെ വിവരിക്കുന്ന ഓരോരു പദവും ദൈവത്തിന്റെതായിരിക്കണമെന്നില്ല. എന്നാൽ ഇസ്‌ലാമിന്റെ 'കിത്താബി'നു 'കലാമുല്ലാഃ' അഥവാ 'ദൈവവചനം' എന്നാണ് പേർ. ആ ഗ്രന്ഥത്തിന്റെ ഉള്ളടക്കം അപ്പടി എപ്രകാരം ദൈവത്തിന്റേതോ അപ്രകാരം അതിൽ പ്രയുക്തമായ ഓരോ പദവും ദൈവപ്രോക്തമാണെന്ന

ത്ഥം. അതിലെ ആശയം ദൈവപ്രഭാഷിതം ആയിരിക്കുന്നതുപോലെതന്നെ, ഹസ്രത്ത് മൂസാനബി (അ)യുടെ ഗ്രന്ഥത്തിലെ ആശയവും ദൈവം പ്രഭാഷിച്ചതു തന്നെയായിരുന്നു. ഹസ്രത്ത് ഈസാ (അ) ലോകത്തിന്റെ മുമ്പാകെ വെച്ച ആ അദ്ധ്യാപനവും അദ്ദേഹത്തിന്ന ദൈവം നൽകിയതുതന്നെയായിരുന്നു. എന്നാൽ അവർ പ്രബോധിച്ചതു ദൈവം അവരോട്ട പ്രഭാഷിച്ച അതേ പദങ്ങളിലായിരുന്നില്ല. തൌറാത്ത്, ഇഞ്ചീൽ, ഖുർആൻ ഈ മൂന്നും വായിക്കുന്ന ഒരാറം ഈ വിഷയത്തിൽ ചിന്ത പതിപ്പിക്കുന്ന പക്ഷം, പത്തു നിമിഷത്തെ പാരായണംകൊണ്ട, തൗറാത്തിലെയും ഇഞ്ചീലിലെയും ആശയങ്ങാം ദൈവികങ്ങളാണെങ്കിലും അവയിൽ പ്രയുക്തങ്ങളായുള്ളപദങ്ങാം ദൈവത്തിൻേറവയല്ലെന്നും വിശുദ്ധഖുർആനിലെ ആശയങ്ങാം ദൈവത്തിൻേറവ ആയപോലെതന്നെ അതിലെ പദങ്ങളും ദൈവത്തിൻേറവയാണെന്നുമുള്ള ഒരു തീരുമാനത്തിൽ അയാഠം എത്തിച്ചേരുന്നതാണ്. ഇനി വിശുദ്ധഖുർആൻ, തൌറാത്ത്. ഇഞ്ചീൽ ഇവയിൽ വിശ്വാസമില്ലാത്ത ഒരാറം ഈ മൂന്നു ഗ്രന്ഥങ്ങളേയും കുറഞ്ഞനേരം പാരായണം ചെയ്യുന്നപക്ഷം, അയാളും നിർബ്ബന്ധിതനാവും, തൌറാത്തിനേയും ഇഞ്ചീലിനേയും കൊണ്ടുവന്നവർ ആ ഗ്രന്ഥങ്ങാം ദൈവീകങ്ങളാണെന്നു വാദിച്ചിരുന്നുവെങ്കിലും അതുകളിലെ ഓരോ പദവും ദൈവത്തിൻേറതാണെന്ന വാദം അവക്കുണ്ടായിരുന്നില്ലെന്നും, വിശുദ്ധഖുർആനെ കൊണ്ടുവന്നആറം അതിലെ ആശയം അപ്പടി അല്ലാഹുവിൻേറതാണെന്നു വാദിച്ചതുപോലെതന്നെ അതിലെ ഒവ്വൊരു പദവും അല്ലാഹുവിനാൽ പ്രോക്തമായതാണെന്നു വാദിച്ചിരിക്കുന്നുവെന്നും സമ്മതിക്കുവാൻ. ഇക്കാരണത്താലാണ് വിശുദ്ധഖുർആൻ അതിന്നു 'കിത്താബുല്ലാഃ ദൈവഗ്രന്ഥം)

എന്നതിന്നുപുറമെ, 'കലാമുല്ലാഃ' (ദൈവവചനം) എന്നും പേർവെച്ചിരിക്കുന്നത്, എന്നാൽ തൌറാത്തോ ഇഞ്ചീലോ, അതുകാംക്ക കലാമുല്ലാഃ (ദൈവവചനം) എന്നു സ്വയം പേർ കൽപിക്കുകയോ, വിശുദ്ധഖുർആൻ അവ കലാമുല്ലാഃ ആണെന്നു പറയുകയോ ചെയ്തിട്ടില്ല. ചുരുക്കത്തിൽ, ഇതര മതസ്ഥരുടെ ഗ്രന്ഥങ്ങാം ദൈവഗ്രന്ഥങ്ങാം ആണെങ്കിലും അവ ദൈവവചനങ്ങാം അല്ലെന്നിരിക്കെ, മുസ്ലിംകളുടെ മതഗ്രന്ഥം ദൈവഗ്രന്ഥമായതിനോടുകൂടെ ദൈവവചനവും ആണെന്നുള്ളതു മുസ്ലിംകാംക്കുള്ള ഒരു പ്രത്യേകതയാണ്.

ഇപ്രകാരംതന്നെ, എല്ലാ മതങ്ങളുടെയും ആരംഭം പ്രവാചകന്മാരിൽനിന്നുതന്നെയാണ്. എങ്കിലും, മതപരമായ ഓരോ വിധിയുടെയും ആന്തരം വിവരിച്ചുതരികയും മനുഷ്യവംശത്തിന്നാകമാനം ഒരുത്തമ മാതൃകയായി നിലകൊള്ളുകയും ചെയ്യുന്ന ഒരു പ്രവാചകനെ ഇസ്ലാംമതമല്ലാതെ മറെറാരു മതവും കാണിച്ചുതരുന്നില്ല. ഇസ്ലാമിൻെറ ആവിർഭാവത്തിന്നുമുമ്പ്, ഇതര മതങ്ങളിൽവെച്ച് ഏററവും അടുത്തകാലത്തുണ്ടായ ക്രൈസ്തവതമാകട്ടെ മസീഹിനെ ദൈവപുത്രനാക്കുകമൂലം, മനുഷ്യനു മാതൃകയായിരിപ്പാൻ അദ്ദേഹത്തെ അതു വിട്ടന്നില്ല. എന്തെന്നാൽ, മനുഷ്യനു ദൈവം മാതൃകയാവുകയില്ലല്ലോ. ഹസ്രത്ത് മൂസാനബിയെ തൌറാത്തും ഒരുത്തമമാതൃകയായി എടുത്തുകാണിക്കുന്നില്ല. മതവിധികളുടെ അന്തരം വിവരിക്കുന്നവരാണ് ഹസ്രത്ത് മൂസായും ഹസ്രത്ത് ഈസായും എന്നു തൌറാത്തോ ഇഞ്ചീലോ വാദിക്കുന്നുമില്ല. വിശുദ്ധ ഖുർആനാകട്ടെ മുഹമ്മദ്റസൂലുല്ലാഹി (സ) തിരുമേനിയെക്കുറിച്ച

يعلمكم الكتاب والحكمة "അദ്ദേഹം നിങ്ങൾക്ക ദൈവീകൽപനകളെയും അതുകളുടെ ആന്തരത്തേയും പഠിപ്പിച്ചുതരുന്നു" എന്നാണ് പറയുന്നത് (2 : 151).

അങ്ങനെ ഇസ്‌ലാമിന്റെ പ്രവാചകൻ ലോകത്തിന്ന ഒരുത്തമമാതൃകയാണെന്നതും അതിന്നുള്ള ഒരു പ്രത്യേകതയാണ്. മതശാസനകളെ ബലം പ്രയോഗിച്ചല്ല അദ്ദേഹം സ്വീകരിപ്പിക്കുന്നതും, അദ്ദേഹം വല്ലതും കല്പിക്കുമ്പോൾ, തന്റെ അനുയായികളുടെ വിശ്വാസത്തെ ദൃഢമൂലമാക്കുന്നതിനും അവരുടെ ഉത്സാഹത്തെ വർദ്ധമാനമാക്കുന്നതിനും വേണ്ടി, ആ കൽപനയിൽ സമുദായത്തിനും വ്യക്തിക്കും മാനവലോകമാകമാനത്തിനും ഗുണകരമായി എന്തെല്ലാം സംഗതികൾ ഒളിഞ്ഞുകിടക്കുന്നുവോ അവയെ അദ്ദേഹം വിവരിച്ചുകൊടുക്കുകയും ചെയ്യുന്നു.

അതുപോലെതന്നെ, അദ്ധ്യാപനവിഷയത്തിലും ഇസ്ലാമിന്ന ഇതരമതങ്ങൾക്കില്ലാത്ത ഒരു പ്രത്യേകതയുണ്ട്. ചെറിയവൻ, വലിയവൻ; ദരിദ്രൻ, ധനവാൻ; സ്ത്രീ, പുരുഷൻ; പൌരസ്ത്യൻ, പാശ്ചാത്യൻ; ബലഹീനൻ, ബലവാൻ; ഭരണാധികാരി, ഭരണീയൻ; മുതലാളി, തൊഴിലാളി; ഭാര്യ, ഭർത്താവ്; മതാപിതാക്കൾ, മക്കൾ, വില്ക്കുന്നവൻ, വാങ്ങിക്കുന്നവൻ; അയൽവാസി, വഴിപോക്കൻ ഇവർക്കെല്ലാം സമാശ്വാസത്തിനും സംരക്ഷയ്ക്കും സംവൃദ്ധിക്കുമുള്ള സന്ദേശമാണ് ഇസ്ലാമിന്റെ അദ്ധ്യാപനം മനുഷ്യവംശത്തിൽ ഒരു വർഗ്ഗത്തെയും ഇസ്ലാം അതിന്റെ സംബോധനാശിസ്സിൽനിന്നു അകററി നിർത്തുന്നില്ല. മുമ്പും പിമ്പുമുള്ള എല്ലാ ജാതികൾക്കും വേണ്ടിയുള്ള ഒരു മാർഗ്ഗദർശനോപഹാരമാണത് നിശ്ച

ഢജ്ഞനായ ദൈവത്തിൻെറ ദയാദൃഷ്ടി പാറകളുടെ അടിയിൽ അടിഞ്ഞുകൂടികിടക്കുന്ന അണുക്കളിലും ആകാശവീഥികളിൽ തിളങ്ങുന്ന ഉഡുക്കളിലും എപ്രകാരം പതിക്കുന്നുവോ അപ്രകാരം, മുസ്ലിംകളുടെ മതാദ്ധ്യാപനങ്ങൾ ദരിദ്രരിൽ ദരിദ്രരും ബലഹീനരിൽ ബലഹീനരുമായവരുടെ ആവശ്യങ്ങൾക്കുതകുന്നതുപോലെതന്നെ, ധനികരിൽ ധനികരും ബലിഷ്ഠരിൽ ബലിഷ്ഠരും ആയവരുടെ ആവശ്യങ്ങൾക്കു പ്രയോജനപ്പെടുന്നു. ചുരുക്കിപ്പറയുകയാണെങ്കിൽ, ഇസ്ലാം പൂർവ്വമതങ്ങളുടെ ഒരു പകർപ്പു മാത്രമല്ല. മതശൃംഖലയുടെ ഒടുവിലത്തെ കണ്ണിയും ആത്മീയസൌരയൂഥത്തിലെ സൂര്യനുംകൂടി ആണ്. അതിൻെറ എന്തെങ്കിലുമൊരദ്ധ്യാപനത്തോട് ഇതരമതാദ്ധ്യാപനത്തെ സാദൃശ്യപ്പെടുത്തുന്നതു ശരിയല്ല. 'കാർബൺ' എന്ന അഭിധാനത്തിൽ കൽക്കരിയും വജ്രവും ഭാഗഭാക്കുകളാണെന്നപോലെ, മതം എന്ന പേരിൽ മതങ്ങളെല്ലാം പങ്കാളികളാണെങ്കിലും വജ്രം വജ്രംതന്നെ, കൽക്കരി കൽക്കരിയും. ചരലും മാർബിളും രണ്ടും കല്ലാണെന്നു പറയപ്പെടാമെങ്കിലും ചരൽ ചരലുതന്നെ; മാർബിൾ മാർബിളുംതന്നെ.

ഇസ്ലാമിൽ കലിമ ഉള്ളതുകൊണ്ടു ഇതരമതങ്ങളിലും അതുണ്ടെന്നു വിചാരിക്കുന്നതു പരിചയലോപംകൊണ്ടാണ്. വിശുദ്ധഖുർആനിൽ വിചിന്തനം ചെയ്യാത്തതിൻെറ ഫലവുമാണത്. ഇതിലും വലിയ അന്യായമാണ് ''ലാഇലാഹ ഇല്ലല്ലാഹു ഇബ്രാഹീമു ഖലീലുല്ലാഹി'' ''ലാഇലാഹ ഇല്ലല്ലാഹു മൂസാ കലീമുല്ലാഹി'' ''ലാഇലാഹ ഇല്ലല്ലാഹു ഈസാ റൂഹുല്ലാഹി'' എന്നീ വാക്യങ്ങൾ ഉച്ചരിച്ചിട്ട് അവ പൂർവ്വമതങ്ങളിലെ കലിമകൾ ആണെന്നു അവർ പറയുന്നത് വാസ്തവത്തിലോ,

തൌറാത്തിലും ഇഞ്ചീലിലും ക്രൈസ്തവകൃതികളിലും ഈ കലിമകളുടെ കണികപോലും കാൺമതല്ല. മുസ്ലിംകളിൽ ഇന്നു ആയിരക്കണക്കിൽ ദോഷങ്ങൾ കടന്നുകൂടിയിട്ടുണ്ട്. എങ്കിലും, അവർക്ക തങ്ങളുടെ കലിമ മറന്നുപോയോ? ഇല്ലെങ്കിൽപിന്നെ, യഹൂദികൾക്കും നസാറാക്കും തങ്ങളുടെ കലിമകൾ മറന്നുപോയെന്നു എങ്ങനെ പറയും? യഹൂദി നസാറാക്കൾ തങ്ങളുടെ കലിമകൾ മറന്നുകളകയും അവരുടെ ഗ്രന്ഥങ്ങളിൽ നിന്നു അവ കാണാതാവുകയും ചെയ്തുവെന്നാണെങ്കിൽ, അവരുടെ കലിമകൾ ഇതെല്ലാമായിരുന്നുവെന്നു മുസ്ലിംകൾക്ക ആരു പറഞ്ഞുകൊടുത്തു? യഥാൎത്ഥം പറയുകയാണെങ്കിൽ മുഹമ്മദ്മുസ്തഫാ (സ) തിരുമേനിക്കല്ലാതെ ഒരു നബിക്കും കലിമ ഉണ്ടായിട്ടില്ല. എല്ലാ നബിമാരിലുംവെച്ച മുഹമ്മദ്റസൂലുല്ലാഃ(സ) തിരുമേനിക്കേ കലിമ ലഭിച്ചിട്ടുള്ളുവെന്നത അദ്ദേഹത്തിന്നുള്ള പ്രത്യേകതകളിൽ ഒന്നാണ്. മറെറാരുനബിക്കും കലിമ ലഭിച്ചിട്ടില്ല. അതിന്നു കാരണം ഇതാണ്:—കലിമയിൽ അല്ലാഹുവിൻെറ ഏകത്വത്തെ (തൌഹീദിനെ) ഏററുപറയുന്നതോടൊപ്പം തിരുനബിയുടെ ദൂതത്വത്തെ (റസൂലിയ്യത്തിനെ) ഏററുപറയുവാനും നിൎദ്ദിഷ്ടമായിരിക്കുന്നു. ഏകത്വ പ്രഖ്യാപനം എന്നും നിലകൊള്ളേണ്ടുന്ന ഒന്നാണ്. അതു ഒരുകാലത്തും അഴിഞ്ഞുപോകുന്നതല്ല. പൂൎവ്വപ്രവാചകന്മാരുടെ പ്രവാചകത്വത്തിൻെറ പ്രവൎത്തനകാലം ഒരു കാലമല്ലെങ്കിൽ മറെറാരു കാലത്തു അവസാനിക്കേണ്ടതായിരുന്നതുകൊണ്ടു അവരിലൊരാളുടെ പേരും ദൈവം തൻെറ പേരിനോടു സംഘടിപ്പിച്ച് പറയുകയുണ്ടായില്ല. എന്നാൽ, മുഹമ്മദ്മുസ്തഫാ (സ)തിരുമേനിയുടെ പ്രവാചകത്വം അന്ത്യനാ

ളോളം പ്രവർത്തിച്ചുകൊണ്ടുപോകേണ്ടതും തിരുമേനിയുടെ കാലം അവസാനിക്കാത്തതുമാകയാൽ, അദ്ദേഹത്തിൻെറ പേരിനെയും ദൗത്യത്തെയും അല്ലാഹു തൻെറ 'വഹ്ദാനിയ്യ:'ത്തോടും ചേർത്തുപറയുകയുണ്ടായി, എന്തിനുവേണ്ടി? 'ലാഇലാഹ ഇല്ലല്ലാഹു' എന്നതു ഒരുകാലത്തും അഴിയാത്തപോലെ 'മുഹമ്മദുർറസൂലുല്ലാഹി' എന്നതും ഒരുകാലത്തും അഴിയുകയില്ലെന്നു ലോകം അറിയുവാൻ! എന്തൊരാശ്ചര്യമാണ്! മൂസാനബി(അ)ക്കു ഒരു കലിമ ഉണ്ടായിരുന്നുവെന്നു യഹൂദികൾ പറയുന്നില്ല. ഈസാനബി (അ)ക്ക് ഒരു കലിമ ഉണ്ടായിരുന്നെന്നു ക്രിസ്ത്യാനികളും പറയുന്നില്ല. ഇബ്റാഹീം നബി(അ)ക്കു ഒരു കലിമ ഉണ്ടായിരുന്നെന്നു സാബികളും പറയുന്നില്ല. എന്നാൽ ഏതൊരു കൂട്ടരുടെ നബിയ്ക്കാണോ കലിമ ഒരു പ്രത്യേകതയായി വിലസുന്നത്. ഏതൊരു കൂട്ടരെയാണോ ദൈവം ആ കലിമകൊണ്ടു പ്രത്യേകപ്പെടത്തിയത്, അക്കൂട്ടർ അഥവാ മുസ്ലിംകൾ വളരെ ഹൃദയവിശാലതയോടെ തങ്ങളുടെ ആ നബിയ്ക്കുള്ള ഈ മഹനീയതയെ ഈ നബിമാർക്കും വീതിച്ചുകൊടുക്കുന്നതിനു തയ്യാറാകുന്നു. ആ പ്രവാചകന്മാരുടെ അനുയായികളാകട്ടെ തങ്ങളുടെ പ്രവാചകന്മാർക്കു അങ്ങനെയൊരു കലിമ ഉള്ളതായി വാദിക്കുന്നില്ല എങ്കിലും, ഈ മുസ്ലിംകൾ തങ്ങളുടെ വകയായി കലിമകൾ നിർമ്മിച്ചു യഹൂദികളുടെ കലിമ ഇതായിരുന്നു, ഇബ്രാഹീമികളുടെ കലിമ ഇതായിരുന്നു, നസാറായുടെ കലിമ ഇതായിരുന്നു എന്നിങ്ങനെ പറഞ്ഞു നടക്കുന്നു!

ചുരുക്കിപ്പറയാം: ഓരോ മതത്തിനും ഒരു കലിമ ആവശ്യമല്ല. ആവശ്യമാണെന്നു വന്നാൽ തന്നെയും, അഹ്മദിയ്യത്തിനു ഒരു പ്രത്യേക കലിമ ഉണ്ടായിരി

ക്കാവതല്ല. കാരണം, അഹ്മദിയ്യത്ത് ഒരു നൂതനമല്ല. ഇസ്ലാമിന്റെ ഒരു പര്യായം മാത്രമാണത്. മുഹമ്മദുറസൂലുല്ലാഃ (സ) ലോകത്തിന്റെ മുമ്പാകെവച്ച 'ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹി' എന്ന അതേ കലിമയിൽ തന്നെയാണ് അഹ്മദികഠം വിശ്വാസമുറപ്പിച്ചിരിക്കുന്നത്, അഹ്മദികളുടെ പക്കൽ, ഈ ഭൌതികലോകത്തിന്റെ നിർമ്മാതാവായി ഒരു ദൈവം ഉണ്ട്. അവൻ ഏകനും സാമ്യമില്ലാത്തവനുമാണ്. അവന്റെ കഴിവിനു ഒരു സീമയില്ല. അവൻ റബ്ബും റഹ്മാനും, റഹീമും മാലികി യൌമിദ്ദീനും ആണ്. വിശുദ്ധഖുർആനിൽ വിവരിക്കപ്പെട്ട എല്ലാ ഗുണങ്ങളും അവനിൽ നിലകൊള്ളുന്നു. ഏതെല്ലാം സംഗതികളിൽ നിന്നു അവൻ പവിത്രനാണെന്നു ഖുർആൻ പറയുന്നുവോ അതുകളിൽ നിന്നെല്ലാം അവൻ പരിശുദ്ധൻആണ്. ഖുറൈശിയും മക്കിയുമായ മുഹമ്മദിബ്നു അബ്ദില്ലാഹിബ്നി അബ്ദിൽ മുത്തലിബ് അല്ലാഹുവിന്റെ തിരുദൂതനാണെന്നും അഹ്മദികഠം വിശ്വസിക്കുന്നു. എല്ലാററിലും അന്ത്യമായ ശരീഅത്ത് (ന്യായപ്രമാണം) അദ്ദേഹത്തിനാണിറങ്ങിയിട്ടുള്ളത്. അദ്ദേഹം അറബികഠക്കും അജമികഠക്കും (അറബിയല്ലാത്തവർ) കറുത്തവർക്കും, വെളുത്തവർക്കും, എല്ലാ ജാതികഠക്കും, എല്ലാ മനുഷ്യസന്തതികഠക്കുമായിട്ടു നിയുക്തനായി. അദ്ദേഹത്തിന്റെ പ്രവാചകത്വത്തിന്റെ പ്രവർത്തനകാലം അദ്ദേഹം നിയുക്തനായതു മുതൽക്കു ഈ ഭൂഗോളത്തിൽ ഒരൊററ മനുഷ്യനെങ്കിലും അവശേഷിക്കുന്ന കാലത്തോളം ആയിരിക്കും. അദ്ദേഹത്തിന്റെ ഉപദേശമനുസരിച്ചു ജീവിക്കുകയെന്നതു ഒരു മനുഷ്യനും ഒഴിച്ചുകൂടാത്തതാണ്. അദ്ദേഹത്തിന്റെ ഔന്നത്യത്തെക്കുറിച്ചു കേ

റംക്കാനം ചിന്തിക്കാനം അവസരം ലഭിച്ചിട്ടും അദ്ദേഹത്തിൽ വിശ്വസിക്കാത്തവർ ദൈവശിക്ഷയ്ക്കു പാത്രമാകാതിരിയ്ക്കയില്ല. ഏതൊരാറംക്ക് അദ്ദേഹത്തിൻെറ പേരു കേറംക്കാനിടയാവുകയും അദ്ദേഹത്തിൻെറ സത്യത്തിനുള്ള രേഖകറം വിവരിച്ചുകൊടുക്കപ്പെടുകയും ചെയ്യുവോ അയാറം അദ്ദേഹത്തിൽ വിശ്വസിക്കുവാൻ കടപ്പെട്ടിരിക്കുന്നു. അദ്ദേഹത്തെ സ്വീകരിക്കാതെകണ്ടു അയാറംക്ക് മോക്ഷത്തിനു വഴിയേ ഇല്ല. അദ്ദേഹത്തിൻെറ കാലടികറം പിൻതുടരുന്നതുകൊണ്ടേ യഥാൎത്ഥമായ പവിത്രത സംസിദ്ധമാവുകയുള്ളൂ.

## ഖാത്തമുന്നുബുവ്വത്തിനെ സംബന്ധിച്ചു അഹ്മദികളുടെ വിശ്വാസം

അഹ്മദികറം ഖത്തമുന്നുബുവ്വത്തിൽ വിശ്വാസമില്ലാത്തവരും ഹസ്രത്ത് റസൂൽകരീം (സ) തിരുമേനി 'ഖാത്തമുന്നബിയ്യീൻ ആണെന്നു വിശ്വസിക്കാത്തവരും ആണെന്നാണ് ചിലർ കരുന്നത്. ഇതും കേവലം തെററിദ്ധരിച്ചതിൻെറയും അറിവില്ലായ്മയുടെയും ഫലമാണ". അഹ്മദികറം തങ്ങറം മുസ്ലിംകളാണെന്നു വാദിക്കുകയും ശഹാദത്ത് കലിമയിൽ ദൃഢമായി വിശ്വസിക്കുകയും ചെയ്യവെ, അവർ ഖത്തമുന്നബുവ്വത്തിനെ നിഷേധിക്കുകയും ഹസ്രത്ത് നബികരീം (സ) തിരുമേനി ഖാത്തമുന്നബിയ്യീൻ ആണെന്നു വിശ്വസിക്കാതിരിക്കുകയും ചെയ്യുന്നതെങ്ങിനെ? വിശുദ്ധഖുർആനിൽ വ്യക്തമായി അല്ലാഹു പറയുന്നു:

ما كان محمد ابا احد من رجالكم ولكن رسول الله وخاتم النبيين

''മുഹമ്മദ് നിങ്ങളിലൊരു പുരുഷൻെറയും പിതാവല്ല, എങ്കിലും അദ്ദേഹം അല്ലാഹുവിൻെറ റസൂലും ഖാത്തമുന്നബിയ്യീനും ആണ്'' (33: 40) വിശുദ്ധഖുർആനിൽ വിശ്വസിക്കുന്നൊരാരാം ഈ ആയത്തിനെ എങ്ങനെ നിഷേധിക്കും? ആകയാൽ ഹസ്രത്ത് റസൂൽ കരീം (സ) 'നഊദുബില്ലാഃ' ഖാത്തമുന്നബിയ്യീൻ അല്ലെന്നു അഹ്മദികാംക്ക ഒരിക്കലും വിശ്വസിക്കാനവുകയില്ല. അഹ്മദികാം പറയുന്നതു, ഖാത്തമുന്നബിയ്യീൻ എന്നതിന്നു ഇന്നു പൊതുവെ മുസ്ലിംകാം എടുത്തിരിക്കുന്ന അർത്ഥം ഖുർആൻെറ ഈ വചനത്തിനു നിരക്കാത്തതും, തിരുനബിയുടെ ഏതൊരു സ്ഥാനമാഹാത്മ്യമാണോ ഈ ആയത്തിൽ സൂചിതമായിരിക്കുന്നതു, അതു വെളിവാകുന്നതിനു അപര്യാപ്തവും ആണെന്നു മാത്രമാണ്. അഹ്മദികാം അതിന്നുകൊടുക്കുന്ന അർത്ഥമാകട്ടെ, അറബിസാഹിത്യത്തിൽ സാധാരണ പ്രയുക്തമായിട്ടുള്ളതും ഹസ്രത്ത് ആയിഷാസിദ്ധീഖ (റ) യും ഹസ്രത്ത് അലി (റ)യും മററു ചില സഹാബികളും അതിനു നൽകിയിട്ടുള്ളതും ആണ്. ആ അർത്ഥംകൊണ്ടു ഹസ്രത്ത് റസൂൽകരീം (സ) തിരുമേനിയുടെ മഹൽസ്ഥാനം വളരെ ഉന്നതമായി കാണുന്നതും അദ്ദേഹം സകല മനുഷരിലും ശ്രേഷ്ഠനാണെന്നു തെളിയുന്നതുമാണ്. ആകയാൽ, അഹ്മദികാം ഖാത്തമുന്നുബുവ്വത്തിനെയല്ല, മുസ്ലിംകാം പൊതുവെ ഇന്നു തെററിദ്ധരിച്ചു സ്വീകരിച്ചിരിക്കുന്ന അതിൻെറ അർത്ഥത്തെയാണ് നിഷേധിക്കുന്നതു. ഖത്തമുന്നുബുവ്വത്തിനെ നിഷേധിക്കുന്നതു കുഫ്റാണ്. എന്നാൽ അഹ്മദികാം അല്ലാഹുവിൻെറ അനുഗ്രഹത്താൽ മുസ്ലിംകളും, ഇസ്ലാമിൽ ചരിക്കുന്നതു മൂലമേ മോക്ഷം ലഭിക്കയുള്ളുവെന്നു വിശ്വസിക്കുന്ന വരുമാണ്.

അഹ്മദികരം വിശുദ്ധഖുർആനിൽ പരിപൂർണ്ണമായി വിശ്വസിക്കുന്നില്ലെന്നും അതിൽ ചില ഭാഗങ്ങരംമാത്രമേ അവർ സ്വീകരിക്കുന്നുള്ളുവെന്നും അറിവില്ലാത്ത ഇവരിൽ ചിലർ വിചാരിക്കുന്നു. ഉദാഹരണമായി, ഇയ്യിടെ കപ്പറയിൽവെച്ച പലരും എന്നോട്ട് പറയുകയുണ്ടായി, അഹ്മദികരം ഖുർആൻ മുഴുവൻ സ്വീകരിക്കാത്തവരാണെന്നു തങ്ങളോട്ട ചില ആലിംകരം പറഞ്ഞുവെന്നു. ഇതും അഹ്മദികളുടെമേൽ അവരുടെ ശത്രുക്കരം ആരോപിക്കുന്ന ഒരു കുററമാണ്. ഖുർആൻ ഒരിക്കലും മാററം വരാത്തതും ദുർബ്ബലപ്പെടാത്തതുമായ ഒരു ഗ്രന്ഥമാണെന്നാണ് അഹ്മദികരം വിശ്വസിക്കുന്നതു 'ബിസ്മില്ലാഹി'യിലെ 'ബ' എന്നു അക്ഷരംതൊട്ടു 'വന്നാസി'യിലെ 'സീൻ' എന്ന അക്ഷരംവരെ ഖുർആനിലെ ഓരോ ലിപിയും ഓരോ പദവും അല്ലാഹുവിങ്കൽനിന്നു വന്നതാണെന്നും പ്രയോജനകരമാണെന്നും അഹ്മദികരം വിശ്വസിക്കുന്നു.

## മലക്കുകളെസംബന്ധിച്ചു അഹ്മദികളുടെ വിശ്വാസം

ഈ അനഭിജ്ഞന്മാരിൽ ചിലർ, അഹ്മദികരം മലക്കുകളുണ്ടെന്നോ ശൈത്താനുണ്ടെന്നോ സമ്മതിക്കാത്തവരാണെന്നും ആക്ഷേപിക്കാറുണ്ട്. ഇതും ഒരു ദുരാരോപണമാണ്, മലക്കുകളെക്കുറിച്ചും ഖുർആനിൽ പറയപ്പെട്ടിട്ടുണ്ട്, ശൈത്താനെസംബന്ധിച്ചും പറയപ്പെട്ടിട്ടുണ്ട്. വിശുദ്ധഖുർആനിൽ പരിപൂർണ്ണമായും വിശ്വസിക്കുന്നുവെന്നു വാദിക്കവെ വിശുദ്ധഖുർആൻ പറഞ്ഞ സംഗതികളെ നിഷേധിക്കുക അഹ്മദികരംക്ക് സാദ്ധ്യമാണോ? അല്ലാഹുവിന്റെ അനുഗ്രഹ

ത്താൽ ഞങ്ങൾ മലക്കുകളിൽ പരിപൂർണ വിശ്വാസം ഉള്ളവരാണ്. ഞങ്ങൾ മലക്കുകളിൽ വിശ്വാസമുള്ളവരാണെന്നു മാത്രമല്ല, അഹ്മദിയ്യത്ത് മുഖേന ഞങ്ങൾക്ക് സിദ്ധിച്ച അനുഗ്രഹങ്ങൾ കാരണമായി, ഖുർആന്റെ സഹായത്താൽ മലക്കുകളുമായി ബന്ധം സ്ഥാപിക്കാൻ സാധിക്കുമെന്നും അവരിൽനിന്നു ആത്മീയജ്ഞാനം സമ്പാദിക്കാമെന്നും ദൃഢവിശ്വാസമുള്ളവർ കൂടിയാണ്.

ഈ ലേഖകൻ തന്നെ പല ജ്ഞാനങ്ങളും മലക്കുകളിൽ നിന്നു പഠിച്ചവനാണ്. ഒരിക്കൽ (ദർശനത്തിൽ) എനിക്കു ഒരു മലക്ക് സൂറഃ ഫാത്തിഹായുടെ വ്യാഖ്യാനം പഠിപ്പിച്ചു തരികയുണ്ടായി. അന്നു തൊട്ടിന്നുവരെ സൂറഃഫാത്തിഹായുടെ താൽപര്യങ്ങൾ എനിക്കു വെളിപ്പെട്ടു കൊണ്ടിരുന്നതിന്നു ഒരതിരില്ല. എന്റെ ഒരു വാദമാണ്, വല്ലൊരാൾക്കും തന്റെ മതഗ്രന്ഥത്തിൽനിന്നു ജ്ഞാനപരമായി വല്ലൊരു വിഷയത്തെക്കുറിച്ചും എടുത്തു കാണിക്കാൻ സാധിക്കുന്നതിനേക്കാൾ കൂടുതലായി ആ വിഷയത്തെക്കുറിച്ചു സൂറഃ ഫാത്തിഹായിൽനിന്നു എടുത്തു കാണിക്കാൻ എനിക്കു സാധിക്കും എന്നതു. എത്രയോ കാലമായി ഞാൻ ഈ വാദം ലോകസമക്ഷം വെച്ചുപോരുന്നു. എങ്കിലും നാളിതുവരെ ആരുമതു കയ്യേററിട്ടില്ല. അല്ലാഹുവിന്റെ അസ്തിത്വം, അവന്റെ ഏകത്വം, രിസാലത്ത്, അതിന്റെ ആവശ്യകത, പരിപൂർണ്ണ ശരീഅത്തിന്റെ ലക്ഷണങ്ങൾ, മനുഷ്യവംശത്തിനു ആ ശരീഅത്തിന്റെ ആവശ്യം, പ്രാർത്ഥന, വിധി, പുനരുത്ഥാനം, സ്വർഗ്ഗനരകങ്ങൾ ആദിയായവയെസംബന്ധിച്ചു സൂറഃ ഫാത്തിഹായിൽനിന്നു വെളിവാകുന്നപോലെ മററു മതഗ്രന്ഥങ്ങ

ളിലെ ശാക്കന്മാരിലുള്ള പുരാണങ്ങളിൽനിന്നു വെളിവാകുന്നതല്ല. ആകയാൽ, മലക്കുകളെ അഹ്മദികൾ നിഷേധിക്കുന്നവരാണോ എന്ന ഒരു പ്രശ്നമേ ഉൽഭവിക്കാവതല്ല. അവരാണെങ്കിലോ മലക്കുകളെക്കൊണ്ടു ഫലമനുഭവിക്കുന്നതായി വാദിക്കുന്നവരാണ്.

ശൈത്താനെക്കുറിച്ചു പറയുകയാണെങ്കിൽ, അതോരശുദ്ധവസ്തുവാണ്. അതിൽ വിശ്വസിക്കുന്ന പ്രശ്നം തന്നെ ഉത്ഭവിക്കുന്നില്ല. അങ്ങനെയൊന്നുണ്ടെന്നു വിശുദ്ധഖുർആനിൽനിന്നു മനസ്സിലാകുന്നു. തന്മൂലം അതുണ്ടെന്നു ഞങ്ങൾ സമ്മതിക്കുന്നു. സമ്മതിക്കുക മാത്രമല്ല, ശൈത്താൻെറ ശക്തിയെ ക്ഷയിപ്പിക്കുകയും അതിൻെറ വാഴ്ചയെ അവസാനിപ്പിക്കുകയും ചെയ്വാനുള്ള ചുമതലയും അല്ലാഹു ഞങ്ങളെ ഏല്പിച്ചിരിക്കയാണെന്നു ഞങ്ങൾ ധരിക്കുകയും ചെയ്യുന്നു. ശൈത്താനെയും ഞാൻ സ്വപ്നത്തിൽ കാണുകയും, ഒരിക്കൽ അതും ഞാനുമായി ഒരു മല്പിടുത്തം നടക്കുകയുമുണ്ടായി. അല്ലാഹുവിൻെറ സഹായത്താൽ, 'കലിമത്തുത്തഅവ്വുദി'*ൻെറ ഫലംകൊണ്ടു ഞാനതിനെ തോൽപിച്ചു അല്ലാഹു ഒരിക്കൽ എന്നോടു പറയുകയുണ്ടായി: ഏതൊരു കാര്യത്തിനായി നീ നിയുക്തനാകുമോ അക്കാര്യത്തിൻെറ മാർഗ്ഗത്തിൽ ശൈത്താനും അവൻെറ സന്താനങ്ങളും പലവിധമായ തടസ്സങ്ങൾ ഉണ്ടാക്കും. അപ്പോൾ നീ അവൻെറ ആ തടസ്സങ്ങളെ ഗണ്യമാക്കാതെ

خدا کے فضل اور رحم کے ساتھ (അല്ലാഹുവിൻെറ അനുഗ്രഹത്തോടും കാരുണ്യത്തോടുംകൂടെ) എന്നുച്ചരിച്ചുകൊ

* 'അഊദു ബില്ലാഹി മിനശ്ശൈത്താനിർറജീം' എന്ന പ്രാർത്ഥന (പ്രസാധകർ)

ണ്ടു മുന്നോട്ടുതന്നെ പോകണം. അങ്ങനെ അല്ലാഹു എന്നോടു കൽപിച്ച ആ മാർഗ്ഗത്തിൽ ഞാൻ നടന്നപ്പോ ൾ ശൈത്താനും സന്താനങ്ങളും പല പ്രകാരത്തിലും എന്നെ ഭയപ്പെടുത്താൻ ശ്രമിക്കുന്നതായി ഞാൻ കണ്ടു. ചിലപ്പോൾ തലകൾ മാത്രം പുറത്തു കാണിച്ചും, ചിലപ്പോൾ ഉടലുകൾ മാത്രം കാട്ടിയും ഭയപ്പെടുത്തുവാൻ അവ ശ്രമിച്ചു. ചിലപ്പോൾ പുലിയായും ചിലപ്പോൾ ആനയായും രൂപം മാറിയും അവ പ്രത്യക്ഷപ്പെട്ടു. അപ്പോഴെല്ലാം ദൈവകല്പന പ്രമാണിച്ച അവയൊന്നിലും ശ്രദ്ധ ചെലുത്താതെ, ''ഖുദാകേ ഫസൽ ഔർ റഹ്ം കേ സാഥ്'' എന്നു വചിച്ചുകൊണ്ടു ഞാൻ മുന്നോട്ടു തന്നെ പോയി. ഞാനീവചനം ഉച്ചരിക്കുമ്പോഴെല്ലാം ശൈത്താനും സന്താനങ്ങളും ഓടി മറയുന്നതായും മാർഗ്ഗം സുഗമമാകുന്നതായും കണ്ടു, കുറച്ചു കഴിഞ്ഞപ്പോൾ, പുതിയൊരു രൂപത്തിൽ പിന്നെയതു പ്രത്യക്ഷമായി. അപ്പോഴും ഈ ആയുധംതന്നെ വിജയംതന്നു. അങ്ങനെ ഞാൻ ഉദ്ദിഷ്ടസ്ഥലത്തു ചെന്നെത്തുകയും ശൈത്താൻ പൂർണ്ണമായും പരാജയമടഞ്ഞു രണാങ്കണം വിട്ടു ഓടുകയും ചെയ്തു. ഈ ദർശനത്തെ അടിസ്ഥാനമാക്കിയാണ് ഞാനെൻെറ ലേഖനങ്ങളുടെ ആരംഭത്തിൽ എപ്പോഴും ''ഖുദാകേ ഫസൽ ഔർ റഹ്ം കേ സാഥ്'' എന്നെഴുതാറുള്ളതു, ചുരുക്കിപ്പറയാം. ഞങ്ങൾ മലക്കുകളിൽ വിശ്വസിക്കുന്നു. ശൈത്താൻ ഉണ്ടെന്നു സമ്മതിക്കുകയും ചെയ്യുന്നു.

അഹ്മദികൾ 'മുഅ്ജിസാ'ത്തിനെ നിഷേധിക്കുന്നവരാണെന്നും ചിലർ പറയാറുണ്ട്. ഇതും യാഥാർത്ഥ്യത്തിന്നെതിരാണ്. ഹസ്രത്ത് മുഹമ്മദു മുസ്തഫാ (സ) തിരുമേനിയുടെ മുഅ്ജിസാത്ത് ഇരിക്കട്ടെ. ആ

മഹാത്മാവിൻെറ യഥാൎത്ഥ അനുയായികൾക്കു കൂടി മു അ്ജിസാത്ത് ഉണ്ടെന്നാണ് ഞങ്ങൾ പറയുന്നതു. മുഹമ്മദ് റസൂലുല്ലാഹി (സ) തിരുമേനിയുടെ മുഅ്ജിസാത്തിനാൽ വിശുദ്ധഖുർആൻ നിറഞ്ഞിരിക്കുന്നു. ആദ്യന്തം അന്ധനായ ഒരുത്തനേ അതിനെ നിഷേധിക്കുകയുള്ളു

## നജാത്തിനെസ്സംബന്ധിച്ചു അഹ്മദികളുടെ വിശ്വാസം

'അഹ്മദികളല്ലാത്തവരെല്ലാം നരകാവകാശികളാണെന്നാണവരുടെ വിശ്വാസം' എന്നു അഹ്മദിയ്യത്തിനെക്കുറിച്ചുള്ള ഒരു തെററുധാരണയിൽ ചിലർ പെട്ടിരിക്കയാണ്. ഇതുംകേവലം പരിചയക്കുറവിൻെറയോ ശത്രുതയുടേയോ ഫലമാണ്. അഹ്മദികളല്ലാത്തവരെല്ലാം നരകാവകാശികളാണെന്നു ഞങ്ങൾ വിശ്വസിക്കുന്നേയില്ല. ഞങ്ങളുടെ പക്കൽ, അഹ്മദി ആയ ഒരാൾ നരകാവകാശി ആണെന്നു വരാം, അഹ്മദി അല്ലാത്ത ഒരാൾ സ്വൎഗ്ഗീയൻ ആയെന്നും വരാം. എന്തെന്നാൽ, സ്വൎഗ്ഗം വായ്കൊണ്ടു വല്ലതും പറയുന്നതിൻെറ ഫലമായി കിട്ടുന്ന ഒന്നല്ല. അനവധി ചുമതലകൾ നിർവ്വഹിക്കുന്നതിൻെറ ഫലമായി ലഭിക്കുന്ന ഒന്നാണത്. അപ്പോലെതന്നെ, വായ്കൊണ്ടുമാത്രം നിഷേധിക്കുന്നതിൻെറ ഫലമല്ല നരകം. നരകത്തിനു ഇരയാകുന്നതിനു പല കാരണങ്ങൾ വേണം. ഹുജ്ജത്ത് (ന്യായം) തന്നിൽ പൂർത്തിയാകാതെകണ്ടു ഒരാളും നരകത്തിൽ ചെല്ലുകയില്ല. അയാൾ എത്ര വലിയ സത്യത്തിൽ വിശ്വസിച്ചില്ലെന്നുവന്നാലും ശരി. തിരുനബി(സ) താൻ

തന്നെ തിരുവരുൾ ചെയ്തിരിക്കുന്നു: കുട്ടിപ്രായത്തിൽ മരിച്ചു പോകുന്നവർ, വന്മലകളുടെ മുകളിൽ പാർക്കുന്നവർ, വനാന്തരങ്ങളിൽ വസിക്കുന്നവർ, ബുദ്ധി മന്ദിച്ചുപോയ വൃദ്ധജനം, ബുദ്ധി നഷ്ടപ്പെട്ട ഭ്രാന്തജനം ഇവർ ശിക്ഷിക്കപ്പെടുകയില്ല. മറിച്ചു, പരലോകത്ത് അവർക്കായി അല്ലാഹ്ഹ ഒരു നബിയെ വീണ്ടും അയച്ചു സത്യവും അസത്യവും തിരിച്ചറിയുവാനുള്ള അവസരം അവർക്കു നൽകും. അങ്ങനെ ഹ്ജ്ജത്ത് പൂർത്തിയായവർ നരകത്തിലും ഹിദായത്ത് (നേർമാർഗ്ഗം) സ്വീകരിച്ചവർ സ്വർഗ്ഗത്തിലും പോകും. ചുരുക്കത്തിൽ, അഹ്മദിയ്യത്ത് സ്വീകരിക്കാത്തവരെല്ലാം നാരകിയരാണെന്നാണ് അഹ്മദികളുടെ പക്ഷം എന്നു അന്യർ പറയുന്നതു തികച്ചും തെററാണ്. മോക്ഷത്തെപ്പററി ഞങ്ങളുടെ വിശ്വാസം ഇതാണ്: സത്യത്തെ ഗ്രഹിക്കുന്നതിൽനിന്നു ഒഴിഞ്ഞുമാറുകയും സത്യം സ്വീകരിക്കേണ്ടിവരുമല്ലോ എന്നുകരുതി തൻെറ ചെകിട്ടിലതു പതിയാതിരിക്കാൻ ശ്രമിക്കുകയും ചെയ്യുകയോ, ഹ്ജ്ജത്ത് പൂർത്തിയായിട്ടും സത്യം സ്വീകരിക്കാതിരിക്കയോ ചെയ്യുന്ന ആരും അല്ലാഹ്ഹവിൻെറ പക്കൽ നരകശിക്ഷയ്ക്കു അർഹനാണ്. എങ്കിലും അത്തരക്കാരനുകൂടി അല്ലാഹ്ഹ ഇച്ഛിക്കുന്നപക്ഷം, മാപ്പു ലഭിക്കുന്നതാണ്. അവൻെറ കാരുണ്യത്തെ ഓഹരിചെയ്യുക ഞങ്ങളുടെ പ്രവൃത്തിയല്ല. ഒരു ദാസനു തൻെറ യജമാനൻെറ ഔദാര്യത്തെ തടയുക സാധ്യമല്ല. അല്ലാഹ്ഹ നമ്മുടെ യജമാനനാണ്. നമ്മുടെ രാജാവാണ് നമ്മുടെ സ്രഷ്ടാവാണ്, നമ്മുടെ ഉടമസ്ഥനുമാണ്. അവൻെറ അഗാധമായ ബുദ്ധിവൈഭവം അവൻെറ അപാരമായജ്ഞാനം. അവൻെറ അപരിമിതമായ കാ

രുണ്യം ഇവമൂലം മാപ്പിനു ഒരു പ്രകാരത്തിലും അർഹതയില്ലാത്തവനായി കാണപ്പെടുന്ന ഒരുവനുകൂടി—അവൻ മാപ്പു നൽകുന്നുവെങ്കിൽ അവൻെറ കൈകളെ തടസ്സപ്പെടുത്താൻ ഞങ്ങളാര് ? ദാനം ചെയ്യുന്നതിൽ നിന്നു അവനെ വിരോധിക്കാനും ഞങ്ങളാര് ?

നജാത്തിനെസ്സംബന്ധിച്ചിടത്തോളം അഹ്മദികളുടെ വിശ്വാസം വിശാലമാണ്. തന്നിമിത്തമായിത്തന്നെ ചില മൗലവിമാർ അവരുടെ നേരെ 'കുഫ്റ് ഫത്വ' പുറപ്പെടുവിച്ചിട്ടുണ്ട്. മുസ്ലിമിനുപോയിട്ട്, ഒരു കാഫിറിനു പോലും നരകശിക്ഷ നിത്യം അല്ലെന്നാണ് ഞങ്ങളുടെ വിശ്വാസം. رحمتي وسعت كل شيء 'എൻെറ കാരുണ്യം സകലററിനെയും ആവരണം ചെയ്തിട്ടുള്ളതാ'ണെന്നും (7. 156) فامه هاوية തള്ളയും പിള്ളയും തമ്മിലുള്ള ബന്ധമാണ് കാഫിറിനും നരകത്തിനും തമ്മിലുള്ളതെന്നും (101: 9) وما خلقت الجن والانس الا ليعبدون 'എല്ലാ ജിന്നിൻസുകളെയും എൻെറ ആരാധകർ ആകുവാനായിട്ടല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടി'ല്ലെന്നും (51; 56) അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു. ഇവയും ഇവപോലെ മററനവധി ആയത്തുകളും വിശുദ്ധ ഖുർആനിൽ ഉണ്ടായിരിക്കെ അല്ലാഹുവിൻെറ കാരുണ്യം നരകവാസികളെയും ഒടുവിൽ ആവരണം ചെയ്യുകയില്ലെന്നും, അവർ നരകത്തിൻെറ ഉദരത്തിൽ നിന്നു ഒരിക്കലും പുറത്തു വരികയില്ലെന്നും, തൻെറ ആരാധകർ ആയിത്തീരാനായി അല്ലാഹു സൃഷ്ടിച്ച മനുഷ്യർ എന്നെന്നും ശൈത്താൻെറ ആരാധകർ ആയിത്തീരുമെന്നും, അവരൊരിക്കലും അല്ലാഹുവിൻെറ ആ

രാധകർ ആവുകയില്ലെന്നും. فادخلي في عبادي وادخلي جنتي ''എന്റെ ദാസന്മാരിൽ ചേർന്നു എന്റെ സ്വർഗ്ഗത്തിൽ പ്രവേശിച്ചു കൊൾക'' (89:29, 30) എന്ന പ്രേമമസൃണമായ വചസ്സുകളിൽ അല്ലാഹു അവരെ അഭിസംബോധന ചെയ്യുകയില്ലെന്നും ഞങ്ങൾക്കെങ്ങനെ പറയാനാവും?

## ഹദീസിനെസ്സംബന്ധിച്ചു അഹ്മദികളുടെ വിശ്വാസം

അഹ്മദികൾ ഹദീസുകളെ സ്വീകരിക്കുന്നില്ലെന്നു ചിലർ ധരിച്ചുവശായിരിക്കുന്നു. അവർ ഫിഖ്ഹിന്റെ ഇമാമുകൾ പറയുന്നതിനെ എടുക്കുന്നില്ലെന്നു മററുചിലർ ആക്ഷേപിക്കുകയും ചെയ്യുന്നു. ഇവ രണ്ടും തെററാണ്. അഹ്മദികൾ തഖ്‌ലീദ്കാര്യത്തിൽ ഒരു മദ്ധ്യവഴിയേയാണ് സ്വീകരിക്കുന്നതു. അഹ്മദിയ്യത്ത് പഠിപ്പിക്കുന്നതു. ഒരു കാര്യം മുഹമ്മദുറസൂലുല്ലാഃ (സ) തിരുമേനി നിർദ്ദേശിച്ചതായി തെളിഞ്ഞുകഴിഞ്ഞാൽ അതിനെതിരിൽ മറെറാരാളുടെ ശബ്ദത്തിനു ചെവികൊടുക്കുന്നതു തിരുനബിയെ അപമാനിക്കുകയാണെന്നാണ്. യജമാനൻ പറഞ്ഞതിനെതിരായി ഒരു ദാസന്റെ ഭാഷണം ശ്രവിക്കാവതല്ല. ഗുരു പഠിപ്പിക്കുന്നതിനെതിരിൽ ഒരു ശിഷ്യന്റെ പാഠത്തിനു ചെവികൊടുക്കാവതുമല്ല. ഫിഖ്ഹിന്റെ ഇമാമുകൾ എത്ര വലിയവരായാലും അവർ മുഹമ്മദുറസൂലുല്ലാഃ (സ) തിരുമേനിയുടെ ശിഷ്യന്മാരും ദാസന്മാരുമേ ആകുന്നുള്ളു. അവരുടെ സ്ഥാനമെല്ലാം ഹസ്രത്ത് നബികരീമിനെ അനുസരിച്ചതിന്റെ ഫലമായുണ്ടായവയാണ്. അവരുടെ അന്തസ്സെല്ലാം ആ

പരിശുദ്ധാത്മാവിൻെറ ദാസ്യം വഹിക്കകൊണ്ട അവക്ക വിധിച്ചവയുമാണ്. ആകയാൽ, തിരുനബി(സ) അരുളിയതായി തെളിഞ്ഞ ഒരു കാര്യം—വിശുദ്ധ ഖുർആൻെറ അദ്ധ്യാപനത്തിനു അനുയോജ്യമായ ആ സംഗതി-അന്ത്യ തീരുമാനവും അഖണ്ഡ്യമായ ഒരുവിധിയുമാണ്. ആ വിധിയെ റദ്ദ്ചെയ്യുകയോ അതിന്നെതിരായി നാവനക്കുകയോ ചെയ്യുവാനുള്ള അഹ്ത ആക്കുമില്ല. ഹദീസിൻെറ നിവേദകന്മാർ മനുഷ്യരാണ്—അവരിൽ നല്ലവരുണ്ട്, ചീത്തആളുകളുമുണ്ട്. നല്ല ധാരണാശക്തി ഉള്ളവരുണ്ട്, ഇല്ലാത്തവരുമുണ്ട്. നല്ല ധീഷണാശക്തിയുള്ളവരുണ്ട്, അതില്ലാത്തവരുമുണ്ട്. ഇവരെല്ലാം നിവേദനം ചെയ്ത ഹദീസുകൾ എല്ലാം ഖണ്ഡിതമല്ലെന്നും, ചിലതു ഖണ്ഡിതവും ചിലതു മദ്ധ്യമവും ചിലതു സന്ദിഗ്ദ്ധവും ചിലതു നിർമ്മിതവും ആണെന്നും ഹദീസിൻെറ ഇമാമുകൾതന്നെ സമ്മതിക്കുന്നു. ആകയാൽ. വല്ലൊരു ഹദീസും അഖണ്ഡ്യമായ ഖുർആൻെറ ഖണ്ഡിതമായ പാഠത്തിനെതിരായി കാണപ്പെടുന്നെങ്കിൽ അതു സ്വീകരിക്കാവതല്ല. എന്നാൽ വല്ലൊരു വിഷയവും ഖുർആനിൽ നിന്നു വ്യക്തമാകാതെയോ വിശ്വാസയോഗ്യമായ ഹദീസിനാൽ തെളിയാതെയോ അഥവാ ആ വിഷയത്തെസ്സംബന്ധിച്ച ഹദീസ് വിവിധാർത്ഥങ്ങളുള്ള ഒന്നായി കാണപ്പെടുന്നതായോ വരുന്ന സന്ദർഭങ്ങളിൽ, തങ്ങളുടെ ജീവിതകാലമെല്ലാം ഖുർആൻെറയും ഹദീസുകളുടെയും അദ്ധ്യാപനങ്ങളെപററി വിചിന്തനം ചെയ്യുന്നതിൽ വിനിയോഗിച്ചിട്ടുള്ള ആ ഫിഖ്ഹിൻെറ ഇമാമുകൾ തദ്വിഷയകമായി ചിന്തിച്ചു ഒരു തീരുമാനത്തിലെത്താൻ അർഹതയുള്ളവരാണ്. ഖുർആനിലും ഹദീസിലും ചിന്തചെയ്തിട്ടില്ലാത്ത, ചിന്ത ചെയ്യുവാനുള്ള അറിവോ പ്രാപ്തിയോ ഇല്ലത്ത, സാധാ

രണക്കാരനായ ഒരുത്തൻ, താനും ഒരു മുസ്ലീമായിരിക്കെ ഇമാം അബൂഹനീഫയും ഇമാം അഹ്മദും ഇമാം ശാഫിയും ഇമാം മാലിക്കും മററു ഇമാമുകളും പറയുന്നതിനു താൻ പറയുന്നതിനേക്കാൾ വില കൽപിക്കുന്നതെന്തിനെന്നു പറയുവാൻ അർഹതയില്ല. ഒരു സാമാന്യനും ഒരു ഡാക്ടറും ഒരു രോഗത്തെസ്സംബന്ധിച്ച ഭിന്നാഭിപ്രായം പുറപ്പെടുവിച്ചാൽ ഡാക്ടരുടെ അഭിപ്രായത്തിനാണ് സാമാന്യൻേറതിനെക്കാൾ പ്രാമാണ്യം കൽപിക്കുക. നിയമപരമായുള്ള ഭിന്നാഭിപ്രായമാണെങ്കിൽ ഒരു വക്കീലിൻെറ അഭിപ്രായത്തിനു വക്കീലല്ലാത്ത ഒരാളുടേതിനേക്കാൾ മതിപ്പു നൽകുന്നതുമാണ്. എന്നിരിക്കെ, മതപരമായ കാര്യങ്ങളിൽ ആ ഇമാമുകളുടെ അഭിപ്രായങ്ങൾക്ക് എന്തുകൊണ്ടു മുൻഗണന കൊടുത്തുകൂടാ? അവർ തങ്ങളുടെ ആയുഷ്കാലം മുഴവൻ ഖുർആൻെറയും ഹദീസുകളുടെയും പാഠങ്ങളെ പററി പഠിക്കുന്നതിൽ വിനിയോഗിച്ചു അവരുടെ ധീഷണാശക്തി ലക്ഷക്കണക്കിലുള്ള ഇതരന്മാരുടേതിനേക്കാൾ കൂർമ്മമായതാണ്. അവരുടെ ഭക്തിയേയും പവിത്രതയേയും അല്ലാഹ തൻെറ പ്രവൃത്തികൊണ്ടു സാക്ഷീകരിക്കയും ചെയ്തിരിക്കുന്നു ചുരുക്കത്തിൽ, അഹ്മദികൾ അഹ്ല ഹദീസ കക്ഷിയുടെ അഭിപ്രായങ്ങളെയും പൂർണ്ണമായി പിന്താങ്ങുന്നില്ല. അഹ്ലുൽ മദാഹിബിൻെറ അഭിപ്രായങ്ങളേയും പൂർണ്ണമായും പിന്താങ്ങുന്നില്ല ഈ വിഷയത്തിൽ അഹ്മദികളുടെ നേർക്കുനേരെയുള്ള വിശ്വാസം ഹ: ഇമാം അബൂഹനീഫയുടേതുപോലെയാണ്. അതായതു: പ്രഥമ ഗണന ഖുർആനു രണ്ടാം ഗണന സഹീഹായ ഹദീസുകൾക്ക് ഒട്ടു വിലായിട്ടു എതിരഭിഷയകമായി വൈരുദ്ധ്യം സിദ്ധി

ച്ചവരുടെ അഭിപ്രായങ്ങൾക്കും അനുമാനങ്ങൾക്കും. ഈ അഭിപ്രായൈക്യം ഹേതുവായാണ് അഹ്മദികൾ ചില പ്പോൾ തങ്ങളെപ്പററി തങ്ങൾ ഹനഫികളാണെന്നു പറ യാറുള്ളതു. ഇമാം അബൂഹനീഫ (റ) മഗ്ഗാധാരങ്ങളായി സ്വീകരിക്കേണ്ടതിനു നിർദ്ദേശിച്ച ഈ സിദ്ധാന്തത്തോ ടു ഞങ്ങൾ തികച്ചും യോജിക്കുന്നു. ചില അവസര ങ്ങളിൽ തങ്ങൾ അഹ്ലുഹദീസാണെന്നും അഹ്മദികൾ പറയും. കാരണം, ഹസ്രത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനി അരുളിയതായി തെളിഞ്ഞ ഒരു വചനത്തി ന്റെ മനുഷ്യകുലമാകമാനം ഏകോപിച്ചു പറഞ്ഞ ഒരു വചനത്തിനേക്കാൾ, സകല ഇമാമുകളും ഏകകണ്ഠമാ യി പറഞ്ഞ ഒരഭിപ്രായത്തേക്കാൾ അഹ്മദികൾ സ്ഥാ നം കൽപിക്കുന്നു.

## വിധിയെസംബന്ധിച്ചു
## അഹ്മദികളുടെ വിശ്വാസം

വിധിയെ അഹ്മദികൾ നിഷേധിക്കുന്നുവെന്നാ ണ് ചിലർ തെററിദ്ധരിച്ചിരിക്കുന്നതു. അഹ്മദികൾ വിധിയെ ഒരിക്കലും നിഷേധിക്കുന്നവരല്ല. അല്ലാഹു വിന്റെ വിധി ഈ ലോകത്തു പ്രവർത്തിച്ചുകൊണ്ടിരി ക്കുന്നുവെന്നും അവസാനം വരെ പ്രവർത്തിച്ചുകൊണ്ടി രിക്കുമെന്നും അവന്റെ വിധിയെ മാററുക ആർക്കും സാ ദ്ധ്യമല്ലെന്നുമാണ് ഞങ്ങളുടെ വിശ്വാസം. കള്ളൻ ക ക്കുന്നതും, നമസ്കരിക്കാത്തവൻ നമസ്കരിക്കാത്തതും, കള്ളം പറയുന്നവൻ കള്ളം പറയുന്നതും, ചതിയൻ ച തിക്കുന്നതും, കൊലപാതകി കൊല ചെയ്യുന്നതും, വ്യ ഭിചാരി വ്യഭിചരിക്കുന്നതും എല്ലാം ദൈവവിധിയാ ണെന്നു പറയുകയും തന്റെ മുഖത്തെ കരിയെ അല്ലാഹു

വിന്റെ തിരുമുഖത്തു തേടുവാൻ ശ്രമിക്കുകയും ചെയ്യുന്നതിനാണ് ഞങ്ങളെതിര്. ഞങ്ങളുടെ പക്കൽ, അല്ലാഹു ഈ ലോകത്ത് തക്ദീർ (വിധി) എന്നും തദ്ബീർ (യത്നം) എന്നും രണ്ടു സരിത്തുകളെ ഒരേ സമയത്തുതന്നെ പ്രവഹിപ്പിച്ചിരിക്കുന്നു. بينهما برزخ لا يبغيان ''ഒന്നു മറെറാന്നിനെ അതിക്രമിക്കാതിരിപ്പാൻ അവ രണ്ടിനും മദ്ധ്യത്തിൽ ഒരണക്കെട്ടുണ്ട്'' (55:20). എന്ന തിരുവചനപ്രകാരം, രണ്ടിന്റെയുമിടയിൽ ഒരു വരമ്പു ഉള്ളതുകൊണ്ടു അന്യോന്യം അവ കൂട്ടിമുട്ടുന്നില്ല. യത്നത്തിന്റെ അങ്കണം വേറെയാണ്, വിധിയുടെതു വേറെയാണ്. ഏതെല്ലാം കാര്യങ്ങളിൽ അല്ലാഹു തന്റെ വിധിയുടെ പ്രവർത്തനം ആവശ്യമാക്കിയോ അക്കാര്യങ്ങളിൽ യത്നം ഫലിക്കയില്ല ഏതെല്ലാം കാര്യങ്ങളിൽ അവൻ യത്നത്തിനു വഴി തുറന്നിട്ടുവോ അതുകളിൽ വിധിയിന്മേൽ ആശയർപ്പിച്ചു വെറുതെ ഇരിക്കുന്നവൻ തന്റെ ഭാവിയെ താൻതന്നെ കഴിച്ചുമൂടുകയായിരിക്കും. അങ്ങനെ മനുഷ്യൻ തന്റെ ദുഷ്കർമ്മങ്ങളെ വിധിയുടെ മറവിൽ ഒളിപ്പിച്ചുവെക്കാൻ ശ്രമിക്കുകയും, തന്റെ അലസതയേയും അശ്രദ്ധയേയും ന്യായീകരിക്കാൻ വിധിയെന്ന വാക്കിനെ ദുരുപയോഗപ്പെടുത്തുകയും, യത്നിക്കാൻ അല്ലാഹു കൽപിച്ചെടത്തു വിധിയെ, ആശ്രയിക്കുകയും ചെയ്യുന്നതിനെയാണ് ഞങ്ങളെതിർക്കുന്നതു. കാരണം, ഈ പ്രവൃത്തിയുടെ ഫലം എല്ലായ്പോഴും ആപൽക്കരമാണ്. ദൈവീകമായ വിധിയും നോക്കിക്കൊണ്ടു മുസൽമാൻമാർ നാശം കഴിച്ചു. സമുദായത്തിന്റെ ഉൽക്കർഷത്തിനു ആവശ്യമായ പരിശ്രമങ്ങൾ അവർ ഉപേക്ഷിച്ചു. തൽഫലമായി അവർക്കു ദീനും ദുനിയാവും നഷ്ടമായി.

ഏതെല്ലാം കാര്യങ്ങളിൽ യത്നത്തിൻെറ വാതിലുകഠം അല്ലാഹു തുറന്നുവെച്ചുവോ അക്കാര്യങ്ങളിൽ വിധി നോക്കിപ്പാത്തതിനു പകരം എപ്പോഴും യത്നത്തെ ആലംബിക്കേണ്ടതാണെന്നതിനെ മുൻനിറുത്തി പ്രവത്തിച്ചിരുന്നെങ്കിൽ, ഇത്ര അധപതിച്ച നിലയിൽ അവരെത്തുകയോ ഇന്നത്തെ ഈ ശോച്യാവസ്ഥ വന്നുചേരുകയോ ചെയ്യുമായിരുന്നില്ല.

## ജിഹാദിനെസ്സംബന്ധിച്ചു അഹ്മദികളുടെ വിശ്വാസം

അഹ്മദികളെപ്പററിയുള്ള തെററിദ്ധാരണകളിലൊന്നു അവർ ജിഹാദിനെ നിഷേധിക്കുന്നവരാണെന്നതുമാണ്. ഈ ധാരണയും ശരിയല്ല. അഹ്മദികഠം ജിഹാദിനെ നിഷേധിക്കുന്നില്ല. 'ജിഹാദ് യുദ്ധം' എന്നും സാധാരണയുദ്ധം എന്നും യുദ്ധം രണ്ടുവിധമുണ്ടെന്നാണ് അഹ്മദികഠം വിശ്വസിക്കുന്നതു. വാഠംബലംകൊണ്ടു മതത്തെ നശിപ്പിക്കാനും കഠാരിയുടെ മുനകാട്ടി വിശ്വാസത്തെ മാററുവാനും പരിശ്രമിക്കുന്ന ശത്രുക്കളോടു മാത്രം, മതത്തെ സംരക്ഷിക്കുവാനായി, ചെയ്യപ്പെടുന്ന പ്രതിരോധ യുദ്ധമാണ് ജിഹാദ് യുദ്ധം. അത്തരം സന്ദർഭങ്ങഠം അഭിമുഖീകരിക്കുമ്പോഠം മുസ്ലിംകഠംക്ക് ജിഹാദ് യുദ്ധം നിർബന്ധമാണ്. എന്നാൽ ആ യുദ്ധങ്ങഠംക്കു ഒരു നിബന്ധനയുണ്ട്. യുദ്ധപ്രഖ്യാപനം ഇമാമ് ചെയ്യണമെന്നതാണതു. എന്നാലേ, ആരെല്ലാമാണ് യുദ്ധത്തിൽ പങ്കെടുക്കേണ്ടതെന്നും, ആരെല്ലാമാണ് തങ്ങളുടെ മുറ വരുന്നതുവരെ കാത്തിരിക്കേണ്ടതെന്നും മുസ്ലിംകഠംക്ക് അറിയുവാനാവുകയുള്ളു. അങ്ങനെയല്ലാത്തപക്ഷം·

ജിഹാദിനുള്ള അവസരം വരുമ്പോഴം അതിൽ പങ്കെടുക്കാത്ത മുസ്ലികളെല്ലാം കുററവാളികളായിത്തീരും. ഇമാമ് ഉണ്ടെങ്കിലോ, അദ്ദേഹത്തിൻെറ ക്ഷണം ഉണ്ടായിട്ടും ജിഹാദിൽ പങ്കെടുക്കാത്ത മുസ്ലിം മാത്രമെ അപരാധി ആവുകയുള്ളു. ബ്രിട്ടീഷുകാരോടു ജിഹാദ് (മതയുദ്ധം) പാടില്ലെന്നു അഹ്മദികൾ പറഞ്ഞിട്ടുള്ളതു ബ്രിട്ടീഷുകാർ ഖഡ്ഗബലം പ്രയോഗിച്ചു മുസ്ലിംകളെ മതപരിവർത്തനം ചെയ്യിക്കാൻ ശ്രമിക്കാഞ്ഞതുകൊണ്ടാണ്. ബ്രിട്ടീഷുകാർ അങ്ങനെ മതപരിവർത്തനം ചെയ്യിക്കാറുണ്ടായിരുന്നെങ്കിൽ തീർച്ചയായും അവരോടു ജിഹാദ് ചെയ്യേണ്ടതു അവശ്യം ആവശ്യമായിരുന്നു. എന്നാൽ അഹ്മദികളുടെ ഈ ധാരണ തെററാണെന്നും, ബ്രിട്ടീഷുകാരോടു ജിഹാദ് ആവശ്യമാണെന്നും ആയിരുന്നു മുസ്ലിംകളുടെ വിശ്വാസമെങ്കിൽ, അവരിൽ ഓരോരുത്തനും ബ്രിട്ടീഷുകാർക്കെതിരിൽ വാളെടുക്കേണ്ടതായിരുന്നില്ലേ? എന്നിട്ടും മുസ്ലിംകൾ എന്തുകൊണ്ട് അതു ചെയ്തില്ല. ഞങ്ങളതു ചെയ്തില്ലെങ്കിൽ, അതിന്നു സന്ദർഭം വന്നില്ലെന്നു തെററിദ്ധരിച്ചുപോയതുകൊണ്ടാണെന്നു ഞങ്ങൾക്കു അല്ലാഹുവിനോട് സമാധാനം ബോധിപ്പിക്കാൻ വഴിയുണ്ട്. എന്നാൽ അഹ്മദികൾ ജിഹാദിനെ നിഷേധിക്കുന്നവരാണെന്നു പറഞ്ഞു ഞങ്ങളെ ആക്ഷേപിക്കുന്നവർക്കു എന്തു ഒഴികഴിവാണ് പറയുവാനുള്ളത്? ''ദൈവമേ, ജിഹാദിനുള്ള സന്ദർഭം വന്നു. ജിഹാദ് ഞങ്ങൾക്കു നിർബ്ബന്ധവുമായി, എന്നിട്ടും ഞങ്ങളുടെ ഹൃദയം ഭയചകിതമായതുകൊണ്ടു ഞങ്ങൾ ജിഹാദിനൊരുങ്ങിയില്ല, നിർഭയരെ ഞങ്ങളതിന്നയച്ചതുമില്ല. കാരണം, ഞങ്ങളങ്ങനെ ചെയ്താലും ബ്രിട്ടീഷുകാർ ഞങ്ങളെ വിടുകയില്ലെന്നു ഞങ്ങൾ കരുതി'' എന്നിങ്ങനെയോ അല്ലാ

ഹുവിന്റെ മുമ്പിൽ ഇവർ സമാധാനം ബോധിപ്പിക്കുക? അഹ്മദികളുടെയും ഇവരുടെയും ഈ രണ്ടു സമാധാനങ്ങളിൽ ഏതാണ് അല്ലാഹുവിന്റെ പക്കൽ സ്വീകാര്യമാകാൻ അർഹമായതെന്നു തീർച്ചപ്പെടുത്തുന്ന കാര്യം നീതിമാന്മാർക്കായിട്ട് ഞാൻ വിട്ടുകൊടുക്കുന്നു.

ഇതുവരെ ഞാൻ പറഞ്ഞതെല്ലാം അഹ്മദിയ്യത്തിനെപ്പററി യാതൊരു വിവരവുമില്ലാതെ, അതിന്റെ എതിരാളികൾ ആക്ഷേപിച്ചു പറയുന്നതിനെ ആസ്പദിച്ചു സ്വന്തമായി എന്തൊക്കെയോ ഊഹിച്ചും അഹ്മദിയ്യത്തിനെക്കുറിച്ചു തെററിദ്ധരിച്ചിരിക്കുന്നവരുടെ ആധാരണകളെ ദൂരികരിക്കുവാൻവേണ്ടി മാത്രമാണ്. ഇനി ഞാൻ സംബോധന ചെയ്‌വാനുദ്ദേശിക്കുന്നതു അഹ്മദിയ്യത്തിനെ സംബന്ധിച്ചു കുറെയൊക്കെ മനസ്സിലാക്കിയിട്ടുള്ളവരെയാണ്. അഹ്മദികൾ തൗഹീദിലും മുഹമ്മദ്റസൂലുല്ലാ: (സ) തിരുമേനിയുടെ രിസാലത്തിലും ഖുർആനിലും ഹദീസിലും പുനരുത്ഥാനത്തിലും രക്ഷാശിക്ഷകളിലും വിശ്വസിക്കുന്നവരും നമസ്ക്കാരം, വ്രതം, ഹജ്ജ്, സക്കാത്ത് ആദിയായവ അനുഷ്ഠിക്കുന്നവരും ആണെന്നു ഇവർക്കറിയാം. എങ്കിലും, അഹ്മദികൾ മററു മുസ്‌ലിംകളെപ്പോലെ മുസ്‌ലിംകളായിരിക്കെ അവരൊരു പുതിയ കക്ഷിയായി പിരിയേണ്ടുന്ന ആവശ്യമെന്തന്നതാണ് ഇവർക്കത്ഭുതം. ഇവരുടെ പക്കൽ അഹ്മദികളുടെ വിശ്വാസങ്ങളും കർമ്മങ്ങളും ഒന്നും ആക്ഷേപാർഹമല്ല. ഒരു പുതിയ സംഘമായി വേർപെട്ടതാണ് ആക്ഷേപകരം. വ്യത്യാസമില്ലാതിരിക്കെ വ്യത്യസ്തമായതെന്തിനെന്നും, ഒന്നായിരിക്കെ രണ്ടായി പിരിഞ്ഞതെന്തിനെന്നും ആണിവർ ചോദിക്കുന്നത്.

## പുതിയ ജമാഅത്തായിപിരിയാൻ കാരണം

ഇതിന്നു രണ്ടു പ്രകാരത്തിൽ സമാധാനം പറയാം—യുക്തിഗതമായും ആദ്ധ്യാത്മികമായും. യുക്തിഗതമായി ഇതിന്നു പറയുവാനുള്ള മറുപടി ഇതാണ്. ജമാഅത്ത് എന്നതു സംഖ്യാപെരുപ്പത്തിന്നുള്ള പേരല്ല. ആയിരമോ ലക്ഷമോ കോടിയോ വ്യക്തികളടങ്ങിയ ഒരു സമൂഹം ജമാഅത്തല്ല. ഏകോപിച്ച ഒരു സംയുക്ത കാര്യപരിപാടി അനുസരിച്ചു ഒരു ഇമാമിന്റെ കീഴിൽ പ്രവർത്തിക്കാനുറച്ച കുറേ വ്യക്തികളുടെ സമുച്ചയമാണ് ജമാഅത്ത്, അങ്ങനെയുള്ള ഒരു സംഘടിത ജമാഅത്ത് ആറോ ഏഴോ വ്യക്തികൾ ഉള്ളതായാലും ജമാഅത്ത്തന്നെ. ഈ വ്യവസ്ഥിതനില ഇല്ലെങ്കിൽ, കോടിക്കണക്കിൽ വ്യക്തികൾ ഉൾക്കൊള്ളുന്ന ഒരു ജനസഞ്ചയവും ജമാഅത്തല്ല, നബികരീം (സ) നബിത്വം വാദിച്ച കാലത്ത് ഒന്നാമത്തെ ദിവസം നാലു പേർമാത്രം അദ്ദേഹത്തെ സ്വീകരിച്ചു, അഞ്ചാമൻ അദ്ദേഹവും എങ്കിലും ആ അഞ്ചുപേർ അന്നൊരു ജമാഅത്തായിരുന്നു. എന്നാൽ അന്നു മക്കാനഗരത്തിലെ എട്ടോ പത്തോ ആയിരം വരുന്ന ജനസമൂഹം ഒരു ജമാഅത്ത് ആയിരുന്നില്ല. അറേബിയയിലെ ജനം ആകമാനവും ഒരു ജമാഅത്ത് അല്ലായിരുന്നു. ഏകോപിച്ചൊരുകാര്യം ചെയ്തുതീർക്കാൻ അവർ തീരുമാനിച്ചിട്ടുണ്ടായിരുന്നില്ല, സംയുക്തമായ ഒരു കാര്യപരിപാടി അവർക്കുണ്ടായിരുന്നുമില്ല. അപ്പോൾ, അഹ്മദികൾ ഒരു ജമാഅത്തായി പിരിഞ്ഞതെന്തിനെന്നു ചോദിക്കുന്നതിന്നു മുമ്പായി, മുസ്ലിംകൾ ഇന്നു ഒരു ജമാഅത്തായിട്ടാണോ ഉള്ളതു എന്നതിനെപ്പററി ചിന്തിക്കേണ്ടതാണ്. ലോകമുസ്ലിംകൾ ആകമാനം സർവ്വകാര്യങ്ങളിലും ഏ

കോപിച്ച പ്രവർത്തിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ? അഥവാ അവർക്കൊരു സംയുക്തകാര്യപരിപാടിയുണ്ടോ? അനുഭാവത്തെ സംബന്ധിച്ചേടത്തോളം മുസ്ലിംകൾക്ക് അന്യോന്യം അതുണ്ടെന്നു പറയാം. എങ്കിലും, അതു നവ്വ മുസ്ലിംകളിലും ഉണ്ടെന്നു പറയുവാൻ നിർവ്വാഹമില്ല. അതു ഉള്ളവരുണ്ട്. ഇല്ലാത്തവരുമുണ്ട്. അഭിപ്രായഭിന്നിപ്പിനെ അകററുവാനുള്ള ഒരു വ്യവസ്ഥിതിയും അവരിലില്ല. ഭിന്നാഭിപ്രായക്കാർ ഒരു സംഘത്തിൽ ഉണ്ടാവാം. നബിമാരുടെ കാലങ്ങളിൽ അവരുടെ അനുചര സംഘങ്ങളിലും ഭിന്നാഭിപ്രായക്കാർ ഉണ്ടായിരുന്നു. റസൂൽകരീം (സ) തിരുമേനിയുടെ കാലത്തു അൻസാരികളുടെയും മുഹാജിറുകളുടെയും ഇടയിലും മററു മുസ്ലിം ഗോത്രങ്ങളുടെ ഇടയിലും അഭിപ്രായവൈരുദ്ധ്യം ഉണ്ടായിട്ടുണ്ട്, അക്കാലത്തു നബികരീം (സ) തിരുമേനിയുടെ തീരുമാനങ്ങൾ ആ വൈരുദ്ധ്യങ്ങളെ നിർമ്മാർജ്ജനം ചെയ്തിരുന്നു. ഖുലഫായുടെ കാലങ്ങളിലും അഭിപ്രായഭിന്നിപ്പുകൾ ഉണ്ടായിട്ടുണ്ട്, അന്നു ഖലീഫമാരുടെ തീരുമാനങ്ങൾ അവയെ നിർമ്മൂലനം ചെയ്തു. ഖിലാഫത്തിന്നുശേഷവും മുസ്ലിംകൾ എഴുപതു കൊല്ലക്കാലത്തോളം ഒരേ മുസ്ലിം ഭരണത്തിൻ കീഴിൽതന്നെ ഇരുന്നിരുന്നു. അവർ എവിടെയെല്ലാം ആയിരുന്നോ അവിടെയെല്ലാം ഒരേ വ്യവസ്ഥയിൻകീഴിൽ വർത്തിച്ചിരുന്നു. ആ വ്യവസ്ഥ നല്ലതോ ചീത്തയോ ആകട്ടെ: എന്തായാലും മുസ്ലിംകളെ ഒരേ പാശത്താൽ അതു ബന്ധിച്ചിട്ടുണ്ടായിരുന്നു. അതിന്നുശേഷമാണ് മുസ്ലിംകളിൽ പിളർപ്പുണ്ടായി അവർ രണ്ടു ചേരികളായി പിരിഞ്ഞതു. സ്പെയിൻ മുസ്ലിംകൾ ഒരു ഭാഗത്തും ബാക്കി മുസ്ലിംകൾ മറുഭാഗത്തുമായി വേർതിരിഞ്ഞു. ഇതു ഭിന്നിപ്പായിരുന്നെങ്കിലും പരിമിതമായിരുന്നു. മുസ്ലിം ലോകത്തിൻെറ സിം

ഹഭാഗം അപ്പോഴും ഒരൊററ വ്യവസ്ഥിതിയുടെ കീഴിൽ ചരിക്കുകയായിരുന്നു എന്നാൽ മൂന്നുശതകങ്ങൾ ചെന്നതോടുകൂടി ഈ വ്യവസ്ഥിതി അപ്പടി താറുമാറാവുകയും മുസ്ലിം ഭിന്നാഭിപ്രായക്കാരും ഭിന്നകക്ഷികളും ചിന്നിച്ചിതറിയ നിലയിലും ആയിത്തീരുകയും ചെയ്തു. ഹസ്രത്ത് റസൂൽ മഖ്ബൂൽ (സ) തിരുവരുൾ ചെയ്തതു എത്രയും പരമാർത്ഥമായി പുലരുകയും ചെയ്തു, തിരുമേനി അരുളുകയുണ്ടായി;

خير القرون قرنى ثم الذين يلونهم ثم الذين يلونهم ثم يفشوا الكذب

"നൂററാണ്ടുകളിൽ ഉത്തമം എന്റെ നൂററാണ്ടു, പിന്നെയതിനെ തൊട്ടു വരുന്നവരുടേതും, പിന്നെയതിനെ തുടർന്നുവരുന്നവരുടെതും; പിന്നീടു വ്യാജം വ്യാപിക്കുകയും അക്രമവും അന്യായവും ഭിന്നിപ്പും വ്യാപരിക്കുകയും ചെയ്യും. അങ്ങനെതന്നെ വന്നുപുലർന്നു. പിന്നെയും പിളർപ്പു വളർന്നുകൊണ്ടേപോയി. ഒടുവിൽ ഇക്കഴിഞ്ഞ മൂന്നു നൂററാണ്ടുകൾകൊണ്ടു മുസ്ലിംകൾ തങ്ങളുടെ സമസ്തശക്തികളും കളഞ്ഞു കയ്യും കഴുകി! മുസ്ലിം ഭരണങ്ങളിൽ ഒന്നിനെ മുഴുവൻയൂറോപ്പും ഭയപ്പെട്ടിരുന്ന ഒരു കാലം ഉണ്ടായിരുന്നു. ഇന്നാണെങ്കിൽ യൂറോപ്പിലേയൊ അമേരിക്കയിലേയൊ ഒരു ഭരണശക്തിയോടു എതിരിടുവാനുള്ള കെൽപ്പ് മുഴുവൻ മുസ്ലിം ശക്തിക്കുമില്ല. യഹൂദികളുടെ എത്ര ചെറിയൊരു ഭരണമാണ് ഫലസ്തീനിൻ മുളയെടുത്തതു! ശാമ്, ഇറാഖ്, ലബ്നാൻ, സഊദി അറബിയ, മിസ്ര്, ഫലസ്തീൻ ഈ രാജ്യങ്ങളിലെ സൈന്യങ്ങൾ ഏകോപിച്ചു ആ

ചൊറു ശക്തിയോടു പടപൊരുതുന്നു. ഫലമെന്താ യി? 'യൂനോ' അനുവദിച്ചതിലും എത്രയോ വലി പ്പമുള്ള ഒരു സ്ഥലവിഭാഗം യഹൂദികളുടെ കയ്യി ലായി. അമേരിക്കയും ഇംഗ്ലണ്ടും ആ യഹൂദികളെ സഹായിക്കുന്നുണ്ടെന്നതു ശരിയാണ്. എന്നാലും ഈയൊരു പ്രശ്നം പിന്നേയും ശേഷിക്കുന്നു:— ഒരു കാലത്തു മുസ്ലിം ഭരണശക്തികളിൽ ഏതെ ങ്കിലുമൊരു ശക്തി മുഴുവൻ യൂറോപ്പിനെയും ഞെ ട്ടിക്കുവാൻ പര്യാപ്തമായിരുന്നു. ഇന്നാകട്ടെ, പാ ശ്ചാത്യശക്തികളിൽ ചിലതു മുഴുവൻ മുസ്ലിം ലോകത്തെയും വിറപ്പിക്കുവാൻ പോരുന്നതാണ്. ഇതെങ്ങനെ സംഭവിച്ചു?

ചുരുക്കത്തിൽ, ജമാഅത്ത് എന്നതിൻെറ അർത് ഥത്തിൽ മുസ്ലിംകൾക്ക് ഇന്നൊരു ജമാഅത്തില്ല. ഭരണങ്ങൾ അവർക്കുണ്ട്. ദൈവാനുകൂല്യത്താൽ ഇ പ്പോൾ ഉടലെടുത്ത പാക്കിസ്താൻ അവയിൽ ഏററ വും വലുതുമാണ്. എന്നാൽ, ഇസ്ലാം എന്നതു പാക്കിസ്ഥാൻെറയോ മിസ്രിൻെറയോ, ശാമിൻെറ യോ, പേരല്ല. അതു ഈറാൻെറയോ, അഫ്ഗാനി സ്ഥാൻെറയോ സഊദി അറേബിയയുടെയോ പേ രുമല്ല. മുസ്ലിംകളെയാകമാനം ഒന്നായി കോർത്തി ണക്കിയിട്ടുണ്ടായിരുന്ന ആ ചരടിൻെറ പേരാണ് ഇസ്ലാം. ആ ഒരു സംഘടന ഇന്നു ലോകത്തില്ല. പാ കിസ്ഥാന്നു അഫ്ഗാനിസ്താനോടും അഫ്ഗാനി സ്ഥാന്നു പാക്കിസ്ഥാനോടും അനുഭാവം ഉണ്ടെന്ന തു വാസ്തവം തന്നെ. എന്നാലും പാക്കിസ്ഥാ നോ പറയുന്നതെല്ലാം കേൾക്കാൻ അഫ്ഗാനിസ്ഥാ നോ തയ്യാറല്ല. രണ്ടിൻെറയും ഭരണം വേറെ വേറെ

യാണ്. സ്വന്തം കാര്യങ്ങളിൽ രണ്ടും സ്വതന്ത്രമാണ്. ജനതയുടെ നിലയും അപ്രകാരംതന്നെ. അഫ്ഗാനികൾ അവരുടെ കാര്യങ്ങളിൽ സ്വതന്ത്രരാണ്. പാക്കിസ്ഥാനികൾ അവരുടെ കാര്യങ്ങളിലും സ്വതന്ത്രരാണ്. അപ്പോലെതന്നെ മിസ്രികളും. ഇവരെയെല്ലാം ഏകചരടിൽ കോർത്തിണക്കുന്ന ഒന്ന് ഇന്നില്ല. ഇന്നു മുസ്ലിംകളും മുസ്ലിം ഭരണങ്ങളും ഉണ്ട്. ചില ഭരണങ്ങൾ അല്ലാഹുവിൻെറ അനുഗ്രഹത്താൽ ശക്തിപ്പെട്ടുവരുന്നുമുണ്ട്. എന്നിരിക്കിലും മുസ്ലിംകൾ ഇന്നു ഒരു ജമാഅത്തല്ല. പാക്കിസ്ഥാന്നു ഇന്ത്യൻ സമുദ്രത്തെ ആകമാനം കയ്യാളുവാനുള്ള നാവിക ശക്തിയും ഇന്ത്യൻ യൂണിയനെ കിടുകിടുപ്പിക്കുവാനുള്ള സൈനീകശക്തിയും ലോക വിപണികളെ കൈവശം വെയ്ക്കത്തക്ക സാമ്പത്തിക ശക്തിയും ഉണ്ടെന്നു സങ്കൽപിക്കുക, അത്രയുമല്ല, പാക്കിസ്ഥാൻെറ ശക്തി അമേരിക്കയുടെതിലും മികച്ചതാണെന്നും വിചാരിക്കുക. എന്നാലും ഈറാൻ, ശാമ്, ഫലസ്തീൻ, മിസ്ര് മുതലായ രാജ്യങ്ങൾ പാക്കിസ്താനിൽ ലയിക്കുവാൻ തയ്യാറാകുമോ? ഇല്ലെന്നതു വ്യക്തമാണ്. അവ പാക്കിസ്താൻെറ വളർച്ചയെ ഏററു പറയുവാനും അതിനോടു അനുഭാവം കാണിപ്പാനും തയ്യാറായെന്നു വരാം എങ്കിലും പാക്കിസ്ഥാനിൽ ലയിക്കുവാൻ അവർ ഒരുങ്ങുകയില്ല.

ഇങ്ങിനെ അല്ലാഹുവിൻെറ അനുഗ്രഹത്താൽ മുസ്ലിംകളുടെ രാഷ്ട്രീയസ്ഥിതി നന്നായ് വരികയും ചില പുതിയ മുസ്ലിം ഭരണങ്ങൾ ഉടലെടുക്കുകയും ചെയ്യുന്നുണ്ടെങ്കിലും, ലോകമുസ്ലിം

കാം ഒരു 'ഇസ്‌ലാമീ ജമാഅത്താ'ണെന്നു പറയാവതല്ല. കാരണം, അവർ വിഭിന്ന രാജ്യങ്ങളിലായി വിഭജിക്കപ്പെട്ടു പോകുകയും വെവ്വേറെ ഭരണങ്ങളിലായി വേർപെടുകയും ചെയ്തിരിക്കുന്നു. അവരുടെ ശബ്ദങ്ങളെ ഒരിടത്തു കേന്ദ്രീകരിക്കുവാനുള്ള ഒരു ശക്തി ഇന്നില്ല. ഇസ്‌ലാം സാർവ്വലൌകികമാണെന്നാണ് അതിൻെറ വാദം. എന്നാൽ, ഇസ്‌ലാം എന്നതു അറേബിയയിലെ മുസ്‌ലിംകളുടേയോ ശാമിലെ മുസ്‌ലിംകളുടെയോ പേരല്ല. അത് ഇറാനിലെ മുസ്‌ലിംകളുടെയോ അഫ്ഗാനിസ്ഥാനിലെ മുസ്‌ലിംകളുടെയോ പേരുമല്ല. ലോകത്തെ ഏതൊരു രാജ്യത്തെ മുസ്‌ലിംകളും ഇസ്‌ലാമിൻെറ പേരിൻകീഴിൽ ഒരുമിച്ചുകൂടുന്നു. ആ സ്ഥിതിക്കു, മുസ്‌ലിംകളുടെ ഈ എല്ലാകൂട്ടത്തെയും ഒരുമിച്ചുകൂട്ടുന്ന ഒരു സംഘമേ ഇസ്‌ലാമീ ജമാഅത്താവുകയുള്ളു. അങ്ങനെയൊരു സംഘം ലോകത്തു നിലകൊള്ളുന്നതുവരെ, രാജ്യങ്ങളുണ്ടായാലും ഭരണങ്ങളുണ്ടായാലും മുസ്‌ലിംകൾ ഒരു ജമാഅത്ത് അല്ലെന്നു പറയുവാൻ ഞങ്ങൾ നിർബന്ധിതർ ആയിത്തീരുന്നു.

ഇതുപോലെതന്നെയാണ് ഒരു സംയുക്ത കാര്യപരിപാടിയെപ്പററി പറയുവാനുള്ളതും, സമസ്ത മുസ്‌ലിംകളെയും ഒരേ ചരടിൽ ഇണക്കിക്കോർക്കുന്നതിനുള്ള ഒരു സുവ്യവസ്ഥ ഇല്ലെന്നതുപോലെതന്നെ മുസ്‌ലിംകൾക്കു ഒരു സംയുക്ത കാര്യപരിപാടിയും ഇല്ല—രാഷ്ട്രീയമായുമില്ല, സാംസ്കാരികമായുമില്ല, മതപരമായും ഇല്ല. വ്യക്തിഗതമായ നിലയിൽ ചിലേടങ്ങളിൽ വല്ല മുസ്‌ലിംകളും ഇസ്‌ലാമിൻെറ ശത്രുക്കളെ നേരിടുന്നുണ്ടെങ്കിൽ അ

ക്കാര്യം വേറെയാണ്. ഏകീകൃതമായ നിലയിൽ ഒരു പ്രത്യേക വ്യവസ്ഥയുടെ കീഴിൽ ശത്രുവിൻെറ ആക്രമണത്തെ ചതുർഭാഗവും സംവീക്ഷിച്ചു നേരിടാൻ പരിശ്രമിക്കുന്ന കാര്യം ഒന്നു വേറെയാണ്. ആകയാൽ, ഒരു കാര്യപരിപാടിയെസ്സംബന്ധിച്ചു പറയുന്നതായാലും, മുസ്‌ലിംകൾ ഒരു ജമാഅത്തല്ല. ആ സ്ഥിതിക്കു ഇസ്‌ലാമിൻെറ സുരക്ഷിതാവസ്ഥയ്ക്കു ആവശ്യമായ സംഘടനയെയും ഒരു സംയുക്ത കാര്യപരിപാടിയെയും മുൻനിറുത്തി ഒരു ജമാഅത്ത് രൂപവൽകൃതമാകുന്നെങ്കിൽ അതിനെക്കുറിച്ചു, ഇതാ ഒരു പുതിയ ജമാഅത്ത് ഉണ്ടായിരിക്കുന്നു എന്നു പറഞ്ഞു ആക്ഷേപിക്കുന്നത് ന്യായമല്ല. അതിന്നു പകരം, ഇതിന്നു മുമ്പു അങ്ങനെയൊരു ജമാഅത്ത് ഉണ്ടായിരുന്നില്ല, ഇപ്പോഴതുണ്ടായി എന്നാണ് പറയേണ്ടത്. നമസ്കാരവും ഖിബ്‌ലയും ഖുർആനും റസൂലും ഒന്നായിരിക്കെ, അഹ്മദികൾ വേറൊരു ജമാഅത്തായി പിരിഞ്ഞതെന്തിനെന്ന സംശയത്തിനു വിധേയരായി വർത്തിക്കുന്ന മിത്രങ്ങളോടു, ഇസ്‌ലാമിൻെറ ഉൽക്കർഷത്തിനു വേണ്ടി പരിശ്രമിക്കുന്ന ഒരു സംഘം ഉണ്ടാകേണ്ടുന്ന ഘട്ടം വന്നെത്തിയെന്നും അതിന്നായി ഇനി ഏതുവരെയാണ് കാത്തിരിക്കേണ്ടതെന്നതിനെക്കുറിച്ചു അവർ ചിന്തിക്കണമെന്നും ആണ് എനിക്കു പറയാനുള്ളത്. മിസ്ർ ഭരണമുണ്ട്, ഈറാൻ ഭരണമുണ്ട്, മററു മുസ്‌ലിം ഭരണങ്ങളും ഉണ്ട്. സ്വന്തം കാര്യങ്ങൾ മാത്രം നോക്കിപ്പോരുന്ന ഈ ഭരണങ്ങൾ എല്ലാം ഉണ്ടായിട്ടും, ഇസ്‌ലാമിനു വേണ്ടി വല്ലതും ചെയ്യുന്നതിനെ സംബന്ധിച്ചിടത്തോളം, ഒരു വിടവ് അവശേഷിക്കുന്നുണ്ട്. ഒരു 'പോരായ്ക' ബാക്കിയുണ്ട്. ആ

വിടവ് നികത്താനും പോരായ്മയെ പോക്കുവാനും ആണ് അഹ്മദിയ്യാ ജമാഅത്ത് ഉത്ഭൂതമായിരിക്കുന്നത്.

തുർക്കികൾ തുർക്കി ഖിലാഫത്ത് അവസാനിപ്പിച്ചു. അപ്പോൾ മിസ്രിലെ ചില ആലിമുകൾ ഒരു ഖിലാഫത്ത് പ്രസ്ഥാനം ആരംഭിക്കുകയുണ്ടായി. 'ഉള്ളുകള്ളികൾ' അറിയുന്ന ചിലരുടെ പക്ഷം ആ പ്രസ്ഥാനം സമാരംഭിക്കപ്പെട്ടതു മിസ്രിലെ രാജാവിന്റെ സൂചനയനുസരിച്ചാണെന്നാണ്. എന്തായാലും, ഈ പ്രസ്ഥാനം മുഖേന മിസ്ര് രാജാവിനെ മുസ്ലിം ലോകം ഖലീഫയായി സ്വീകരിക്കുക വഴി മിസ്രിനു ഒരു മേൻമ ലഭിക്കുമെന്ന ആ പ്രസ്ഥാനത്തിന്റെ പ്രോത്സാഹികൾ മനസ്സിലാക്കി. സഊദിഅറബിയ ഇതിനെ എതിർത്തു. മിസ്ര്കാരുടെ ഈ സംരംഭം ബ്രിട്ടീഷുകാരുടെ സൃഷ്ടിയാണെന്നും, ഖിലാഫത്തിനവകാശി സഊദി അറബിയയിലെ രാജാവാണെന്നും അവർ പ്രചാരം ചെയ്തു. ഖിലാഫത്തിനെപ്പററി പറയുകയാണെങ്കിൽ, അതു ആകമാനമുസ്ലിംകളെയും ഒന്നായി ഇണക്കിച്ചേർക്കുന്ന ഒരു ചരട് തന്നെയാണ്. എങ്കിലും ഈ ഖിലാഫത്ത് എന്ന പദത്തെ ഒരു പ്രത്യേക രാജാവുമായി ബന്ധിച്ചപ്പോൾ മററു രാജാക്കൻമാർക്കതു ഭയാശങ്കകൾക്ക് കാരണമാകുകയും അതിന്നെതിരിൽ അവർ പ്രവർത്തിച്ചുതുടങ്ങുകയും ചെയ്തതു നിമിത്തം മുസ്ലിംകളെ ഏകോപിപ്പിക്കുന്ന കാര്യത്തിൽ ഫലപ്രദമായ ഈ ഖിലാഫത്തു പ്രസ്ഥാനം നിഷ്ഫലമായി പരിണമിച്ചു. എന്നാൽ, ഈ പ്രസ്ഥാനം സിംഹാസനങ്ങളിൽനിന്നു പുറപ്പെടുന്നതിനു

പകരം സാമാന്യജനങ്ങളിൽനിന്നു സമാരംഭിക്കുകയും മതപരമായ ഒരു ലക്ഷ്യം മുൻനിറുത്തി പ്രവർത്തിക്കുകയും ചെയ്യുകയാണെങ്കിൽ രാഷ്ട്രീയ മാത്സര്യങ്ങൾ അതിൻെറ മാർഗ്ഗത്തിൽ തടസ്സങ്ങളായി ചമയുകയില്ല. അതൊരു പ്രത്യേക ജമാഅത്താണെന്ന വിചാരമേ അതിന്നെതിരിൽ പ്രവൎത്തിക്കുകയുള്ളൂ. ഒരു സിംഹാസനത്തോടു ബന്ധിക്കപ്പെട്ട നിലയിൽ ഖിലഫാത്തു പ്രസ്ഥാനം ആരംഭിക്കപ്പെടുകയാണെങ്കിൽ, അതു ആ സിംഹാസനത്തിൻെറ അധികാര പരിധിയിൽ അധിവസിക്കുന്നവൎക്കു മാത്രമേ ബാധകമാവൂ. മററു സിംഹാസനങ്ങളുടെ ചെങ്കോലിൻകീഴിൽ വസിക്കുന്നവൎക്കു അതു ഫലം ചെയ്യുകയോ ബാധകമാവുകയോ ഇല്ല. അതിന്നു പകരം, അതു സാമാന്യ ജനതാമദ്ധ്യത്തിൽനിന്നു ഉത്ഭവമെടുക്കുകയും രാഷ്ട്രീയമാകാതെ വെറും മതപരമായിരിക്കുകയും ചെയ്യുന്നെങ്കിലോ, അതിനോടു ഒരു നൂതന ജമാഅത്ത് എന്ന നിലയിലുള്ള മാത്സര്യമല്ലാതെ രാഷ്ട്രീയമായ യാതൊരു മാത്സര്യവും ഉണ്ടാവുന്നതല്ല. അങ്ങനെ അതിന്നു ഒരു രാജ്യത്തു മാത്രമല്ല, എല്ലാ രാജ്യത്തും ചെല്ലുവാനും അവിടെ വ്യാപിക്കുവാനും വേരുറപ്പിക്കുവാനും സാധിക്കും. മുസ്ലിംരാജ്യങ്ങളിൽ മാത്രമല്ല, അമുസ്ലിം രാജ്യങ്ങളിലും അതിന്നു കടക്കുവാനും അവിടങ്ങളിൽ അഭിവൃദ്ധിപ്പെടാനും കഴിയും. കാരണം, രാഷ്ട്രീയമായ ഒരേററുമുട്ടലിനല്ലാത്തതുകൊണ്ടു ആ പ്രസ്ഥാനത്തെ അവിടങ്ങളിലെ ഗവൎമ്മെണ്ടുകൾ നിരോധിക്കുകയോ വിരോധിക്കുകയോ ഇല്ല. ഇതിന്നു അഹ്മദിയ്യാ പ്രസ്ഥാനത്തിൻെറ ചരിത്രം സാക്ഷിയാണ്.

അഹ്മദിയ്യത്തിൻെറ ലക്ഷ്യം മുസ്ലിംകളെ ഏകോപിപ്പിക്കുകയായിരുന്നു. രാജത്വത്തേയോ ഭരണാധികാരത്തെയോ അതു ആഗ്രഹിച്ചില്ല. അങ്ങനെ അഹ്മദിയ്യാ

പ്രസ്ഥാനം കേവലം മതപരമായ ഒരു പ്രസ്ഥാനമായത് കൊണ്ടാണ് ബ്രിട്ടീഷുകാർ ചിലപ്പോഴെല്ലാം അഹ്മദികളെ ദ്രോഹിച്ചിട്ടുണ്ടായിരുന്നുവെങ്കിലും തുറന്നനിലയിൽ അവരെ എതിർക്കാഞ്ഞത്. അഫ്ഗാനിസ്ഥാനിൽ 'മുല്ല'മാരെ ഭയന്നു ചിലപ്പോഴും രാജാക്കന്മാർ അഹ്മദികളോടു നിർദ്ദയമായി പെരുമാറിയെങ്കിലും, സ്വകാര്യമായി അവർ തങ്ങളുടെ കഴിവുകേടിനെ വെളിപ്പെടുത്തുകയും തങ്ങളുടെ ചെയ്തികളെക്കുറിച്ചു ഖേദിക്കുകയും ചെയ്തിട്ടുണ്ട്. അപ്പോഴെതന്നെ ഇതര മുസ്ലിം രാജ്യങ്ങളിലും പൊതുജനവും ആലിംകളും അഹ്മദിയ്യത്തിനെ എതിർത്തു. അവരെ ഭയന്നു അവരുടെ ഗവണ്മെൻറുകളും ചിലപ്പോഴും അഹ്മദികളുടെ മാർഗ്ഗത്തിൽ തടസ്സങ്ങളുണ്ടാക്കി. എന്നാൽ ഒരു ഗവൺമെൻറും ഈ പ്രസ്ഥാനത്തെ ആ ഗവൺമെൻറിൻെറ ഭരണകൂടത്തെ തകിടം മറിക്കുവാനായി പ്രവർത്തിക്കുന്ന ഒന്നായിട്ട് കരുതുകയുണ്ടായില്ല. അവരുടെ ആ അനുമാനം അപ്പടി ശരിയുമായിരുന്നു. അഹ്മദിയ്യത്തിനു ഭരണകാര്യവുമായി ബന്ധമില്ല.

മുസ്ലിംകളുടെ മതപരമായ നിലയെ നന്നാക്കി, അവരെ ഒരേ ചരടിൽ ഇണക്കിക്കോർത്തു. ധാർമ്മികവും ആദ്ധ്യാത്മികവുമായ ആയുധങ്ങളും മുഖേന ഇസ്ലാമിൻെറ ശത്രുക്കളെ നേരിടുവാൻ അവരെ പ്രാപ്തന്മാരാക്കിത്തീർക്കാൻവേണ്ടി മാത്രമാണ് അഹ്മദിയ്യത്ത് നിലകൊള്ളുന്നത്. ഈ ലക്ഷ്യത്തെ മുൻനിറുത്തിയാണ് അമേരിക്കയിൽ അഹ്മദിയ്യാ മിഷനറിമാർ ചെന്നത്. അവിടെ ഏഷ്യക്കാരോടു കാണിക്കപ്പെടുന്ന വിരോധം അഹ്മദികളോടും കാണിച്ചുവെന്നല്ലാതെ മതപരമായ നിലയിൽ അവരോടു വിരോധം കാണിച്ചില്ല. ഡച്ച് ഗവർമ്മെൻറ് ഇന്തോനേഷ്യയിലും ഈ നയം തന്നെയാ

ണനുവർത്തിച്ചത്, അഹ്മദികൾ രാഷ്ട്രീയമായ ഒരേററുമുട്ടലിനു വന്നവരല്ലെന്നു മനസ്സിലായതുകൊണ്ടു രഹസ്യമായി അവരുടെ നടപടികളെ വീക്ഷിക്കുകയും അവരുടെ അവകാശങ്ങളെ ചിലപ്പോൾ വിഗണിക്കുകയും ചെയ്തുവെങ്കിലും, തുറന്ന നിലയിൽ അഹ്മദിയ്യത്തുമായി ഏററുമുട്ടേണ്ടുന്ന ആവശ്യമില്ലെന്നു ആ ഗവർമ്മേണ്ടു ധരിച്ചു. അവരുടെ ധാരണ ശരിയുമായിരുന്നു. ഞങ്ങൾ അവരുടെ മതത്തിനെതിരായിട്ട് പ്രബോധിച്ചുപോന്നു. തന്മൂലം, അവരുടെ യാതൊരു അനുഭാവത്തെയും ഞങ്ങൾ കാംക്ഷിച്ചില്ല. ഞങ്ങൾ അവരുടെ രാഷ്ട്രീയ കാര്യങ്ങളിൽ കൈകടത്തിയതുമില്ല. തൽകാരണത്താൽ അവർക്ക് ഞങ്ങളുടെ വഴിയിലും തടസ്സങ്ങളുണ്ടാക്കേണ്ടിവന്നില്ല. ഇങ്ങനെ അഹ്മദിയ്യാപ്രസ്ഥാനം ഒരു രാഷ്ട്രവുമായി ബന്ധിക്കാത്ത മതപരമായ ഒരു സംഘത്തിന്റേതാകകൊണ്ടു, അതു ഇന്നു എല്ലാ രാജ്യങ്ങളിലും നിലകൊണ്ടു കഴിഞ്ഞു. ഇന്ത്യ, അഫ്ഗാനിസ്ഥാൻ, ഈറാൻ, ഇറാഖ്, ശാം, പലസ്തീൻ, മിസ്റ്, ഇററലി, സ്വിസർലണ്ട്, ജർമ്മനി, ഇംഗ്ലണ്ട്, അമേരിക്കൻ ഐക്യരാജ്യം, ഇൻഡോനേഷ്യ, മലയ, കിഴക്കെ ആഫ്റിക്ക, പടിഞ്ഞാറെ ആഫ്രിക്ക, അബിസ്സീനിയ, അർജൻടൈന മുതലായ എല്ലാ രാജ്യങ്ങളിലും ചെറിയ തോതിലും വലിയതോതിലുമായി അഹ്മദിയ്യാ സംഘം നിലകൊണ്ടിട്ടുണ്ട്. അവിടങ്ങളിൽ ഇന്ത്യക്കാരായ അഹ്മദികളല്ല, അവിടത്തുകാരായ അഹ്മദികൾ തന്നെയാണുള്ളതു. തങ്ങളുടെ ജീവിതത്തെ ഇസ്ലാമിനുവേണ്ടി ഉഴിഞ്ഞുവെച്ച ഭക്തന്മാർ തന്നെ അവിടങ്ങളിലുണ്ട്. ഇംഗ്ലീഷുകാരനായ ഒരു ലഫ്ററനൻററ് തന്റെ ജീവിതം ഇസ്ലാമിനായി അർപ്പിച്ചു. ഇപ്പോൾ ഒരു മുസ്ലിം മിഷനറിയെന്ന നിലയിൽ ഇംഗ്ലണ്ടിൽ പ്രവർത്തിക്കുന്നുണ്ട്. അദ്ദേഹം

കൃത്യമായി നമസ്കരിക്കുന്നു. മദ്യം ആദിയായവയെ സ്വീകരിക്കുകകൂടി ചെയ്യുന്നില്ല. സ്വന്തമായി അദ്ധ്വാനിച്ചു കിട്ടുന്ന കാശിൽനിന്നു ചെലവുചെയ്തു ഇസ്ലാമീ ലഘുലേഖകൾ അച്ചടിച്ചു പ്രസിദ്ധം ചെയ്യുകയും യോഗങ്ങൾ വിളിച്ചുകൂട്ടി ഇസ്ലാംമതം പ്രബോധിക്കുകയും ചെയ്തുപോന്നു. ഞങ്ങളദ്ദേഹത്തിനു ഇംഗ്ലണ്ടിലെ ഒരു 'തോട്ടിക്കു' കിട്ടുന്നതിലും എത്രയോ തുച്ഛമായ ഒരു തുക മാത്രമേ സഹായധനമായി കൊടുക്കുന്നുള്ളൂ.

അതേപ്രകാരംതന്നെ ഒരു ജർമ്മൻകാരനും ഇസ്ലാമിനു വേണ്ടി ജീവിതാർപ്പണം ചെയ്തിട്ടുണ്ട്. അദ്ദേഹവും ഒരു പട്ടാളഉദ്യോഗസ്ഥനായിരുന്നു. വളരെ ക്ലേശങ്ങളും ബുദ്ധിമുട്ടുകളും അനുഭവിച്ച ശേഷമാണ് അദ്ദേഹത്തിനു ജർമ്മനിക്കു പുറത്തുവരാൻ സാധിച്ചത്. അദ്ദേഹം സ്വിററ്സർലാണ്ടിൽ എത്തിയതായി വിവരം കിട്ടിയിരിക്കുന്നു. വിസ കിട്ടാൻ കാത്തുനിൽക്കുകയാണ്. ആ യുവാവിനു ഇസ്ലാമിനു സേവനം ചെയ്യുവാനുള്ള അതിരററ ആകാംക്ഷയുണ്ട്. ഇസ്ലാമിൻെറ അദ്ധ്യാപനങ്ങൾ നല്ലപോലെ പഠിച്ച വല്ലൊരു വിദേശത്തും ചെന്നു ഇസ്ലാംമതപ്രചാരം ചെയ്യണമെന്ന അത്യാശയോടെ അദ്ദേഹം പാക്കിസ്ഥാനിലേക്കു വരികയാണ്*. നല്ലൊരു എഴുത്തുകാരനായ മറെറാരു ജർമ്മൻയുവാവും അദ്ദേഹത്തിൻെറ അഭ്യസ്തവിദ്യയായ പത്നിയും ഇസ്ലാംമതസേവനാർത്ഥം ജീവിതം അർപ്പണം ചെയ്യുവാനുള്ള ആശ പ്രദർശിപ്പിച്ചിട്ടുണ്ട്. ഒരുവേള, അടുത്തുതന്നെ അവരും ഇസ്ലാമീകാദ്ധ്യാപനങ്ങൾ പഠിക്കുവാനായി പാക്കിസ്ഥാനിൽ വ

* അദ്ദേഹം പിന്നീട് പഠിച്ച ഒരു ഇസ്ലാമിക മിഷനറിയായിത്തീർന്നു.

ന്നുചേരും. അപ്പോലെതന്നെ, ഹാളണ്ടുകാരനായ ഒരു യുവാവും ഇസ്ലാമിനെ സേവിപ്പാനായി സ്വജീവിതം അർപ്പിക്കുവാൻ ആഗ്രഹം പ്രകടിപ്പിച്ചിട്ടുണ്ട്. താമസിയാതെ അദ്ദേഹം ഏതെങ്കിലുമൊരു രാജ്യത്ത് തബ്ലീഗ് പ്രവൃത്തിയിൽ ഏർപ്പെട്ടേയ്ക്കും.

അഹ്മദിയ്യാ ജമാഅത്ത് ചെറിയൊരു സംഘടന തന്നെയാണ്. എന്നാൽ അതുമുഖേന ഇസ്ലാമീ ജമാഅത്തു സ്ഥാപിതമാകുന്നുണ്ടോ എന്നാണ് നോക്കേണ്ടത്. എല്ലാ രാജ്യങ്ങളിലും അവിടങ്ങളിലെ ഏതാനും വ്യക്തികളെങ്കിലും അതിൽ അംഗമായി ചേർന്നു ഇസ്ലാമിൻെറ സാർവ്വലൗകികമായ ആ ഐക്യത്തിനുള്ള ഒരടിത്തറ ഇട്ടുവരുന്നു എല്ലാ രാഷ്ട്രങ്ങളിലെയും രാഷ്ട്രീയകക്ഷികളിൽ പെട്ടവർ അതിനോടനുഭാവം കാണിച്ചുവരുന്നുണ്ട്. ഇത്തരം പ്രസ്ഥാനങ്ങൾ ചെറിയ തോതിൽ തന്നെയാണ് ആരംഭിക്കാറ്, എന്നാൽ ഒരു പ്രത്യേക ഘട്ടത്തിൽ പെട്ടെന്നായിരിക്കും അവയ്ക്കു ശക്തി ലഭിക്കുക. കുറഞ്ഞ ദിവസങ്ങൾകൊണ്ടു ഐക്യത്തിൻെറയും അനുരഞ്ജനയുടെയും ബീജാവാപത്തിൽ അവ വിജയിക്കുകയും ചെയ്യും. രാഷ്ട്രീയശക്തികൾക്കായി രാഷ്ട്രീയ സംഘങ്ങളുടെ ആവശ്യകതയുണ്ട്. മതപരവും ധാർമ്മികവുമായ ശക്തികൾക്കായി മതപരവും ധാർമ്മികവുമായുള്ള സംഘങ്ങളുടെ ആവശ്യകതയുമുണ്ട്, രാഷ്ട്രീയകാര്യങ്ങളിൽനിന്നു അഹ്മദികൾ വേറിട്ടു നിൽക്കുന്നതിനു കാരണം, അക്കാര്യങ്ങളിലിടപെട്ടാൽ തങ്ങൾ സ്വന്തം കാര്യത്തിൽ വീഴ്ചക്കാരായേയ്ക്കുമെന്നതാണ്.

## അഹ്മദിയ്യാ ജമാഅത്തിൻെറ കാര്യപരിപാടി

കാര്യപരിപാടിയെപ്പററിയാണ് ഇനിപറയുവാനുള്ളതു. കാര്യപരിപാടിയെസ്സംബന്ധിച്ച് നോക്കുന്നതായാലും അഹ്മദിയ്യാ ജമാഅത്തിന്നല്ലാതെ മററൊരുമുസ്ലീം

കക്ഷികളം ഒരു സംയുക്ത കാര്യപരിപാടിയില്ല. അഹ്മദിയ്യാ ജമാഅത്ത് ക്രൈസ്തവമതത്തിൻെറ ആക്രമണത്തിൻെറ ആകനില മനസ്സിലാക്കി എല്ലായിടത്തും അതിനോടു നേരിട്ടുവരുന്നു. ഇന്നു ലോകത്തു ഏററവും ബലഹീനവും ചില കാരണങ്ങളാൽ ഏററവും ശക്തവുമായ ഒരു ഭൂവിഭാഗമാണ് ആഫ്രിക്ക. ക്രൈസ്തവമതം അതിൻെറ മുഴുവൻ ശക്തിയോടും കൂടെ ആഫ്രിക്കയിലാണ് ഇന്നു തള്ളിക്കയറിയിട്ടുള്ളതു. ഇപ്പോഴവർ പരസ്യമായിത്തന്നെ തങ്ങളുടെ ഉദ്ദേശ്യങ്ങൾ വെളിപ്പെടുത്തിത്തുടങ്ങിയിരിക്കുന്നു. ഇതിനുമുമ്പാകട്ടെ, പാദ്രിമാരുടെ ശ്രദ്ധ മാത്രമേ ആ ഭാഗത്തു ചെന്നിരുന്നുള്ളു. അനന്തരം ഇംഗ്ലണ്ടിലെ കൺസർവെററീവ് കക്ഷിയുടെ ശ്രദ്ധ ആ ഭാഗത്തേക്കു തിരിഞ്ഞു. ഇപ്പോഴാണെങ്കിൽ, ലേബർ കക്ഷിയും പ്രഖ്യാപിച്ചുതുടങ്ങി. യൂറോപ്പിൻെറ രക്ഷക്കു നിദാനം ആഫ്രിക്കയുടെ ഈ അഭിവൃദ്ധിയും സംഘടനയും ആണെന്നു അവിടത്തെ ജനങ്ങൾ ക്രിസ്ത്യാനികളായെങ്കിലെ യൂറോപ്പിനു ഗുണപ്രദമാവുകയുള്ളുവെന്നും യൂറോപ്പുകാർ ഗ്രഹിച്ചിരുന്നു. ഇന്നേക്കു ഇരുപത്തിനാലു കൊല്ലംമുമ്പുതന്നെ അഹ്മദികൾ ഈ രഹസ്യം മനസ്സിലാക്കി; അപ്പോൾതന്നെ അവർ പ്രചാരകന്മാരെ അവിടേക്കയച്ചു. തൽഫലമായി, ആയിരക്കണക്കിൽ ആളുകൾ ക്രിസ്തുമതം ഉപേക്ഷിച്ചു ഇസ്ലാമിലേക്കു മടങ്ങി. ആഫ്രിക്കയിന്നു ഏററവും സംഘടിതമായ നിലയിൽ പ്രവർത്തിക്കുന്ന ഒരിസ്ലാമീജമാഅത്ത് അഹ്മദികളുടേതു മാത്രമാണ്. അഹ്മദികളെ നേരിടുന്നതിൽനിന്നു ക്രിസ്ത്യാനികൾ പിൻമാറിത്തുടങ്ങിയിരിക്കുന്നു. ക്രൈസ്തവമിഷണറിമാരുടെ യത്നങ്ങൾ അഹ്മദിയ്യാ സംഘത്തിൻെറ പരിശ്രമഫലമായി വിഫലമായിരിക്കുന്നു

വെന്നു ക്രൈസ്തവരുടെ പ്രസിദ്ധീകരണങ്ങളിൽ ആവർത്തിക്കപ്പെടുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ഈ ഇസ്ലാമിക പ്രചാരവേല കുറെ കൊല്ലമായി കിഴക്കെ ആഫ്രിക്കയിലും നടന്നുവരുന്നു. അവിടത്തെ പ്രവർത്തനങ്ങൾ ആരംഭദശയിലായതുകൊണ്ട് പടിഞ്ഞാറെ ആഫ്റിക്കയിലുണ്ടായത്ര വലുതായ നേട്ടങ്ങൾ അവിടെ ഉണ്ടായിട്ടില്ലെങ്കിലും കൃസ്ത്യാനികൾ കുറേശ്ശയായി ഇസ്ലാമിലേക്കു വന്നുതുടങ്ങിയിട്ടുണ്ട്. കുറച്ചുകൊല്ലങ്ങൾ ചെല്ലുമ്പോൾ അവിടെയും ഞങ്ങളുടെ മിഷനറിമാരുടെ പരിശ്രമങ്ങൾ വമ്പിച്ച ഫലങ്ങൾ കൈവരുത്തുമെന്നാശിക്കാം. ഇൻഡോനേഷ്യയിലും മലയായിലും കുറെ കൊല്ലങ്ങൾക്കുമ്പുതന്നെ ഞങ്ങളുടെ മിഷനുകൾ സ്ഥാപിതമായിട്ടുണ്ട്. അവിടങ്ങളിൽ ഇസ്ലാമിൽനിന്നു ഓടിപ്പോകുന്നവരെ തടഞ്ഞുനിർത്തി, അവരെ സംഘടിപ്പിച്ചു ശത്രുക്കൾക്കെതിരിൽതന്നെ അണിനിരത്തുന്നതിനുള്ള ശ്രമം നടന്നുവരുന്നു. അമേരിക്കൻ ഐക്യരാജ്യം ഇന്നു ക്രൈസ്തവശക്തികേന്ദ്രങ്ങളിൽ ഏററവും മുന്നിലുള്ളതാണ്. അവിടെയും ഇരുപത്തിനാലുകൊല്ലമായി അഹ്മദിയ്യാമിഷൻ പ്രവർത്തിച്ചുവരുന്നു.* ആയിരോപിആയിരം അമേരിക്കക്കാർ അഹ്മദികൾ ആയിക്കഴിഞ്ഞു. ആയിരക്കണക്കിൽ രൂപാ ഇസ്ലാംമതപ്രചാരണാർത്ഥം അവർതന്നെ ചെലവുചെയ്യുന്നു. അമേരിക്കയുടെ സമ്പത്തുമായി തട്ടിച്ചുനോക്കുമ്പോൾ ഈ സംഖ്യ തുലോം തുച്ഛമാണ്. അവിടത്തെ പാദ്രിമാരുടെ പരിശ്രമങ്ങൾക്കെതിരിൽ ഈ പരിശ്രമം അത്ര ഗണ്യവുമല്ല. എങ്കിലും അവരോടുള്ള എതിർപ്പ് ആരംഭിച്ചു കഴിഞ്ഞുവെന്നും അതിൽ വിജയം ഞങ്ങൾക്കാണ് ലഭിച്ചുകൊണ്ടിരിക്കുന്നതെന്നുമുള്ളതു പി

---

* ഇപ്പോൾ 63 കൊല്ലം കഴിഞ്ഞു.

ന്താർഹമാണ്. കാരണം, ക്രൈസ്തവത്വത്തിൻെറ ആളുകളെ ഞങ്ങൾ ഞങ്ങളുടെ ഭാഗത്തേയ്ക്കാണ് കൊണ്ടുവരുന്നതു. ഞങ്ങളുടെ ആളുകളെ കൃസ്ത്യാനികൾ തങ്ങളുടെ ഭാഗത്തേയ്ക്കല്ല കൊണ്ടുപോകുന്നത്. ആകയാൽ, അഹ്മദിയ്യാ ജമാഅത്തിന്നൊരു പുതിയ സംഘം എന്തിനു സ്ഥാപിതമായി എന്നു ചോദിക്കയല്ല വേണ്ടതു. ഇസ്ലാമിൽ ഒരു ജമാഅത്ത് ഇല്ലാതിരിക്കെ, അഹ്മദിയ്യാ ജമാഅത്ത് എന്ന പേരിൽ ഒരിസ്‌ലാമിജമാഅത്ത് രൂപീകൃതമായി എന്നു പറയുകയാണ് വേണ്ടതു. ഇതു ആക്ഷേപാർഹമോ? അതല്ല, സ്തുത്യർഹമോ? വായനക്കാർതന്നെ ചിന്തിച്ചുനോക്കട്ടെ.

## അഹ്മദികൾ മററുമുസ്ലിംകക്ഷികളിൽ നിന്നു വേറിട്ടു നില്ക്കുന്നതിനുള്ള കാരണം

ഇങ്ങനെയൊരു പ്രത്യേക ജമാഅത്തിൻെറ ആവശ്യമെന്ത്, ഇക്കാര്യങ്ങൾ മററു മുസ്ലിംകളുടെ ഇടയിലും പ്രചരിപ്പിച്ചാൽ പോരേ, എന്നിങ്ങനെ ചിലർ പറയാറുണ്ട്. ബുദ്ധിപരമായി അതിനു പറയുവാനുള്ള മറുപടി ഇതാണ്: പട്ടാളത്തിൽ ചേർന്നവരെ മാത്രമേ ഒരു സേനാനിക്കു പടക്കളത്തിലയയ്ക്കാൻ സാധിക്കയുള്ളു. പട്ടാളത്തിൽ ചേരാത്തവരെ അദ്ദേഹത്തിനെങ്ങനെ പടയ്ക്കയയ്ക്കാൻ സാധിക്കും? ഒരു ജമാഅത്ത് രൂപീകരിക്കപ്പെടാതെ അഹ്മദിയ്യാ പ്രസ്ഥാനത്തിൻെറ ജനയിതാവ് പ്രവർത്തിപ്പിക്കേണ്ടതു ആരെക്കൊണ്ടു. ആജ്ഞാപിക്കേണ്ടതു ആരോടു? അദ്ദേഹത്തിൻെറ ഖലീഫമാരും ചെയ്യിക്കേണ്ടതു ആരെക്കൊണ്ട്, കല്പിക്കേണ്ടതു ആരോട്? അവർ തെരുവുകളിൽ നടന്നു, കാണുന്ന ഓരോ മുസ്ലിമിനോടും, ''ഇസ്ലാമിന്നു ഇന്നേടത്തു ആളെ ആവശ്യമു

ണ്ട്, നിങ്ങൾ അവിടെ പോകണം'' എന്നു പറയുകയും ഭാര്യമാർ അതുകേട്ട്, ''നിങ്ങളുടെ വാക്കെടുക്കാൻ ഞാൻ തയ്യാറില്ല'' എന്നു മറുപടി പറയുകയും അങ്ങനെ അവർ വഴിയിൽകാണുന്ന മുസ്ലിംകളോടെല്ലാം പറഞ്ഞു നടക്കുകയും ആ മുസ്ലിംകളിങ്ങനെ മറുപടി പറയുകയുമാണോ വേണ്ടത്? വ്യവസ്ഥയോടുകൂടിയ ഒരു പ്രവൃത്തിക്ക സംഘടനയോടുകൂടിയ ഒരു സംഘം ആവശ്യമാണെന്നതു ബുദ്ധിപരമായ ഒരു പരമാർത്ഥമാണ്. സംഘടിതമായ ഒരു സംഘം ഇല്ലാതെകണ്ട വ്യവസ്ഥിതമായ ഒരു പ്രവൃത്തി ആവുന്നതല്ല. സംഘം ഉണ്ടായെന്നുവന്നാലും മററുള്ളവരുമായി യോജിച്ച പ്രവർത്തിച്ചുകൂടെ എന്നു ചോദിക്കയാണെങ്കിൽ അതിനു സമാധാനം ഇതാണ്: ജീവനെ അപകടത്തിലാക്കുന്ന ഒരു പ്രവൃത്തിക്ക എല്ലാവരുമൊരുങ്ങുമോ? അത്തരം പ്രവൃത്തികൾ ഭ്രാന്തന്മാരെപ്പോലെ പ്രവൃത്തിക്കാനൊരുക്കമുള്ളവർ മാത്രമേ ചെയ്യുകയുള്ളു. അത്തരക്കാരെ ബുദ്ധിമാന്മാരെന്നു സ്വയം ധരിക്കുന്നവരിൽനിന്നു വേർതിരിച്ച നിറുത്തേണ്ടതു ആവശ്യമാണ്. ബുദ്ധിമാന്മാരെന്നു ഭാവിക്കുന്നവർ തങ്ങളെപ്പോലെ ഈ ഭ്രാന്തന്മാരേയും ആക്കിത്തീർക്കയാണെങ്കിൽ, ഇസ്ലാമിനുവേണ്ടിയുള്ള ഈ പ്രവൃത്തി പിന്നെയാർ ചെയ്യും? കൂടാതെ, വേറിട്ടുനില്ക്കുന്നതു മററുള്ളവരുടെ ഹൃദയങ്ങളിൽ ഒരു പുതുമയെ ഉളവാക്കുകയും. അതിനെപ്പററി അവർ അന്വേഷിക്കുകയും ചിന്തിക്കുകയും ചെയ്യുന്നതിനു സംഗതിയാക്കുകയും ചെയ്യും. അങ്ങനെ അതിനെ നശിപ്പിക്കുവാനായി മുന്നോട്ടു ചെല്ലുന്നവർകൂടി ഒരുനാൾ അതിൽ ആകൃഷ്ടനായിത്തീരുകയും ചെയ്യും. ചുരുക്കത്തിൽ, ഇത്തരം ആക്ഷേപങ്ങളെല്ലാം ആലോചനാ വിലോപത്തി

ൻെറ ഫലമാണ്, ബുദ്ധിയെ ഉപയോഗിക്കുന്നപക്ഷം, അഹ്മദിയ്യത്ത് സ്വീകരിച്ചിരിക്കുന്ന നയംതന്നെയാണ് ശരിയായിട്ടുള്ളതെന്നു ശരിക്കു മനസ്സിലാക്കാം. ഈ നയംകൊണ്ടേ ഇസ്ലാമിനുവേണ്ടി ത്യാഗംചെയ്യുന്ന ഒരു ജമാഅത്ത് ഉണ്ടാക്കിത്തീർക്കാൻ അതിന്നു സാധിക്കയുള്ളു. ഈ നയമനുസരിച്ചു പ്രവർത്തിച്ചുകൊണ്ടുപോകുന്ന കാലത്തോളമേ അതിൽ അംഗങ്ങളെ വർദ്ധിപ്പിച്ചുകൊണ്ടുപോകുവാനും അതിന്നു സാദ്ധ്യമാവുകയുള്ളു. ഒടുവിൽ കുഫ്റിനു ബോദ്ധ്യമാകും, ഇസ്ലാമിതാ ശക്തിപ്പെട്ടുപോയെന്ന്. അപ്പോൾ അതു അതിൻെറ മുഴുവൻ ശക്തിയോടുംകൂടെ ഇസ്ലാമിൻെറ എതിരിൽ വരും. എന്നാൽ അന്നു സമരത്തിന്നുള്ള അവസരം വൈകിപ്പോയിട്ടുണ്ടാകും. രണാങ്കണം ഇസ്ലാമിൻെറ കയ്യിലും കുഫ്റ് പരാജയത്തിൻെറ വക്കിലും ആയിരിക്കും.

രാഷ്ട്രീയ പുരോഗതിക്കായി പരിശ്രമിക്കുന്നവരുടെ മാർഗ്ഗങ്ങളിൽ ഞങ്ങൾ തടസ്സക്കാരല്ല. ഞങ്ങളുടെ ചെയ്തികൾ നിങ്ങൾക്കത്ര നന്നായി തോന്നുന്നില്ലെങ്കിൽ, നിങ്ങൾ നിങ്ങളുടെ പ്രവൃത്തികളിലേർപ്പെട്ടുകൊൾവിൻ. നിങ്ങൾ ഞങ്ങളുടെ വഴിയിൽ തടസ്സങ്ങളായിത്തീരായ്‌വിൻ എന്നേ ഞങ്ങൾ പറയുന്നുള്ളു. ആർക്കു നിങ്ങളുടെ പ്രവൃത്തി നല്ലതായി തോന്നുന്നുവോ അവർ നിങ്ങളുടെ കൂട്ടത്തിൽ ചേർന്നുകൊള്ളട്ടെ. ആർക്കു ഞങ്ങളുടെ പ്രവൃത്തി നല്ലതായി തോന്നുന്നോ അവർ ഞങ്ങളുടെ കൂട്ടത്തിലും വന്നുകൊള്ളട്ടെ. രാഷ്ട്രീയമായി പ്രവർത്തിക്കുന്നവരുടെ മാർഗ്ഗത്തിൽ ത്യാഗം ചുരുക്കവും ഖ്യാതി അധികവുമാണ്. ഞങ്ങളുടെ മാർഗ്ഗത്തിലാകട്ടെ ത്യാഗമധികം. ഖ്യാതി കുറവും. അതുകൊണ്ട് അവരുടെ ഓഹ

രിയും ഞങ്ങൾക്ക ഞങ്ങളുടെ ഓഹരിയും കിട്ടിക്കൊണ്ടിരിക്കും. ഇസ്ലാമിൻെറ വിലയും നിലയും വെളിവാകുകയാണ് കൂടുതൽ ആവശ്യമെന്നു കരുതുന്നവർ ഞങ്ങളുടെ കൂടെയും ബാഹ്യമായ ഭരണാധികാരത്തിനായി പരിശ്രമിക്കുന്നവർ അവരുടെ കൂടെയും ചേരും. ആ സ്ഥിതിക്ക, നാം തമ്മിൽ വഴക്കും വക്കാണവുമെന്തിനു? ഇരുക്കൂട്ടരും ഇസ്ലാമിനുവേണ്ടി വേവലാതിപ്പെടുകയാണ്. വേദന വെവ്വേറെ അവയവങ്ങളിലാണെന്നുമാത്രം. അവരുടെ മസ്തിഷ്കങ്ങളിലാണ് വേദനയെങ്കിൽ, ഞങ്ങളുടെ ഹൃദയങ്ങളിലാണ് വേദന.

ബുദ്ധിഗതമായിട്ടാണ് ഞാനിത്രയും പറഞ്ഞതു. ഇനി ഞാൻ ആദ്ധ്യാത്മിക വീക്ഷണകോണിൽകൂടി മറുപടി പറയാം. ശരിയായ വീക്ഷണകോണ് അതാണെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളതു. അങ്ങിനെ ആദ്ധ്യാത്മികമായി എനിക്ക് പറയുവാനുള്ള മറുപടി ഇതാണ്: ലോകത്തു ധമ്മക്ഷയം സംഭവിക്കുകയും ആദ്ധ്യാത്മികത്വം അന്തർദ്ധാനം ചെയ്യുകയും ലോകർ ഭൗതികത്വത്തെ ധാമ്മികത്വത്തെക്കാൾ കൂടുതൽ മതിക്കുകയും ചെയ്യുമ്പോഴെല്ലാം അവക്ക ആത്മീക പ്രകാശം നൽകി അവരെ നേർവഴിയിൽ നടത്തുവാൻ അല്ലാഹ ഒരാളെ നിയോഗിക്കുകയെന്നതു അവൻെറ പുരാതനവും സനാതനവുമായ ഒരു ചട്ടമാണ്. ഇങ്ങനെ ദൈവനിയുക്തരാകുന്നവരിൽ ചിലർ പ്രത്യേക മതപ്രമാണത്തോടുകൂടി വരുന്നവരും ചിലർ പൂവ്വമതപ്രമാണത്തെ പ്രബോധിക്കാൻ വരുന്നവരും ആണ്. അല്ലാഹുവിൻെറ ഈ സനാതന നിയമത്തെ അവൻ വിശുദ്ധഖുർആനിൽ പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ടു് അവൻെറ ഈ അനുഗ്രഹ

ത്തെപ്പററി അവൻ തൻെറ ആ പവിത്രഗ്രന്ഥത്തിൽ ആവർത്തിച്ചാവർത്തിച്ചു ലോകരെ അനുസ്മരിപ്പിച്ചിട്ടുണ്ട്.

അല്ലാഹു പരമമഹത്വവാനാണെന്നതിൽ സംശയമില്ല. അവന്നെതിരിൽ മനുഷ്യൻ ഒരു കീടമെന്നല്ല, അതിലും നിസ്സാരനാണെന്ന കാര്യത്തിലും സംശയമില്ല, അല്ലാഹുവിൻെറ ഓരോ പ്രവൃത്തിയും അവൻെറ അഗാധമായ ബുദ്ധിവൈഭവത്തെ വെളിപ്പെടുത്തുന്നതാണെന്ന വിഷയത്തിലും സന്ദേഹമില്ല. ഉദ്ദേശംകൂടാതെയും പ്രയോജനം ഇല്ലാതെയും അവൻ യാതൊന്നും ചെയ്യുന്നില്ല. വിശുദ്ധഖുർആനിൽ അവൻ പറയുകയാണ്:

وما خلقنا السموت والارض وما بينهما لعبين

‘‘ആകാശങ്ങളേയും ഭൂമിയേയും അതുകൾക്കിടയിലുള്ളവയേയും വിനോദമായിട്ടല്ല നാം സൃഷ്ടിച്ചത്’’ (44:38). അവയുടെ സൃഷ്ടിപ്പിൽ ഒരുദ്ദേശമുണ്ട്, മനുഷ്യൻ അല്ലാഹുവിൻെറ ഗുണങ്ങളെ തന്നിൽ ഉൾക്കൊണ്ടു, അവൻെറ ഒരു പ്രതിബിംബമായി ചമഞ്ഞു ഊർദ്ധ്വലോകത്തേയ്ക്കു ഉയർന്നു ചെല്ലാൻ കെൽപില്ലാത്തവർക്കു അല്ലാഹുവിനെസ്സംബന്ധിച്ച പരിജ്ഞാനം ഉണ്ടാക്കിക്കൊടുക്കുകയെന്നതാണ് ആ ഉദ്ദേശം. സൃഷ്ടിയുടെ ആരംഭം തൊട്ട് ഇന്നോളം അല്ലാഹുവിൻെറ ഈ നിയമം പ്രവർത്തിച്ചുകൊണ്ടുവന്നിട്ടുണ്ട്. പലകാലങ്ങളിലായി പലപടിയിലുള്ള ഇത്തരം പ്രതിപുരുഷന്മാരെ അവൻ നിയോഗിച്ചയച്ചിട്ടുണ്ട്. ഒരിക്കൽ അവൻെറ ആ ഗുണങ്ങൾ ആദം (അ) മുഖേന വെളിപ്പെട്ടു. പിന്നെയൊരിക്കൽ നൂഹ് (അ) മുഖാന്തരം പ്രത്യക്ഷപ്പെട്ടു. ഒരുകാലത്ത് ഇബ്രാഹിം (അ) അവയെ പ്രകാശിപ്പിച്ചു. പി

ന്നെയൊരു കാലത്ത് മൂസാ (അ) അവയെ ഗോചരമാക്കി. ഒരു തവണ ദാവൂദ് (അ) അല്ലാഹുവിൻെറ തിരുമുഖത്തെ ലോകത്തിന്ന കാണിച്ചുകൊടുത്തു. പിന്നെയൊരുതവണ ഈസാ (അ)അവൻെറ ആ പ്രഭാപൂരം പ്രത്യക്ഷമാക്കി ഒടുവിൽ ഇവരെല്ലാവരേക്കാളും ഉപരിയായും പരിപൂൎണ്ണമായ നിലയിലും അവൻെറ ഗുണമാഹാത്മ്യത്തെ മുഹമ്മദുമുസ്തഫാ (സ) പ്രകാശമാനമാക്കി കാണിച്ചു. സംക്ഷിപ്തമായും സവിസ്തരമായും. വ്യക്തിഗതമായും സാമൂഹ്യമായും ആ മഹാത്മാവ് അതിനെ വെളിവാക്കി. സൂൎയ്യസമാനമായ ആ വെളിപ്പെടലിൽ മററു പ്രവാചകന്മാർ മുഖേനയുള്ള വെളിപ്പെടലുകളെല്ലാം നക്ഷത്രപ്രഭകളെന്നോണം മങ്ങിപ്പോയി. തിരുനബിയുടെ ആവിർഭാവത്തോടുകൂടി മററെല്ലാ 'ശരീഅ'ത്തും അവസാനിച്ചു. ശരീഅത്തോടുകൂടി വരുന്ന പ്രവാചകന്മാരുടെ വരവും നിലച്ചു. പക്ഷപാതമല്ല, ഇതിന്ന കാരണം. തിരുമേനി(സ) കൊണ്ടുവന്ന 'ശരീഅത്തു' (മതപ്രമാണം) സകല ആവശ്യങ്ങളേയും നിവർത്തിക്കുന്ന ഒന്നായതുകൊണ്ടു മാത്രം. അല്ലാഹുവിൻെറ പക്കൽനിന്ന വരേണ്ടുന്ന ശരീഅത്ത് അങ്ങനെ പരിപൂൎണ്ണത പ്രാപിച്ചുവെങ്കിലും, മനുഷ്യൻ സന്മാൎഗ്ഗത്തിൽനിന്ന വ്യതിചലിക്കുകയോ യഥാൎത്ഥ മതാദ്ധ്യാപനങ്ങളെ അവൻ മറന്നുകളയുകയോ ഇല്ലെന്നതിലേയ്ക്കു ഒരുറപ്പും ലഭിച്ചിട്ടില്ല. മറിച്ചു, അല്ലാഹു ഖുർആനിൽ ഇങ്ങനെ വ്യക്തമാക്കുകയാണ് ചെയ്തിരിക്കുന്നത്,

يدبر الامر من السماء الى الارض ثم يعرج اليه فى يوم كان

مقداره الف سنة مما تعدون

'അല്ലാഹു ആകാശത്തുനിന്നുള്ള തൻെറ ഈ അന്ത്യശരീഅത്തിനെ ഭൂമിയിൽ സ്ഥാപിക്കും. ജനവിരോധം അതിൻെറ മാർഗ്ഗത്തിൽ തടസ്സമാകുകയില്ല. കുറെകാലം ചെന്നിട്ട് അതു ആകാശത്തിലേയ്ക്കുതന്നെ കയറിത്തുടങ്ങും. ആയിരം കൊല്ലംകൊണ്ടു അതു ലോകത്തുനിന്നു തീരേ ഉയന്നുപോകും' (32:5) ദീനിൻെറ സ്ഥാപനത്തിനുള്ള കാലം 300 കൊല്ലമാണെന്നു റസൂൽകരീമിൻെറ ഹദീസുകൊണ്ടു മനസ്സിലാകുന്നു. ആ ഹദീസിനെ ഞാൻ മുകളിൽ ഉദ്ധരിച്ചിട്ടുണ്ട് 'الٓر' 'അലിഫ്, ലാം, മീം, റാ' എന്നീ അക്ഷരസമുച്ചയം മുഖേന ആ കാലം 271 സംവത്സരങ്ങളാണെന്നു വിശുദ്ധഖുർആൻ മനസ്സിലാക്കി തരുന്നു. (13:1) ദീൻ ആകാശത്തിലേയ്ക്കു ഉയന്നു പോകുന്നതിനായുള്ള ആയിരം കൊല്ലത്തോടുകൂടി ഈ 271 നേയും ചേർക്കയാണെങ്കിൽ ഇസ്ലാമിൻെറ ചൈതന്യം ലോകത്തുനിന്നു തീരേ തിരോഭവിക്കുന്നതിന്നുള്ള കാലം ഖുർആൻെറ അദ്ധ്യാപന പ്രകാരം 1271 വത്സരങ്ങൾ അഥവാ ഇസ്ലാമിവഷം 13—ാം ശതകത്തിൻെറ അന്ത്യഘട്ടം ആകുമ്പോഴാണെന്നാണ് മനസ്സിലാകുന്നത്. അങ്ങനെയുള്ള കാലത്തു അല്ലാഹുവിൻെറ പക്കൽനിന്നു ഒരു മാർഗ്ഗദർശകൻ തീർച്ചയായും വരുമെന്നാണ് ഖുർആനിൽനിന്നു മനസ്സിലാകുന്നത്. എന്തിനുവേണ്ടി? ലോകം എന്നെന്നും ശൈത്താൻെറ പിടിയിൽതന്നെ ആയിപ്പോകാതിരിക്കാനും അല്ലാഹുവിൻെറ ഭരണം ലോകത്തു നിന്നു എന്നേയ്ക്കുമായി മാഞ്ഞുപ്പെട്ടു പോകാതിരിക്കാനും വേണ്ടി. ആകയാൽ ഇക്കാലത്ത് അല്ലാഹുവിങ്കൽനിന്നു ഒരാറം വരേണ്ടതു അത്യാവശ്യമായിരുന്നു. ആളാരോ ആയിക്കൊള്ളട്ടെ, വരേണ്ടതു അവശ്യമാണ്.

ഹസ്രത്ത് ആദമിന്റെ അനുയായികൾ വഴിപിഴച്ചപ്പോൾ അവരേയും ഹസ്രത്ത് നൂഹിന്റെ അനുയായികൾ വഴിതപ്പിയപ്പോൾ അവരേയും ഹസ്രത്ത് ഇബ്രാഹിമിന്റെ അനുചരർ വഴിതെററിയപ്പോൾ അവരേയും ഹസ്രത്ത് മൂസായുടെ അനുചരർ വ്യതിചലിച്ചപ്പോൾ അവരേയും ഹസ്രത്ത് ഈസായുടെ പിൻഗാമികൾ വ്യതിഗമിച്ചപ്പോൾ അവരേയും അല്ലാഹു ഓക്കേയും അവക്കെല്ലാം നേർവഴി കാണിച്ചുകൊടുപ്പാൻ ഏർപ്പാടുചെയ്യുകയും ചെയ്തു. എന്നിരിക്കെ, അവന്റെ ദരിഷ്ഠരിൽ വരിഷ്ഠനായ ഹസ്രത്ത് മുഹമ്മദുമുസ്തഫാ (സ) തിരുമേനിയുടെ ഉമ്മത്തിന്നു മാർഗ്ഗഭ്രംശം ഭവിച്ചപ്പോൾ അവരെ അവൻ വിസ്മരിക്കുകയും അവരെ വഴിയിലാക്കാൻ യാതൊന്നും ചെയ്യാതിരിക്കുകയും ചെയ്യുക സംഭാവ്യമാണോ? എന്നാൽ തിരുനബിയുടെ ഉമ്മത്തിനെ സ്സംബന്ധിച്ച അവരിൽ കടന്നുകൂടുന്ന ചില്ലറ ന്യൂനതകൾപോലും ഇല്ലായ്മ ചെയ്യുവാൻ അല്ലാഹു ആ ഉമ്മത്തിൽനിന്നു എല്ലാ ഓരോ നൂററാണ്ടിന്റേയും തലയ്ക്കൽ ഒരു മുജദ്ദിദിനെ എഴുന്നേല്പിക്കുമെന്നു കൂടി പ്രവചനമുണ്ട്, നോക്കുക തിരുമേനി അരുളുകയാണ്:

ان الله يبعث لهذه الامة على راس كل مئة سنة من يجدد لها دينها

''നിശ്ചയമായും അല്ലാഹു ഓരോ നൂററാണ്ടിന്റേയും തലയ്ക്കൽ ഈ ഉമ്മത്തിനു അവരുടെ ദീനിനെ പുതുക്കിക്കൊടുക്കുന്ന ആളെ അയച്ചുകൊടുക്കുന്നതാണ്'' (അബൂദാവൂദ്). ഇങ്ങനെ ചെറിയ ചെറിയ ന്യൂനതകൾ നീക്കുവാൻകൂടി അല്ലാഹുവിങ്കൽനിന്നു മുജദ്ദിദുമാർ ഈ ഉമ്മത്തിൽ വെളിപ്പെട്ടുകൊണ്ടിരിക്കുമെന്നുള്ളപ്പോൾ ലോകാരംഭംതൊട്ട് എല്ലാ പ്രവാചകന്മാരും ഭയപ്പെടുത്തി

ക്കൊണ്ടു വന്നിരുന്നതായി തിരുനബി (സ) തിരുവരു ൾ ചെയ്തിരിക്കുന്ന ആ വമ്പിച്ച കഴപ്പത്തിന്റെ കാല ത്ത് അല്ലാഹുവിങ്കൽനിന്നു ഒരു മാൎഗ്ഗദർശകൻ വരികയോ മുസ്ലിംകളെ ഇസ്ലാമിന്റെ കൊടിക്കീഴിൽ ഒരുമിച്ചു കൂട്ടുവാൻ ഒരു ശബ്ദം അവങ്കൽനിന്നുണ്ടാവുകയോ, അവരെ അന്ധകാരകൂപത്തിൽനിന്നു കരേററുവാൻ ആകാശ ത്തുനിന്നൊരു കയറ് താണുവരികയോ ഇല്ലെന്നു ബു ദ്ധി സമ്മതിക്കുമോ? സൃഷ്ട്യാരംഭംമുതൽക്കേ തന്റെ കാ രുണ്യത്തിന്റെയും അനുഗ്രഹത്തിന്റേയും ഉദാഹരണങ്ങ ൾ കാട്ടിപ്പോന്ന അല്ലാഹുവിന്റെ ആ കാരുണ്യത്തി ന്റേയും അനുഗ്രഹത്തിന്റേയും അലകൾ തിരുനബിയു ടെ നിയോഗത്തിനുശേഷം പൂർവ്വാധികം ശക്തിയോടെ അടിക്കുകയാണ് ചെയ്യുക. അല്ലാഹു വല്ലൊരു ഉമ്മ ത്തിനും കാരുണ്യവാൻ ആയിരുന്നിട്ടുണ്ടെങ്കിൽ, ഉമ്മത്തു മുഹമ്മദിയ്യക്കു അതിലേറെ കാരുണ്യവാൻ ആകേണ്ടതാ ണ്. അവൻ വല്ലൊരു ഉമ്മത്തിനും അനുഗ്രഹദായകൻ ആ യിരുന്നിട്ടുണ്ടെങ്കിൽ ഉമ്മത്തു മുഹമ്മദിയ്യക്കും അതിലേറെ അനുഗ്രഹദായകൻ ആയിരിക്കേണ്ടതുമാണ്. തീർച്ചയാ യും അവൻ അപ്രകാരം തന്നെയാണിപ്പോൾ ഉമ്മത്തു മുഹമ്മദിയ്യയിൽ ന്യൂനതകൾ കടന്നുകൂടുമ്പോഴെല്ലാം അവ യെ അകററുവൻ അല്ലാഹു തന്റെ ഭാഗത്തുനിന്നു ആ ളെ അയച്ചുകൊണ്ടിരിക്കുമെന്നതു ഖുർആനിൽനിന്നും ഹ ദീസിൽനിന്നും വെളിവാകുന്ന ഒരു വസ്തുതയാണ്. പ്ര ത്യേകിച്ചു, ദജ്ജാലിന്റെ ഫിത്ന പ്രത്യക്ഷപ്പെടുകയും ക്രൈസ്തവത്വം വിജയിക്കുകയും ബാഹ്യമായി ഇസ്ലാം അപജയമടയുകയും മുസ്ലിംകൾ ഇസ്ലാമിനെ കൈവിട്ടു വിമതസ്ഥരുടെ ആചാരങ്ങൾ സ്വീകരിക്കുകയും ചെ യ്യുന്ന ഈ അവസാനകാലത്ത് നബിതിരുമേനിയുടെ ഒരു പരിപൂർണ്ണ പ്രതിപുരുഷൻ വെളിപ്പെട്ടു ലോകത്തെ

സമുദ്ധരിക്കമെന്ന ഖുർആനം ഹദീസും ഒരുപോലെ മ നസ്സിലാക്കിതരുന്നുണ്ട. ഈ കാലത്തെക്കുറിച്ച തിരുന ബി (സ) അരുളിയിരിക്കയാണ്

لا يبقى من الاسلام الا اسمه ولا يبقى من القران الارسمه

''ഇസ്ലാമിൽനിന്ന അതിൻെറ പേരും ഖുർആനിൽ നിന്ന അതിൻെറ ലിപിയും അല്ലാതെ മറെറാന്നും അ വശേഷിക്കയില്ല'' (മിശ്ക്കാത്ത്) അവഥാ ഇസ്ലാമി ൻെറ കഴമ്പ് എവിടേയും കാണപ്പെടുകയില്ല. ഖുർ ആൻെറ ആന്തരം ആക്കം വെളിപ്പെടുകയുമില്ല.

സ്നേഹിതന്മാരെ, അഹ്മദിയ്യാ പ്രസ്ഥാനം സ്ഥാ പിതമായത്തു അല്ലാഹുവിൻെറ പണ്ടേയുള്ള ആ നിയമ മനുസരിച്ചും തിരുനബിയും തിരുനബിക്കു മുമ്പ് വന്ന പ്രവാചകന്മാരും ഇക്കാലത്തെ സംബന്ധിച്ച ചെയ്ത പ്രവചനപ്രകാരവും തന്നെയാണ്. അതിന്നായി അ ല്ലാഹു ഹസ്രത്ത് മീർസാ സാഹിബിനെ തെരഞ്ഞെ ടുത്തതു ശരിയല്ലെങ്കിൽ, ആക്ഷേപത്തിന അവരാണ് പാത്രമാവുക. അതിൽ മീർസാസാഹിബ് എന്തു പിഴ ച്ചു? അല്ലാഹു നിഗൂഢജ്ഞനും സർവ്വ കാര്യങ്ങളും അ റിയുന്നനും അവൻെറ എല്ലാ പ്രവൃത്തികളും അപാര മായ ബുദ്ധിവൈഭവം ഉൾക്കൊണ്ടവയും ആണെങ്കിൽ, ഹസ്രത്ത് അഹ്മദുൽ ഖാദിയാനിയെ അവൻ തെര ഞ്ഞെടുത്തതു തീർച്ചയായും ശരിയായ തെരഞ്ഞെടു പ്പ് തന്നെയാണെന്നും അദ്ദേഹത്തിൽ വിശ്വാസമർപ്പി ക്കുന്നതിലാണ് മുസ്ലിംകളുടെയും ലോകത്തിൻെറ ഒട്ടാ കേയും ക്ഷേമം നിലകൊള്ളുന്നതെന്നും നാം സമ്മതി ക്കേണ്ടതാണ്. പുതിയൊരു സന്ദേശമൊന്നും അദ്ദേഹം

കൊണ്ടുവന്നിട്ടില്ല. മുഹമ്മദ് റസൂലുല്ലാഹ് (സ) ലോകത്തെ കേൾപ്പിച്ചതും ലോകം പിന്നീട മറന്നു കളഞ്ഞതും വിശുദ്ധ ഖുർആൻ ലോകസമക്ഷം വെച്ചതും ലോകം മുഖം തിരിച്ചു കളഞ്ഞതുമായ ആ സന്ദേശം മാത്രമേ അദ്ദേഹം കൊണ്ടുവന്നിട്ടുള്ളൂ. സർവ്വലോകങ്ങളെയും സ്രഷ്ടാവായി ഒരു ദൈവം ഉണ്ടെന്നും, അവനുമായി സ്നേഹബന്ധം സ്ഥാപിക്കുവാനായിട്ടാണ് അവൻ മനുഷ്യരെ സൃഷ്ടിച്ചതെന്നും. അവൻെറ മഹൽഗുണങ്ങൾ അവർ മുഖേന വെളിപ്പെടുവാനായിട്ടാണ് അവൻ അവരെ സൃഷ്ടിച്ചതെന്നും ഉള്ളതാണ് ആ സന്ദേശം. നോക്കുക, വിശുദ്ധ ഖുർആൻ പറയുന്നു:

واذ قال ربك للملئكة انى جاعل فى الارض خليفة

''തീർച്ചയായും ഞാനിതാ ഭൂമിയിൽ ഒരു ഖലീഫയെ നിയമിക്കാൻ പോകുന്നുവെന്നു നിൻെറ റബ്ബ് മലക്കുകളോട് പറഞ്ഞതിനെ ഓർക്കുക'' (2:30) അങ്ങനെ ആദമും അദ്ദേഹത്തിൻെറ സന്തതിയും അല്ലാഹുവിൻെറ ഖലീഫ അഥവാ പ്രതിനിധി ആണെന്നും അവൻെറ ഗുണങ്ങളെ ലോകത്തു വെളിപ്പെടുത്തുവാനാണ് അവർ സൃഷ്ടിക്കപ്പെട്ടതെന്നും സിദ്ധിച്ചു. ആകയാൽ, ഒരു പ്രതിനിധി സദാ താൻ പ്രതിനിധീകരിക്കുന്ന ആളുടെ ഇംഗിതങ്ങൾ അറിഞ്ഞു പ്രവർത്തിക്കയും ഒരു ദാസൻ തൻെറ ഓരോ കാലടിയും തൻെറ യജമാനൻെറ ഹിതത്തിനൊത്തു വയ്ക്കുകയും ചെയ്യുന്ന പ്രകാരം മനുഷ്യർ എപ്പോഴും തങ്ങളുടെ എല്ലാ ആവശ്യങ്ങൾക്കും അല്ലാഹുവിങ്കലേയ്ക്കു തിരിയുകയും അവനെ തങ്ങളുടെ സർവ്വോപരിയായ മിത്രമായി കരുതുകയും അവനിൽ തങ്ങളുടെ സർവ്വ ആശകളും അർപ്പിക്കുകയും ചെയ്തുകൊണ്ടു

അവനുമായി സുദൃഢമായൊരുബന്ധം ഉണ്ടാക്കുകയും അവൻെറ മഹൽഗുണങ്ങളെ തങ്ങളുടെ ജീവിതത്തിൽ പ്രതിഫലിപ്പിച്ചു കാണിക്കുകയും ചെയ്യേണ്ടതേ അവരുടെ ഒഴിച്ചുകൂടാത്ത ധർമ്മമത്രെ. ഈ ധർമ്മത്തെ അവരെക്കൊണ്ടു നിർവ്വഹിപ്പിക്കുവാനാണ് ഹസ്രത്ത് അഹ്മദ് (അ) വാഗ്ദത്ത മസീഹായി അവതീർണ്ണനായതു. ഈ തികന്മാരെ ഭക്തന്മാരാക്കി അവരുടെ ഹൃദയങ്ങളിൽ ഇസ്‌ലാമിൻെറ ഭരണത്തെ സംസ്ഥാപിക്കുവാനാണ് അദ്ദേഹം വന്നിരിക്കുന്നത്. ഹസ്രത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയെ ഏതൊരു സിംഹാസനത്തിൽനിന്നു ഇറക്കുവാനാണോ പൈശാചിക ശക്തികൾ പുറത്തുനിന്നും അകത്തുനിന്നും ആക്രമണം നടത്തുന്നത്, അതേ ആത്മീയ സിംഹാസനത്തിൽ തന്നെ ആ ആത്മീയ സമ്രാട്ടിനെ ഇരുത്തുവാനാണ് അദ്ദേഹം ആഗമിച്ചിരിക്കുന്നതു.

ഈ ലക്ഷ്യപ്രാപ്തിക്കായി അദ്ദേഹം ആദ്യമായി ചെയ്തതു ഇതാണ്: ഇസ്ലാമിൻെറ പുറമേനിയിൽനിന്നു അതിൻെറ അകമേനിയിലേയ്ക്കു മുസ്ലിംകളുടെ ശ്രദ്ധയെ അദ്ദേഹം തിരിച്ചുവിട്ടു. മതവിധികളുടെ ബഹ്യാചാരങ്ങൾ അവശ്യം ആവശ്യമാണെങ്കിലും അവയുടെ ആന്തരമറിഞ്ഞു അവയെ അനുഷ്ഠിക്കുന്നില്ലെങ്കിൽ അവക്കു അഭിവൃദ്ധി പ്രാപിക്കുക അസാദ്ധ്യമാണെന്നു അദ്ദേഹം ഊന്നിപ്പറഞ്ഞു. അങ്ങനെ അദ്ദേഹം ഒരു ജമാഅത്ത് രൂപവൽക്കരിച്ചു. തനിക്കു 'ബൈഅത്ത്' ചെയ്തു തൻെറ ആ ജമാഅത്തിൽ ചേരുന്നവർ ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുമെന്ന ഒരു പ്രതിജ്ഞയും അവരോടദ്ദേഹം വാങ്ങിച്ചു. ദീനിനേക്കാൾ ദുൻയാവിനെ മുന്തിക്കുകയെന്ന ഒരു രോഗമാണ് വാസ്തവത്തിൽ മുസ്ലിം

കളെ ഇന്നിത്രമേൽ ക്ഷയിപ്പിച്ചത്. ദുൻയാവ് അവരുടെ കയ്യിൽനിന്ന ഇളകിപ്പോയിട്ടും അവർ ദുൻയാവിൻെറ പിന്നാലെതന്നെ നടന്നു. ഇസ്ലാമിൻെറ അഭിവൃദ്ധി എന്നതു അവരുടെപക്കൽ രാജത്വങ്ങൾ ലഭിക്കുക എന്നതായി. ഇസ്ലാമിൻെറ വിജയം മുസ്ലിമെന്നു പറയപ്പെടുന്നവർ വിദ്യയിലും വ്യാപാരത്തിലും അഭിവൃദ്ധിപ്പെടുകയും ആയിത്തീർന്നു. എന്നാൽ റസൂൽകരീം (സ) തിരുമേനി അവതരിച്ചതു ജനങ്ങൾ മുസ്ലിമെന്നു പറയപ്പെടുവാനായിട്ടല്ല. ലോകരെ യഥാർത്ഥത്തിൽ മുസ്ലിംകളാക്കി തീർക്കുവാനാണ്. യഥാർത്ഥ മുസ്ലിംമിൻെറ നിർവ്വചനം ഖുർആൻ പ്രകാരം ഇതാണ്: من اسلم وجهه لله ''ഏതൊരാൾ തന്നെത്താൻ അല്ലാഹുവിന്നർപ്പിക്കുകയും തൻെറ ഭൗതികാവശ്യങ്ങളെ ധാർമ്മികാവശ്യങ്ങൾക്കു വിധേയമാക്കുകയും ചെയ്യുന്നുവോ അയാൾ'' (2:112). ബാഹ്യമായി നോക്കുമ്പോൾ ഇത്ര കാര്യമായ ഒന്നായി കാണപ്പെടുന്നില്ലെങ്കിലും ആന്തരികമായി നോക്കുമ്പോൾ ഇസ്ലാമിനും ഇതരമതങ്ങൾക്കും തമ്മിലുള്ള അന്തരത്തെ വെളിപ്പെടുത്തുന്ന ഒരു ഗൌരവസംഗതിയാണിത്. നിങ്ങൾ വിദ്യ അഭ്യസിക്കേണ്ട എന്നോ വ്യാപാരം ചെയ്യേണ്ട എന്നോ, കൈത്തൊഴിലിലോ വ്യവസായത്തിലോ ഏർപ്പെടേണ്ട എന്നോ, സ്വന്തം ഭരണത്തെ സുശക്തമാക്കാൻ ശ്രമിക്കേണ്ട എന്നോ ഇസ്ലാം കല്പിക്കുന്നില്ല. മനുഷ്യൻെറ വീക്ഷണകോണൊന്നു മാററുവാനേ അതു നിർദ്ദേശിക്കുന്നുള്ളു. ലോകത്തു എല്ലാ കാര്യങ്ങൾക്കും രണ്ടു വീക്ഷണകോണുകൾ ഉണ്ട്. ഒന്നു പുറത്തുനിന്നുകൊണ്ടു അകം ഗ്രഹിക്കുക, മററൊന്നു അത്തുനിന്നുകൊണ്ടു പുറം ഗ്രഹിക്കുക പുറത്തുനിന്നുകൊണ്ടു അകം ഗ്രഹിക്കാമെന്നു വി

ചാരിക്കുന്നവർ തങ്ങളുടെ ലക്ഷ്യം പ്രാപിച്ചേ തീരൂ എന്നില്ല. അധികവും അവർ പരാജയപ്പെടുകയാണ് ചെയ്യുക. എന്നാൽ അകം പ്രാപിച്ചവർക്കു പുറവും കിട്ടുന്നു. തിരുനബിയുടേയും പ്രിയ സഖാക്കളുടേയും പരിശ്രമം മുഴുവൻ ദീനിനുവേണ്ടി ആയിരുന്നു. എങ്കിലും ഭൌതിക വിഭൂതികൾ അവർക്കു ലഭിക്കാതെ പോയിട്ടില്ല. ദീൻ ലഭിച്ചവരുടെ പിന്നാലെ ദുൻയാവ് ഒരു ദാസിയെപ്പോലെ ഓടിച്ചെല്ലുമെന്നതു പ്രകൃതി സത്യമാണ്. എന്നാൽ ദുൻയാവ് ലഭിച്ചവർക്കു ദീൻ ലഭിക്കണമെന്നില്ല. ഏറിയ കൂറും ലഭിക്കാതെയാണ് പോവുക. അതുമല്ല, ഉള്ള ദീനും ചിലപ്പോൾ ചോർന്നുപോവുകയാണ് സംഭവിക്കുക. ആകയാൽ എല്ലാ നബിമാരെയുംപോലെ ഹസ്രത്ത് മസീഹ്മൌഊദും (അ) അല്ലാഹുവിൻെറ കല്പന പ്രമാണിച്ചു തൻെറ മുഴുവൻ ശക്തിയും ജനങ്ങളുടെ ശ്രദ്ധയെ ദീൻകാര്യത്തിലേക്കു തിരിക്കുവാനായി വിനിയോഗിച്ചു. അദ്ദേഹം ആവിർഭവിച്ചകാലത്തു മുസ്ലിംകളുടെ മുമ്പിൽ രണ്ടു ചിന്താഗതികളാണുണ്ടായിരുന്നത്, ഒന്നു, മുസ്ലിംകൾ ബലഹീനരായതുകൊണ്ടു ഭൗതികമായ ശക്തികരസ്ഥമാക്കുന്നതിനായി യത്നിക്കേണമെന്നു. മറെറാന്നു, അദ്ദേഹം ഉന്നയിച്ചത്തന്നെ. അതായത്, നാം ദീൻവിഷയത്തിൽ ശ്രദ്ധ ചെലുത്തണമെന്നും അതുവഴി അല്ലാഹു നമുക്കു ദുൻയാവും നൽകുമെന്നുമുള്ളത്.

അദ്ദേഹത്തിൻെറ ഈ പ്രസ്ഥാനവും ഇക്കാലത്തെ സൂഫികൾ മുതലായവരുടെ പ്രസ്ഥാനങ്ങൾ പോലുള്ള ഒന്നാണെന്നു ചിലർ തെററിദ്ധരിച്ചു. ഈ മതഗുരുക്കന്മാരാകട്ടെ നമസ്കാരം, നോമ്പ് ആദിയായവ ബാഹ്യമായനുഷ്ഠിക്കുന്ന കാര്യത്തിൽ ശക്തിയായി ഉപ

ദേശിക്കുന്നു. ആളുകളെ ഇവർ മൂലകളിലും മുക്കുകളി ലും 'ഖൽവ'ത്തിലിരുത്തി സ്ത്രീകളെപ്പോലെ ആക്കി ത്തീർക്കുന്നു. ഇത്തരം ഉപദേശങ്ങൾ നൽകിയിരുന്നെ ങ്കിൽ ഹസ്രത്ത് മസീഹ് മൗഊദ് (അ) ആന്തരത്തെ വിട്ടു ബാഹ്യത്തെ പ്രാപിക്കാൻ ഉപദേശിച്ച ആളായി ന്നീരും. എന്നാലദ്ദേഹം അങ്ങനെ ചെയ്തില്ല. മതവി ധികളനുസരിച്ചു പ്രവർത്തിക്കണമെന്നു ശക്തിയായി ഉ പദേശിച്ചതിനോടുകൂടെതന്നെ, ദീൻ അല്ലാഹുവിൻെറ ഭാഗത്തുനിന്നു വരുന്നതു മനുഷ്യൻെറ ബുദ്ധിയെ വി കസിപ്പിക്കാനും അവൻെറ തലച്ചോറിനു പ്രകാശം ന ൽകാനുംകൂടി ആണെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു. മതാ ദ്ധ്യാപനം അനുസരിച്ചു പ്രവർത്തിക്കുന്ന ആളിൽ ദീൻ ഉൽകൃഷ്ടമായ സ്വഭാവഗുണങ്ങളേയും കർമ്മോൽബുദ്ധ തയെയും ത്യാഗബോധത്തെയും ഉണ്ടാക്കിത്തീർക്കുന്ന താണെന്നും അദ്ദേഹം പഠിപ്പിച്ചു. അദ്ദേഹം പറഞ്ഞു: നിങ്ങൾ മതത്തെ മുറുകെ പിടിക്കുവിൻ. നമസ്ക്ക രിക്കുകയും വ്രതമനുഷ്ഠിക്കുകയും ഹജ്ജു ചെയ്യുകയും സ ക്കാത്തു കൊടുക്കുകയും ചെയ്വിൻ. എന്നാൽ നിങ്ങ ളുടെ നമസ്ക്കാരവും വ്രതവും ഹജ്ജും സക്കാത്തുമെല്ലാം വിശുദ്ധ ഖുർആൻ നിർദ്ദേശിക്കുന്ന പ്രകാരം ആയി രിക്കട്ടെ. വിശുദ്ധ ഖുർആൻ നിങ്ങളോടു 'ഏത്തമി ടാൻ' അല്ലാ കല്പിക്കുന്നതു. പട്ടിണിയിടാനും അതു നിങ്ങളോടു കല്പിക്കുന്നില്ല. വൃഥാ നാടുവിട്ടുപോകാനും അതു നിങ്ങളോടു പറയുന്നില്ല. പണം പാഴാക്കാനും അതു നിങ്ങളോടു പറയുന്നില്ല. നമസ്ക്കാരത്തെക്കു റിച്ചു ആ പവിത്രഗ്രന്ഥം ഇങ്ങനെ പറയുന്നു:

ان الصلوة تنهى عن الفحشاء والمنكر

''നമസ്ക്കാരം നിശ്ചയമായും ലജ്ജാകരമായ കാര്യങ്ങളിൽനിന്നും നിഷിദ്ധമായ കർമ്മങ്ങളിൽനിന്നും വിരമിപ്പിക്കും.'' (29:45) നമസ്ക്കാരംകൊണ്ട് ഖുർആൻ പറഞ്ഞ ഈ ഫലങ്ങരം ഉണ്ടാകുന്നില്ലെങ്കിൽ നിങ്ങളുടെ നമസ്ക്കാരം നമസ്ക്കാരമല്ല വ്രതത്തെക്കുറിച്ച ആ വിശുദ്ധ ഗ്രന്ഥം പറയുന്നു: لعلكم تتقون 'നിങ്ങളിൽ ഭക്തിയും ഉൽകൃഷ്ടഗുണങ്ങളും ഉണ്ടായിത്തീരാൻ വ്രതം നിർണ്ണിതമായിരിക്കുന്നു'' (2:183) ആകയാൽ നിങ്ങരം നോമ്പുനോല്ക്കുകയും അതോടൊപ്പം ഖുർആൻ പറഞ്ഞ ഈ ഫലങ്ങരം ഉണ്ടാകാതിരിക്കുകയും ആണെങ്കിൽ നിങ്ങളുടെ മനോനില ശരിയായിട്ടില്ലെന്നും നിങ്ങരം നോമ്പു നോല്ക്കുകയല്ല, വിശപ്പ് സഹിക്കുക മാത്രമാണ് ചെയ്തിട്ടുള്ളതു എന്നും വരും. നിങ്ങരം വിശന്നവരാകണമെന്നതല്ല അല്ലാഹുവിൻെറ ഉദ്ദേശം. ഹജ്ജിനെക്കുറിച്ച ആ പാവനഗ്രന്ഥം പറയുന്നത്, അക്രമഗതമായ വിചാരങ്ങളേയും പരസ്പരമാത്സര്യങ്ങളേയും ദൂരീകരിക്കാനുള്ള മാർഗ്ഗമാണത് എന്നാണ് (2;197). അപ്പോരം ഹജ്ജുകൊണ്ട് അസഭ്യവാക്കുകരം, അതിക്രമങ്ങരം, തകരാറുകരം ഇവയിൽനിന്നു ഒരുവൻ ഒഴിയുന്നില്ലെങ്കിൽ അവൻെറ ഹജ്ജ് ഹജ്ജല്ല. സക്കാത്തിനെക്കുറിച്ച ആ പരിപാവനഗ്രന്ഥം പറയുകയാണ്: خذ من اموالهم صدقة تطهرهم وتزكيهم بها ''അവരുടെ സ്വത്തുക്കളിൽനിന്നു സക്കാത്ത് വാങ്ങുക. അതുമുഖേന നീ അവരെ ശുദ്ധീകരിക്കുകയും പവിത്രരാക്കുകയും ചെയ്യുകയാണ്'' (9:103) അങ്ങനെ സക്കാത്ത് വ്യക്തിയേയും സമുദായത്തേയും സംശുദ്ധിചെയ്യുവാനും അവരുടെ ഹൃദയങ്ങളേയും ചിന്തകളേയും പവിത്രമാക്കുകവാനും വേണ്ടിയാണ് നിശ്ചിതമായിരിക്കുന്നത്. ആ

കയാൽ ഈ ഫലങ്ങളെല്ലാം ഉളവാകാതിരിക്കുന്നിടത്തോളം കാലം നിങ്ങളുടെ ഹജ്ജും നിങ്ങളുടെ സക്കാത്തും വെറും പ്രദർശനംമാത്രമാണ്. നിങ്ങൾ നമസ്കരിക്കയും വ്രതമനുഷ്ഠിക്കയും ഹജ്ജു ചെയ്കയും സക്കാത്ത് കൊടുക്കുകയും ചെയ്തുകൊൾവിൻ, ഇപ്പറഞ്ഞ ഫലങ്ങൾ നിങ്ങളിലുളവാകുന്നില്ലെങ്കിൽ നിങ്ങളവ ചെയ്തവരായി ഞാൻ ഗണിക്കയില്ല. ഈ ഫലങ്ങൾ നിങ്ങളിലുണ്ടായി, നിങ്ങൾ ലജ്ജാവഹമായ ചെയ്തികളിൽനിന്നും നിഷിദ്ധമായ ക്രിയകളിൽനിന്നും ഒഴിയുകയും നിങ്ങളിൽ ഭക്തി ഉളവാകുകയും, അസഭ്യവും ആഭാസവുമായ സകലററിലുംനിന്നും വഴക്കുകളിലും വക്കാണങ്ങളിൽ നിന്നും നിങ്ങൾ പരിപൂർണ്ണമായി വിരമിക്കുകയും, വ്യക്തിഗതമായും സമൂഹഗതമായും നിങ്ങൾ പരിശുദ്ധരായി തീരുകയും നിങ്ങളുടെ വിചാരവികാരാദികൾ പവിത്രങ്ങളാവുകയും വേണം. ആരിൽ ഈ ഫലങ്ങൾ ഉളവായിക്കാണുന്നില്ലയോ അയാൾ എൻെറ ജമാഅത്തിൽപെട്ട ആളായി ഞാൻ കരുതുകയില്ല: എന്തെന്നാൽ അയാൾ ആന്തരിക സംശുദ്ധിയെ സംവരിക്കുന്നതിനുപകരം വെറും ബാഹ്യവത്തിത്വത്തെ അവലംബിച്ചിരിക്കയാണ്. അല്ലാഹു ഉദ്ദേശിക്കുന്നതു കേവലം ബാഹ്യപ്രാപ്തിയെയല്ല.

ഇതുപോലെതന്നെ മററെല്ലാ ആരാധനകർമ്മങ്ങളിലും അവയുടെ പുറം തോലിനെയല്ല അകത്തെ കാമ്പിനെയാണ് കാര്യമായി കരുതേണ്ടതെന്നും അദ്ദേഹം ഊന്നിപ്പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞു; ഇസ്ലാമിൻെറ എല്ലാ കല്പനകളും അല്ലാഹുവിൻെറ അഗാധമായ ബുദ്ധിവൈഭവത്തിൻെറ പ്രകടനരംഗങ്ങളാണ്. ബാഹ്യചക്ഷു

സ്സകരാംക്ക് അവൻ അഗോചരനാണ്. ഹൃദയങ്ങരാംക്കു മാത്രമെ അവനെ ദർശിക്കുവാനാവുകയുള്ളു. കരങ്ങരാംക്ക അവനെ സ്പർശിക്കുക ശക്യമല്ല. പ്രേമത്തിനുമാത്രമേ അവനെ സ്പർശിക്കുക സാദ്ധ്യമാവുകയുള്ളു മതത്തിൻെറ ഉദ്ദേശ്യം വെറും കണ്ണുകളെയും കരങ്ങളെയും നിയന്ത്രിക്കുകയല്ല; അതവയെ നിയന്ത്രിക്കുന്നതു ഹൃദയങ്ങളേയും ചിന്തകളെയും ശുദ്ധിചെയ്യുവാൻ വേണ്ടിയാണ്. അങ്ങനെയായാൽ മാത്രമേ, അല്ലാഹുവിനെ ദർശിക്കുവാനും അവനെ സ്പർശിക്കുവാനും അവൻെറ മധുരഭാഷണങ്ങരാം ശ്രവിക്കുവാനുമുള്ള ശക്തികരാം മനുഷ്യനു സംസിദ്ധമാവുകയുള്ളു.

ചുരുക്കത്തിൽ, ഈ സംഗതികളെ വളരെ ശക്തിയോടുകൂടി ഉപദേശിച്ചുകൊണ്ടു ഇസ്ലാമിൻെറ പുരോഗതിക്ക പുതിയൊരു മാർഗ്ഗം അദ്ദേഹം വെട്ടിത്തുറന്നു. തൽഫലമായി ഒരു ജമാഅത്ത് ഉണ്ടായിവന്നു. അതു ചെറിയൊരു സംഘമാണെങ്കിലും, ഭൗതികതയേക്കാരാം ധാർമ്മികതയെ കൂടുതൽ മതിച്ചു, ഇസ്ലാമിൻെറ ആത്മീയമായ അഭിവൃദ്ധിക്കം തദ്വാരാ ഹസ്രത്ത് മുഹമ്മദു മുസ്തഫാ (സ) തിരുമേനിയുടെ ആത്മീയമായ രാജത്വത്തിൻെറ പുനഃസംസ്ഥാപനത്തിനും വേണ്ടി സർവ്വവിധ ത്യാഗങ്ങളും അവർ ചെയ്യു തുടങ്ങി. ഒന്നാലോചിച്ചു നോക്കുവീൻ! അഹ്മദികളുടെ ഈ ചെറിയ ജമാഅത്തിനും ഈതര മുസ്ലിംകളുടെ ആ വമ്പിച്ച സമൂഹത്തിനും തമ്മിൽ എത്ര അന്തരമാണുള്ളതു! എന്നിട്ടുകൂടി അഹ്മദിയ്യാ ജമാഅത്ത് ഇസ്ലാമിൻെറ പ്രചാരത്തിനും അതിൻെറ അഭിവൃദ്ധിക്കുമായി ചെയ്യുന്ന പരിശ്രമത്തിൻെറ അത്ര എന്നതുപോകട്ടെ, അതിൻെറ പകുതിയോ കാൽഭാഗം പോലുമോ ഇവരേക്കാരാം ആയിരമായിരം മടങ്ങു അധി

കമുള്ള ഇതരമുസ്ലിംകൾ ചെയ്യുന്നുണ്ടോ? ഇയ്യൊരു മാററം എങ്ങനെയുണ്ടായി? അഹ്മദികൾ ദുൻയാവിനേക്കാൾ ദീനിനു ഉപരിയായ സ്ഥാനം കൊടുത്തുകൊണ്ടു പ്രവർത്തിക്കണമെന്നു, വാഗ്ദത്തമസീഹായിവന്ന ഹസ്രത്ത് അഹ്മദുൽ ഖാദിയാനി (അ) അവരോടു ചെയ്ത ഉപദേശത്തിൻെറ ഫലമായി ഉണ്ടായതാണീ പരിവർത്തനം. ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കേണ്ടതാണെന്ന യാഥാർത്ഥ്യം അവർ ഗ്രഹിച്ചതോടുകൂടി അവരുടെ കർമ്മങ്ങളെല്ലാം ഒരു നവീനരൂപം കൈക്കൊണ്ടു. ഒരു യഥാർത്ഥ അഹ്മദിയുടെ നമസ്കാരം ഒരനഹ്മദിയുടേതുപോലെയല്ല. രണ്ടിൻെറയും രൂപം ഒന്നുതന്നെ. ചൊല്ലുകളിലും വ്യത്യാസമില്ല. വീക്ഷണഗതിക്കു മാത്രമേ വ്യത്യാസമുള്ളു. അഹ്മദി നമസ്കരിക്കുന്നതു നമസ്കാരത്തിനുവേണ്ടിയും അല്ലാഹുവുമായുള്ള ബന്ധത്തെ വർദ്ധമാനമാക്കുവാൻവേണ്ടിയും ആണ്. മററു മുസ്ലിംകൾ നമസ്കരിക്കുന്നതും അല്ലാഹുവുമായുള്ള ബന്ധത്തെ വദ്ധിപ്പിക്കുവാനല്ലേ എന്നു ചിലർ ചോദിച്ചേക്കാം. അതിനു, അല്ലെന്നാണ് ഞാൻ മറുപടി പറയുക. നിങ്ങൾ ചിന്തിക്കുന്നപക്ഷം അല്ലാഹുമായി നേരിട്ടു ബന്ധപ്പെടുക സാദ്ധ്യമല്ലെന്ന ഒരു ധാരണ ദൗർഭാഗ്യവശാൽ ഇന്നു മുസ്ലിംകളിൽ കടന്നുകൂടിയിരിക്കയാണെന്ന വസ്തുത നിങ്ങൾക്കുതന്നെ മനസ്സിലാകും. അല്ലാഹു തൻെറ അടിയന്മാരോടു ഇപ്പോൾ സംസാരിക്കാറില്ലെന്നും അവനെക്കൊണ്ടു വല്ലൊരു കാര്യവും സാധിപ്പിക്കുക അടിയാനു സാദ്ധ്യമല്ലെന്നും ഉള്ള തെററായ ഒരു ധാരണ ഇന്നു പൊതുവെ മുസ്ലിംകളിൽ വ്യാപിച്ചിരിക്കുന്നു. ഇൽഹാം (ദൈവവചനം) ലഭിക്കുക എന്നതിനെ മുസ്ലിംകൾ നിഷേധിച്ചു തുടങ്ങിയിട്ട് ഒരു

നൂററാണ്ടിലധികമായി, ദൈവവചനം ഇറങ്ങാറുണ്ടെന്ന വിശ്വാസക്കാർ മുസ്ലിംകളിൽ അതിനുമുമ്പു ഉണ്ടായിരുന്നു. അത്രയുമല്ല, തങ്ങൾക്കുതന്നെ ദൈവവചനം ലഭിച്ചിട്ടുള്ളതായി വാദിച്ച മുസ്ലിംകളും ഉണ്ടായിരുന്നു. എന്നാൽ ഒരു നൂററാണ്ടായി, ദൈവവചനം ലഭ്യമല്ലെന്ന ഈ ആപൽക്കരമായ വിശ്വാസം മുസ്ലിംകളെ കടന്നുപിടിച്ചിട്ട്. ദൈവവചനം ലഭ്യമാണെന്നു പറയുന്നതു കുഫ്റാണെന്നുകൂടി ചില ആലിംകൾ വിധി കൽപിച്ചിട്ടുണ്ട്. എന്നാൽ വാഗ്ദത്തമസീഹായി ആഗമിച്ച ഹസ്രത്ത് അഹ്മദുൽ ഖാദിയിനി (അ) ലോകത്തോടു പറഞ്ഞു: ''ദൈവം എന്നോടു സംസാരിക്കുന്നുണ്ട്, എന്നെ പരിപൂർണ്ണമായി അനുസരിച്ച എൻെറ നിർദ്ദേശങ്ങൾ പ്രകാരം ചരിക്കുന്നവരോടു അല്ലാഹു സംസാരിക്കുന്നതുമാണ്'' തനിക്കു ലഭിച്ച ആ ദൈവവചനങ്ങളെ അദ്ദേഹം ലോകത്തിൻെറ മുമ്പാകെ വെച്ചുകൊണ്ടു ഇരുന്നു. അല്ലാഹുവിൻെറ ഈ അമൂല്യാനുഗ്രഹത്തെ കരഗതമാക്കുവാൻ യത്നിക്കണമെന്നു തൻെറ അനുയായികളോടു അദ്ദേഹം ഉൽബോധിപ്പിച്ചുകൊണ്ടുമിരുന്നു. അദ്ദേഹം പറഞ്ഞു: ''നീ അനുഗ്രഹിച്ചവരുടെ ആ നേർപാതയിൽതന്നെ ഞങ്ങളെ നടത്തേണമേ!'' എന്നു ദൈവത്തോടു ദിനേന അഞ്ചുനേരങ്ങളിലായി മുസ്ലിംകൾ പ്രാർത്ഥിക്കുവാൻ നിർബന്ധിതരാണ്. ഈ അനുഗൃഹീതരിൽ പ്രധാനർ നബിമാർ ആണെന്നതു അവിതർക്കിതവുമാണ്. എന്നിരിക്കെ, ആ പൂർവ്വ പുണ്യാത്മാക്കൾക്കു തുറന്നുകൊടുത്തിരുന്ന തിരുവാതിൽ അല്ലാഹു മുസ്ലിംകളിലാക്കും തുറന്നുകൊടുക്കുകയില്ലെന്നും, ആ പൂർവ്വന്മാരോടു അവൻ സംസാരിച്ചപോലെ ഇവരിലാരോടും സംസാരിക്കയില്ലെന്നും വരികയാണെ

ങ്കിൽ, അല്ലാഹു പഠിപ്പിച്ചതന്ന ഈ അനശ്വര പ്രാർത്ഥന നിരർത്ഥമായി തീരുകയല്ലേ ചെയ്യുക? ഇങ്ങനെ അദ്ദേഹം മുസ്ലിംകളുടെ ഈ മരവിച്ച ചിന്താഗതിയെ മാററി അതിന്നൊരു നവചൈതന്യം നൽകി. എല്ലാ ഓരോ അഹ്മദിയേയുംപററി ഞാൻ പറയുന്നില്ല. എന്നാൽ, ഹസ്രത്ത് മസീഹ് മൗഊദിൻെറ ഉപദേശങ്ങളുടെ ഉൾപ്പൊരുൾ ശരിക്കു ഗ്രഹിച്ച ഒരഹ്മദി നമസ്കരിക്കുന്നതു കേവലം ഒരു ചടങ്ങ് നിർവ്വഹിക്കുന്ന നിലയിലല്ലെന്നും, അല്ലാഹുവിനോടെന്തോ ചോദിച്ചു വാങ്ങുവാനായി ചെന്നവനെപ്പോലെയും അവനുമായി നവമായ ഒരടുപ്പത്തിനു വട്ടം കൂട്ടുന്നവനെപ്പോലെയുമാണ് അയാളാകർമ്മം നിർവ്വഹിക്കുന്നതെന്നും എനിക്കു പറയുവാൻ സാധിക്കും. ഈ നിലയിൽ നമസ്കരിക്കുന്നവരുടേയും മററുള്ളവരുടേയും നമസ്കാരം ഒരുപോലെ അല്ലെന്നതു വളരെ വ്യക്തമാണ്.

അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുന്ന വിഷയത്തെക്കുറിച്ചു അദ്ദേഹം വളരെ ശക്തിയായി ഉപദേശിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞു: ''എൻെറ വാദത്തിൻെറ വാസ്തവസ്ഥിതിയെ വെളിപ്പെടുത്തുന്നതിന്ന് നിരവധി രേഖകൾ അല്ലാഹു എനിക്കു നൽകിയിട്ടുണ്ട്. എന്നാൽ ആ രേഖകളെപ്പററി ചിന്തിക്കുവാനല്ലാ ഞാൻ നിങ്ങളോടു പറയുന്നതു. അവയെപ്പററി ചിന്തിക്കുന്നതിനുള്ള സൗകര്യം നിങ്ങൾക്ക് ലഭിക്കുകയോ അതാവശ്യമാണെന്നു നിങ്ങൾക്കു തോന്നുകയോ ചെയ്യുന്നില്ലെങ്കിൽ, അഥവാ ആ വിഷയകമായി ചിന്തിക്കുന്നതിൽ വല്ല തെററും പററിയേക്കാമെന്നു നിങ്ങൾ വിചാരിക്കുന്നെങ്കിൽ, നിങ്ങളുടെ ശ്രദ്ധയെ മറെറാരു മാർഗ്ഗത്തിലേക്കു ഞാൻ ക്ഷണിക്കുന്നു. നിങ്ങൾ എൻെറ

കാര്യത്തെപ്പററി അല്ലാഹുവിനോട് പ്രാത്ഥിക്കുവിൻ. ഈ മനുഷ്യൻ സത്യവാനാണെങ്കിൽ ഞങ്ങളെ നീ മാഗ്ഗദർശനം ചെയ്യാലും, ഇദ്ദേഹം ഒരു വ്യാജവാദിയാണെങ്കിൽ ഇദ്ദേഹത്തിൽനിന്നു നീ ഞങ്ങളെ വിദൂരപ്പെടുത്തിയാലും, എന്നിങ്ങനെ അവനോട് സഹായം തേടുവിൻ. ആത്മാർത്ഥമായി, വിദ്വേഷരഹിതരായി, വല്ലൊരാളും കുറഞ്ഞ ദിവസം ഇങ്ങനെ പ്രാത്ഥിക്കുകയാണെങ്കിൽ, അല്ലാഹു തീർച്ചയായും അയാൾക്ക് മാഗ്ഗദർശനത്തിനുള്ള ഒരു വഴി തുറന്നുകൊടുക്കും. എൻെറ സത്യത്തെ അവൻ ഭയാൾക്ക് വെളിപ്പെടുത്തി കൊടുക്കുകയും ചെയ്യും. ശതക്കണക്കിലും സഹസ്രക്കണക്കിലും ആളുകൾ ഇത്തരത്തിൽ ശ്രമം നടത്തുകയും, അല്ലാഹുവിങ്കൽനിന്നു അവക്കു വെളിച്ചം ലഭിക്കുകയും ചെയ്തിട്ടുണ്ട്. എത്ര വ്യക്തമായ തെളിവാണിതു! മനുഷ്യനു സ്വന്തമായി ചിന്തിച്ചറിയുന്നതിൽ തെററു പററാം. എങ്കിലും, അല്ലാഹുവിനു മാഗ്ഗദർശനം ചെയ്യുന്നതിൽ തെററു പററാവതല്ല. തൻെറ സത്യാവസ്ഥയെ സ്ഥിരീകരിക്കുന്നതിനു, ഇങ്ങിനെയൊരു പരീക്ഷണമാഗ്ഗം ലോകസമക്ഷം അവതരിപ്പിച്ച ആ മനുഷ്യനു അതിൽ എത്രമാത്രം വിശ്വാസദാർഢ്യം ഉണ്ടായിരിക്കണം! ചെല്ലുവിൻ. ദൈവത്തോട് എന്നെപ്പററി ചോദിച്ചുനോക്കുവിൻ, എന്നിങ്ങനെ ലോകത്തെ ആഹ്വാനം ചെയ്യുവാൻ ഒരു വ്യാജവാദിക്കു ആവുന്നതാണോ? താൻ ദൈവത്തിങ്കൽനിന്നല്ലെങ്കിൽ, ആ മനുഷ്യൻ ഈ മാഗ്ഗത്തെ ആലംബമാക്കി തനിക്കെതിരിൽ താൻതന്നെ വിധിപറയുന്ന ആളായിത്തീരും. തൻെറ കാലിനു താൻതന്നെ കോടാലിവെക്കുന്നവനുമാകും. എന്നാൽ ഹസ്രത്ത് അഹ്മദ് ഖാദിയാനി (അ) അനവരതം ലോകസമക്ഷം ഇക്കാര്യം വച്ചുപോന്നു. അല്ലേയോ, ലോകരെ! എൻെറ സത്യ

തയ്യ എൻെറ പക്കൽ സഹസ്രോപസഹസ്രം രേഖകളു ണ്ട്. ആ രേഖകളാൽ നിങ്ങരം സംതൃപ്തരാകുന്നി ല്ലെങ്കിൽ നിങ്ങരം എൻെറയോ എൻെറ എതിരാളികളു ടെയോ വാക്കെടുക്കേണ്ട. അല്ലാഹുവിൻെറ തിരുസമക് ഷത്തിൽ ചെല്ലുവിൻ, അവനോട് ചോദിപ്പിൻ ഞാൻ സത്യവാനോ അസത്യവാനോ എന്നു. ഞാൻ അസത്യ വാനാണെന്നു അവൻ പറയുകയാണെങ്കിൽ, ഞാനങ്ങ നെയാണെന്നതിൽ പിന്നെ സന്ദേഹത്തിനു വഴിയില്ല. അഥവാ ഞാൻ സത്യവാനാണെന്നാണ് അവൻ പറയു ന്നതെങ്കിൽ, പിന്നെ നിങ്ങരംക്കെന്നെ സ്വീകരിക്കുന്ന കാര്യത്തിൽ എന്തു തടസ്സമാണുള്ളത്?

മിത്രങ്ങളെ! എത്ര നേക്കം നേർവഴിക്കുമുള്ള ഒരു തീരുമാനമാഗ്ഗം ആയിരുന്നു ഇതു! ആയിരക്കണക്കിലാളു കരം ഈ മാഗ്ഗത്തെ അവലംബിച്ചു സഫലത പ്രാപിച്ചു. തീരുമാനത്തിനുള്ള ഈ മാഗ്ഗത്തെ ഇന്നു ആരെല്ലാം അവ ലംബിക്കാൻ ഒരുക്കമാണോ അവർക്കും അതിൽനിന്നു ഫലമെടുക്കാം. തീർപ്പിനുള്ള ഈ വഴിയിൽ ഒരു കാ ര്യമാണ് മുഴച്ചുനിന്നിരുന്നതു. ദീൻ ദുൻയാവിനെക്കാരം മികച്ചതാണ്. എന്ന വസ്തുത അദ്ദേഹം മനസ്സിലാക്കി. അദ്ദേഹം പറയുകയുണ്ടായിരുന്നു: ഭൗതികവസ്തുക്കളെ കാ ണുന്നതിനു അല്ലാഹു കണ്ണുകരം തന്നു. ഭൗമസാധനങ്ങ ളെ വകതിരിച്ചറിയുന്നതിനു അവൻ ബുദ്ധിയും തന്നു, പ്രപഞ്ച പദാത്ഥങ്ങളെ കാണിച്ചുകൊടുക്കുന്നതിനു അ വൻ സൂര്യനക്ഷത്രാദിയെയും നിമ്മിച്ചു. എന്നി രിക്കെ, ആത്മീയ യാഥാത്ഥ്യങ്ങളെ നമുക്ക് കാണിച്ചു തരുവാൻ അവൻ ഒരു വഴിയും വച്ചിട്ടില്ലെന്നു വരുമോ? തീർച്ചയായും ആത്മീയവസ്തുതകരം കാണുവാൻ ആഗ്ര ഹിക്കുന്നവക്ക് അവൻ അതിന്നുള്ള വഴിയും തുറന്നുകൊടു ക്കുന്നു. അവൻതന്നെ വിശുദ്ധഖുർആനിൽ പറയുന്നു.

والذين جاهدوا فينا لنهدينهم سبلنا

'നമ്മെ ദർശിക്കുന്നതിനായി ആരെല്ലാം യത്നിക്കുന്നുവോ അവർക്കെല്ലാം നാം നമ്മുടെ വഴികളെ തീർച്ചയായും കാണിച്ചു കൊടുക്കുന്നു'' (29 : 70)

ചുരുക്കിപ്പറയാം. ധാർമ്മികതയെ ഭൗതികതയോടൊപ്പം മുന്തിക്കാനുള്ള വഴിയെ ഹസ്രത്ത് അഹ്മദ് (അ) തൻെറ ജമാഅത്തിൻെറ മുമ്പാകെ മാത്രമല്ല, തന്നെ നിരാകരിക്കുന്നവരുടെ മുമ്പാകെയും തുറന്നിട്ടു. നമ്മുടെ ദൈവം സജീവമായ ഒരു ദൈവമാണ്. ഈ വിശ്വവ്യവസായശാലയെ ഇന്നും അവൻതന്നെയാണ് നടത്തിപ്പോരുന്നതു—ഭൗതികമായും അദ്ധ്യാത്മികമായും. അവനുമായി അധികമധികം ബന്ധവും അടുപ്പവും ഉണ്ടാക്കുക ഒരു വിശ്വാസിക്കു ആവശ്യമാണ്. മാർഗ്ഗദർശനം ലഭിക്കാത്ത ഒരാൾ അല്ലാഹുവിനോടുതന്നെ നേർമാർഗ്ഗം ലഭിക്കുന്നതിനുള്ള പ്രകാശം തേടുകയും അവൻെറ സഹായത്താൽ യാഥാർത്ഥ്യത്തിലെത്തിച്ചേരാൻ യത്നിക്കുകയും ചെയ്യേണ്ടതു അയാൾക്കു ആവശ്യമാണ്. ഹസ്രത്ത് മസീഹ് മൗഊദ് (അ) വന്നതിൻെറ യഥാർത്ഥോദ്ദേശ്യം ലോകത്തെ പുനരുദ്ധരിക്കുകയും മനുഷ്യവർഗ്ഗത്തിൻെറ ശ്രദ്ധയെ വീണ്ടും ദൈവത്തിങ്കലേയ്ക്കു തിരിച്ചുവിടുകയും, ദൈവത്തെ ദർശിക്കുകയെന്നതു അസംഭാവ്യമായി കരുതുന്നവരിൽ അവൻെറ ആ ദർശനത്തിൽ, ദൃഢവിശ്വാസം ഉളവാക്കുകയും, അങ്ങനെ ഹസ്രത്ത് മൂസാ (അ), ഹസ്രത്ത് ഈസാ (അ) ഇവരുടെയും മററു പ്രവാചകന്മാരുടെയും കാലങ്ങളിലെ ജനങ്ങൾക്കു ഭാഗ്യം സിദ്ധിച്ചപോലെ ഇക്കാലത്തെ ജനത്തിനും പവിത്രജീവിതം വരിക്കുന്നതിനുള്ള മാർഗ്ഗം വെട്ടിത്തുറക്കുകയും ആണ്.

പ്രിയരെ! പൂർവ്വഗ്രന്ഥങ്ങൾ വായിച്ചുനോക്കുവിൻ. അനന്തരം സ്വന്തം പൂർവ്വികന്മാരുടെ ജീവിതചരിത്രങ്ങളും പഠിച്ചുനോക്കുവിൻ. അവരുടെ ജീവിതങ്ങൾ ഭൗതികമായിരുന്നോ? അവരുടെ അപദാനങ്ങൾ പ്രാപഞ്ചിക സാമഗ്രികളുടെ സഹായത്താൽ സാധിച്ചവയാണോ? അല്ലാഹുവിന്റെ പ്രേമലബ്ധിക്കായി അവരുടെ ഹൃദയങ്ങൾ അഹോരാത്രം പിടക്കുകയായിരുന്നു. അതിന്നായി അവർ അവിശ്രമം പരിശ്രമിച്ചുകൊണ്ടിരുന്നു. അവരിൽ വിജയലാളിതരായവർക്ക് അല്ലാഹുവിന്റെ അത്ഭുതങ്ങളും അടയാളങ്ങളും ലബ്ധമായി. മററുസമുദായങ്ങളിൽനിന്നു അവരെ വേർതിരിച്ചു കാണിച്ച ആ വിശുദ്ധ ജീവിതത്തിന്റെ മധുരഫലങ്ങളാണവ. എന്നാൽ ഇന്നു ഹൈന്ദവരുടെയും ക്രൈസ്തവരുടെയും മററുസമുദായക്കാരുടെയും എതിരിൽ മുസ്ലിംകൾക്കു എന്തു വിശേഷതയാണുള്ളത്? അങ്ങനെയൊരു വിശേഷത ഇല്ലെങ്കിൽ, പിന്നെ ഇസ്ലാമിന്റെ ആവശ്യമെന്ത്? യഥാർത്ഥത്തിലോ, ഇസ്ലാമിന്നു അങ്ങനെയൊരു വൈശിഷ്ട്യം ഉണ്ട്. പക്ഷെ മുസ്ലിംകൾ അതിനെ വിസ്മൃതകോടിയിൽ തള്ളിക്കളഞ്ഞു. അല്ലാഹുവിന്റെ ഭാഷണം ശ്രവിക്കുന്നതിന്നുള്ള കവാടം ഇസ്ലാമിൽ എന്നന്നേക്കുമായി തുറന്നിടപ്പെട്ടിരിക്കുന്നു. അവനുമായി നേരിട്ടു ബന്ധം സ്ഥാപിക്കുവാനുള്ള വഴി അതിൽ എപ്പോഴും തുറന്നുകിടക്കുന്നു. ഇതാണ് ആ വൈശിഷ്ട്യം ഹസ്രത്ത് മുഹമ്മദു മുസ്തഫാ(സ) തിരുമേനിയുടെ ആത്മീയാനുഗ്രഹങ്ങളുടെ അർത്ഥം ഇതുതന്നെയാണ്. അല്ലാതെ നാം ''ബി, ഏ.''യോ ''എം. ഏ. യോ'' പാസ്സാകുകയല്ല. 'ബി. ഏ.' ബിരുദവും 'എം. ഏ.' ബിരുദവും ക്രിസ്ത്യാനിക്കും ലഭിക്കുന്നുണ്ടല്ലോ. തിരുമേനിയുടെ അനുഗ്രഹങ്ങളുടെ അർത്ഥം, നാം വലിയ വലിയ

വ്യവസായശാലകൾ നടത്തുകയും അല്ല. ഹിന്ദുവും ക്രൂസ്ത്യനും സിക്കുകാരനും എല്ലാം നടത്തുന്നുണ്ടല്ലൊ. നാം വലിയ വലിയ പാണ്ടികശാലകൾ തുറന്നു വിദൂര രാജ്യങ്ങളുമായി വ്യാപാരം നടത്തുകയെന്നതുമല്ല, തിരുമേനിയുടെ അനുഗ്രഹത്തിന്റെ ഫലം. ഹിന്ദുക്കളും കൃസ്ത്യാനികളും യഹൂദികളുമെല്ലാം അത്തരം വ്യാപാരങ്ങൾ ചെയ്യുന്നുണ്ടല്ലോ. എന്നാൽ ഹസ്രത്ത് സയ്യിദുൽ അമ്പിയാ മുഹമ്മദുമുസ്തഫാ (സ) തിരുമേനിയുടെ അനുഗ്രഹഫലം ഇതൊന്നുമല്ല. ആ മഹാത്മാവിനോടുള്ള അനുസരണം വഴി മനുഷ്യർക്കു അല്ലാഹുമായി അടുക്കുവാനും, അവനെ മനുഷ്യഹൃദയങ്ങൾക്കു കാണ്മാനും, അവനിൽ മനുഷ്യാത്മാക്കൾക്കുലയം പ്രാപിക്കുവാനും, അവന്റെ അമൃതഭാഷണങ്ങൾ അവർക്കു ശ്രവിക്കുവാനും, അവന്റെ നവംനവമായ അടയാളങ്ങളും അത്ഭുതങ്ങളും അവർമുഖേന വെളിപ്പെടുവാറാകുവാനും സംഗതിയാകും. ഇതാണ് ആ പ്രവാചകപ്രവരന്റെ അനശ്വരാനുഗ്രഹങ്ങളുടെ സാക്ഷാൽ പൊരുൾ. ആ പുണ്യപ്രവാചകന്റെ ദാസത്വം വരിക്കുകവഴിയല്ലാതെ ഇനി ലോകത്തൊരാൾക്കും സിദ്ധിക്കാത്ത ആ മഹാസിദ്ധിയാണിത്. ഇതൊന്നുമാത്രമാണ് ആ നബി പ്രമുഖന്റെ അനുയായികളെ ഇതരസമുദായങ്ങളിൽ നിന്നു പ്രത്യേകപ്പെടുത്തി കാണിക്കുന്നത്, ആ പ്രത്യേകതയിലേക്കാണ് വാഗ്ദത്ത മസീഹായി അവതരിച്ച ഹസ്രത്ത് അഹ്മദുൽ ഖാദിയാനി (അ) മുസ്ലിംകളുടെ ശ്രദ്ധയെ ക്ഷണിച്ചത്. തന്നെ നിരാകരിച്ചവരുടെ മുമ്പിൽ അദ്ദേഹം ഇതിനെ വച്ചു. എന്നിട്ടദ്ദേഹം അവരോടു പറഞ്ഞു: ഇതാ, കാണാതെപോയ ആ മുത്തിനെ അല്ലാഹു എനിക്കു തന്നു. കൈവിട്ടുപോയ ആ അമൂല്യാമൃതത്തെ അവനെനിക്കു ദാനം ചെയ്തു. ഈ അനുഗ്രഹമെല്ലാം ഹസ്രത്ത് റസൂൽകരീം (സ) തിരുമേനി മുഖാന്തരവും

ആ തിരുമേനിയോടുള്ള അനുസരണംവഴിയും എനിക്കു ലഭിച്ചതാണ്. അദ്ദേഹത്തിൻെറ ആശീർവ്വാദങ്ങൾ എന്നെ ആ സ്ഥാനത്തെത്തിച്ചു. ഇതിന്നു പുറമെ ഹസ്രത്ത് മസീഹ് മൌഊദ് (അ) മററു പലതും ചെയ്തു. അവയെല്ലാം മഹൽ കാര്യങ്ങൾ തന്നെയായിരുന്നെങ്കിലും, ഇതിന്നെതിരിൽ അവസ്ഥ ശാഖാപരമായ സ്ഥാനങ്ങളേ ഉള്ളു. ദീനിനു ദുൻയാവിനേക്കാൾ പ്രാമുഖ്യം കൽപിച്ചു ഭൗതികതയെ ആദ്ധ്യാത്മികതയെക്കൊണ്ട് വിജയിക്കുന്നതിനുള്ള ഈ സംരംഭം സമാരംഭിച്ചതാണ് അദ്ദേഹത്തിൻെറ അതുല്യങ്ങളായ മാററപ്പാ അപദാനങ്ങളിലും അതിപ്രധാനമായത്. തീർച്ചയായും ഈ വഴിയിലൂടെ ഇസ്ലാമിനു ഇതരമതങ്ങളുടെമേൽ വിജയം സിദ്ധിക്കും. പീരങ്കികൾകൊണ്ടും തോക്കുകൾകൊണ്ടും നാം നമ്മുടെ രാജ്യാതിർത്തികളെ സംരക്ഷിക്കും. അവയെകൊണ്ടു നാം നമ്മുടെ ചില ശത്രുക്കളെ ജയിക്കുകയും ചെയ്യും. എന്നാൽ മുഴവൻ ലോകത്തും ഇസ്ലാമിനു ജയം കരഗതമാകുന്നതു ഹസ്രത്ത് മസീഹ് മൌഊദ് (അ) കാണിച്ചുതന്ന ആ മാർഗ്ഗത്തിലൂടെയേ ആയിരിക്കയുള്ളു. മുസ്ലിംകൾ മുസ്ലിംകളായി തീരുമ്പോൾ അവർ ദീനിനെ ദുൻയാവിനെക്കാൾ മുന്തിച്ചുതുടങ്ങും. ആത്മീയ വസ്തുക്കളെ ജഡീകവസ്തുക്കളെക്കാൾ അവർ മതിച്ചു തുടങ്ങുന്നതോടൊപ്പം, പാശ്ചാത്യജാതികളുടെ സമ്പർക്കത്താൽ നമ്മുടെ നാട്ടിൽ സ്ഥലംപിടിച്ചിട്ടുള്ള സുഖലോലുപമായ ഈ ജീവിതരീതികളെല്ലാം തനിയേ നാടുവിട്ടു തുടങ്ങും. ആരുടെയും ഉപദേശങ്ങൾ കൂടാതെ സ്വമനസ്സാലെ തന്നെ മനുഷ്യൻ ആഡംബരഭ്രമങ്ങളോടു യാത്രപറഞ്ഞു അനാഡംബരമായ ജീവിതം കൈവരിക്കുകയും ചെയ്യും. അവൻെറ വാക്കുകൾ ഫലിപ്പിക്കുവാനുള്ള ഒരു ശക്തി ഉണ്ടായിവരും. അവൻെറ അയൽവാസി അവനെയനുകരിച്ചു ജീ

വിക്കാൻ ഉൽസുകനാകും. لو كانوا مسلمين ''തങ്ങളും മുസ്ലീംകൾ ആയെങ്കിലോ!'' (15 : 2) എന്നു മക്കക്കാർ പണ്ടു പറഞ്ഞിരുന്നപോലെ ക്രൈസ്തവരും ഹൈന്ദവരും മററു മതാനുയായികളുമെല്ലാം കൊതിപൂണ്ടു പറഞ്ഞു തുടങ്ങുകയും ചെയ്യും. അങ്ങനെ പറഞ്ഞു പറഞ്ഞു, മുസ്ലിംകൾ ആയി ഒടുവിൽ ആ മക്കക്കാർ തങ്ങളുടെ വാക്കുകൾക്കൊത്തു കർമ്മത്തിലും ആയിത്തീർന്നപ്രകാരം ഇവരും മുസ്ലിംകൾ ആയിത്തീരും. കാരണം, നല്ല കാര്യങ്ങളിൽ നിന്നു ആർക്കും വളരെ നാൾ വിദൂരപ്പെട്ടിരിക്കുക സാദ്ധ്യമല്ല. ആദ്യമായി ഒരാൾക്ക് ഒന്നിനോടു ഒരു പ്രതിപത്തി ഉണ്ടാകുന്നു. പിന്നീടു അതിനോടു അയാൾക്കു ആശ വർദ്ധിക്കുന്നു. പിന്നെ അയാൾ അതിലേക്കു ആകൃഷ്ടനായി തുടങ്ങുന്നു. ഒടുവിലയാൾ അറിയാതെതന്നെ അതിനെ അണയുന്നു. ഇതുതന്നെ ഇപ്പോഴും സംഭവിക്കും. ആദ്യമായി ഇസ്ലാം മുസ്‌ലിംകളുടെ ഹൃദയങ്ങളിൽ പ്രവേശിക്കും. അനന്തരം അതവരുടെ ശരീരങ്ങളിൽ വ്യാപരിക്കും. ഒടുവിൽ അവരെ അനുകരിക്കുന്നതിൽ അമുസ്‌ലിംകൾ ജാഗരൂകരായിക്കൊണ്ടുപോകും, അങ്ങനെ ലോകം മുസ്‌ലിംകളെക്കൊണ്ടു നിറയുകയും ഇസ്‌ലാം വിജയലാളിതമാവുകയും ചെയ്യും.

പ്രിയരെ ! ഈ ചെറിയൊരുപന്യാസത്തിൽ എല്ലാ തെളിവുകളെയും എടുത്തു വിവരിക്കുകയോ, ഇതുവഴിയായി അഹ്‌മദിയ്യാ സന്ദേശത്തിന്റെ എല്ലാ വശങ്ങളെയും നിങ്ങളുടെ മുമ്പാകെ വയ്ക്കുകയോ സാദ്ധ്യമല്ല. സംക്ഷിപ്തമായ നിലയിൽ അഹ്‌മദിയ്യത്തിന്റെ ആവശ്യവും ലക്ഷ്യവും നിങ്ങളുടെ മുമ്പിൽ ഞാനിതാ വച്ചിരിക്കുന്നു. ഈ ഉപന്യാസത്തിലടങ്ങിയ സംഗതികളെ

പ്പററി ചിന്തിക്കാനും എപ്പോഴെങ്കിലും ലോകത്തു മത പ്രസ്ഥാനങ്ങൾ വെറും ഭൗതികമായ വഴികളിലൂടെ ജയിച്ചിട്ടുണ്ടോ എന്നതിനെക്കുറിച്ചു ആലോചിക്കാനും ഞാൻ നിങ്ങളോടഭ്യത്ഥിക്കുന്നു. ആത്മശുദ്ധീകരണം, സൽപ്രബോധനം, ത്യാഗം ഇവ മൂലമേ മതസംരംഭങ്ങൾ എല്ലായ്പ്പോഴും വിജയിച്ചിട്ടുള്ളു. ഹസ്രത്ത് ആദമിൻെറ കാലം തുടങ്ങി ഇന്നോളം ആകാത്ത ഒരു കാര്യം ഇപ്പോഴും ആകുന്നതല്ല. ഇന്നുവരെ അല്ലാഹുവിൻെറ സന്ദേശം ലോകത്തു പ്രചരിച്ച വിധത്തിലേ ഇന്നും ഹസ്രത്ത് മുഹമ്മദു മുസ്തഫാ (സ) തിരുമേനി കൊണ്ടുവന്ന സന്ദേശവും ലോകത്തു പ്രചരിക്കയുള്ളു. ആകയാൽ, അല്ലാഹുവിൻെറ അനുഗ്രഹത്തിനുള്ള കവാടങ്ങൾ അതിവേഗം നിങ്ങൾക്കായി തുറക്കപ്പെടാനും ഇസ്ലാമിൻെറ പുരോഗതിക്കു വിളമ്പം നേരിടാതിരിക്കാനും ആയിട്ടു, നിങ്ങൾ നിങ്ങളുടെയും നിങ്ങളുടെ സന്താനങ്ങളുടെയും നിങ്ങളുടെ കുടുംബങ്ങളുടെയും നിങ്ങളുടെ ജനങ്ങളുടെയും നിങ്ങളുടെ രാഷ്ട്രത്തിൻെറയും നേരെ കനിഞ്ഞു, അല്ലാഹുവിൻെറ സന്ദേശത്തെ കേൾക്കുകയും മനസ്സിലാക്കുകയും ചെയ്യുവാൻ ശ്രമിക്കൂ. എന്നാൽ അല്ലാഹുവിൻെറ അനുഗ്രഹത്തിൻെറ കവാടങ്ങൾ നിങ്ങൾക്കുവേണ്ടി അതിവേഗം തുറക്കപ്പെടുകയും ഇസ്ലാമിൻെറ അഭിവൃദ്ധി പുറകോട്ടു തള്ളപ്പെടാതിരിക്കുകയും ചെയ്യും. തൽക്ഷണംതന്നെ നമുക്കു പ്രവത്തിക്കേണ്ടതായി പലതും ഉണ്ട്. നിങ്ങളുടെ വരവും നോക്കി പാക്കുകയാണ് ഞങ്ങൾ. ദൈവത്തിങ്കൽനിന്ന് സിദ്ധിക്കേണ്ടുന്ന വിജയത്തിനു അത്ഭുതങ്ങൾക്കും അടയാളങ്ങൾക്കുംപുറമെ, നമ്മുടെ ഭാഗത്തുനിന്നുള്ള പ്രചാരപ്രവൃത്തിയുടെയും ആവശ്യകതയുണ്ട്. വരുവിൻ, ഇസ്ലാമിൻെറ അഭിവൃ

ഢിക്കായി നാം വഹിക്കേണ്ടുന്ന ആ ചുമടിനെ ഞങ്ങളൊടൊപ്പം നിങ്ങളും വഹിപ്പിൻ. സംശയമന്യെ ഈ വഴിയിൽ ത്യാഗങ്ങൾ ചെയ്യുകയും ശകാരങ്ങൾ കേൾക്കുകയും മർദ്ദനങ്ങൾ സഹിക്കുകയും വേണ്ടിവരും. എന്നാൽ അല്ലാഹുവിൻെറ വഴിയിൽ, മരണമാണ് സാക്ഷാൽ ജീവിതം പ്രദാനം ചെയ്യുന്നതു. ആ മരണത്തെ വരിക്കാതെ ആക്കും അവനെ പ്രാപിക്കുക അസാദ്ധ്യമാണ്. അതിനെ നാം കൈവരിക്കാതെ ഇസ്ലാം വിജയിക്കയുമില്ല. ആകയാൽ മനോദാർഢ്യം വരുത്തുവിൻ. മൃത്യുവിൻെറ ആ ചഷകത്തെ അധരങ്ങളോടുചേർക്കുവിൻ. ഞങ്ങളുടെയും നിങ്ങളുടെയും മരണം മുഖാന്തരം ഇസ്ലാം ജീവിക്കട്ടെ. മുഹമ്മദുറസൂലുല്ലാഹി (സ) തിരുമേനിയുടെ ദീൻ വീണ്ടും പച്ചപിടിക്കട്ടെ. ആ മരണം വരിച്ചുകൊണ്ട് നമ്മുടെ ആ പരമമിത്രത്തിൻെറ മടിത്തട്ടിൽ ഇരുന്നു നിത്യജീവിതസുഖാനുഭൂതി അനുഭവിക്കുവാൻ നമുക്കും ഭാഗ്യം ലഭിക്കുമാറാകട്ടെ. അല്ലാഹുമ്മ. ആമീൻ!

വിനീതൻ,

ലാഹോർ,
27—10—1948

മിർസാ മഹ്മൂദ് അഹ്മദ്,
ഇമാം, അഹ്മദിയ്യാ ജമാഅത്ത്

Basheer Ahmed Manjesh

**'AHMADIYYA SANDESHAM'** is the Malayalam rendering of an essay prepared by Hazrath Khaleefathul Maseeh II and read out at the Sialkot anniversary gathering on 31st October 1948.

The essay has been translated into Malayalam by Late Moulana Abdullah Sahib H. A. and Marhoom H. Husain Sahib. The first edition appeared in 1949 and the second in 1966. The present publication by the Ahmadiyya Muslim State Committee, Calicut, is the third one.

The booklet contains the clarifications of certain common misunderstandings regarding Ahmadiyyath. The points dealt with are (1) Khathamunnubuvvath. (2) Angels and Satan. (3) Salvation. (4) Hadith and 'Ijmaa'. (5) Destiny (6) Jihad.

The topics further on discussed are (1) Why the Jamaath broke away from the mainstream of other Muslims. (2) The goal of Ahmadiyya Movement (3) Why the Movement exists as a seperate entity. (4) The achievements of the Movement (5) Prophecies of the Holy Prophet regarding the appearance of Mahdi (6) Khilafath and (7) The spirit of true prayer.

—Publishers